APRIL 2024
Volume 56
Issue 7

06 അലങ്കാര മത്സ്യ മേഖലയിലെ ധന്യവിജയം കേരള അക്വേറിയം

14 പെണ്ണൊരുമയുടെ പിങ്ക് ബാസ്കറ്റ്

സംസ്ഥാന വ്യവസായവാണിജ്യ വകുപ്പ് പ്രസിദ്ധീകരണം

# വ്യവസായ കേരളം

VYAVASAYA KERALAM




വീടിന്റെ നിർമ്മാണ ചിലവും, ചൂടും
ഇനി ഒരുപോലെ കുറയ്ക്കാൻ
MBricks
ഉപയോഗിക്കു!
ANOOP'S
M-BRICK
100% പൂപ്പൽ,
ചിതൽ പ്രതിരോധം
പരമാവധി ലോഡ്
ബെയറിംഗ് കപ്പാസിറ്റി
ഉയർന്നചൂട് പ്രതിരോധം
MBRICKS
മികച്ച വിലയ്ക്ക് ബുക്ക് ചെയ്യുക!
79 07 23 85 91, 99 47 61 51 58


www.krishnascart.com
www.krishnacoffeeworks.com
SINCE 1952
Krishna's
DISTRIBUTORS
INVITED
70 YEARS
SINCE 1952
OF EXCELLENCE & TASTE
JAGGERY POWDER
KRISHNA
CHUKKU KAPPI
Coffee Time
Coffee Time
FILTER COFFEE
Winner Tea
ROASTED RAGI POWDER
SINCE 1952
Krishna's
Marketed & Manufactured by
KRISHNA COFFEE WORKS
Door No. 11/1345 Market Road, Palakkad, Kerala, India - 678014
79077 74398

Vyavasaya Keralam
വ്യവസായകേരളം
www.keralaindustry.org

ഏപ്രിൽ 2024
APRIL 2024

പുസ്തകം 56
Volume 56

ലക്കം 7
Issue 7

# ഉള്ളടക്കം














06 അലങ്കാര മത്സ്യ മേഖലയിലെ ധന്യവിജയം കേരള അക്വേറിയം
കെ.എൽ. അജയകുമാർ

08 സാഡിൽ നിർമാണം
ഡോ. ബൈജു നെടുങ്കേരി

10 വ്യാപാരി കൂട്ടായ്മയുടെ 'വിന്റർഫീൽ ഗാർമെന്റ്സ്'
ബിനോയ് ജോർജ് പി

14 പെണ്ണൊരുമയുടെ പിങ്ക് ബാസ്കറ്റ്
എഴുമാവിൽ രവീന്ദ്രനാഥ്

18 ഓജസ്സിനായി മില്ലറ്റ് ഭക്ഷ്യോത്പന്നങ്ങളുമായി സ്വോജസ് ഫാംസ്
ഇന്ദു കെ.പി.

22 വ്യവസായ കേരളം മാറുന്നു
ജി. കൃഷ്ണപിള്ള

30 ചിന്തകൾ നിയന്ത്രിക്കുന്ന സാങ്കേതിക വിദ്യ – ന്യൂറോ ടെക്നോളജി
ലോറൻസ് മാത്യു

34 ഉയർന്ന വിറ്റുവരവ് ലക്ഷ്യമിട്ട് കശുവണ്ടി വികസന കോർപറേഷൻ
മനോജ് മാതിരപ്പള്ളി

39 തെരുവു കച്ചവടക്കാരൻ മുതൽ സംസാരിക്കുന്ന മൃഗങ്ങൾ വരെ അതിരുകളില്ലാത്ത മാർക്കറ്റിംഗ് തന്ത്രങ്ങൾ
ഡോ. സുധീർ ബാബു

46 റബ്ബർ വ്യവസായ മേഖലയ്ക്ക് പ്രതീക്ഷ പകർന്ന് CFSC C-GATE
ശ്യാം എസ്.

48 കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ നടപ്പാക്കുന്ന രണ്ട് വായ്പാ പദ്ധതികൾ
റ്റി. എസ്. ചന്ദ്രൻ



# മുഖക്കുറിപ്പ്

**ശ്രീ. എസ്. ഹരികിഷോർ** ഐ.എ.എസ്
ഡയറക്ടർ, വ്യവസായ വാണിജ്യ വകുപ്പ്

## ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക്

**ഭാവി** തലമുറയിലൂടെ ശക്തമായ ഒരു വ്യവസായ വളർച്ച സാധ്യമാക്കുന്നതിന് വ്യവസായ വകുപ്പ് മുൻകൈ എടുത്ത് നിരവധി പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇ ഡി ക്ലബ്ബുകളുടെ പ്രവർത്തനത്തിനാവശ്യമായ സഹായങ്ങൾ വകുപ്പ് നൽകി വരുന്നത് ഇതിനുദാഹരണമായി ചൂണ്ടിക്കാട്ടാവുന്നതാണ്. ക്യാമ്പസുകളിൽ നിന്നും ധാരാളം നൂതന ആശയങ്ങൾ രൂപപ്പെടുന്നു എന്നതിനാൽ വ്യവസായ വളർച്ചയ്ക്ക് ഉതകുംവിധം വിദ്യാർത്ഥികളിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. ഇതിനായി ഇൻക്യുബേഷൻ സെന്ററുകൾക്കുള്ള സൗകര്യങ്ങൾ ഒരുക്കി നൽകി വരുന്നുണ്ട്. സംരംഭങ്ങളുടെ പ്രവർത്തനങ്ങളെ നേരിൽ കണ്ട് ക്യാമ്പസുകളിൽ നിന്നു തന്നെ സംരംഭകത്വത്തെ കുറിച്ചുള്ള പ്രാഥമിക അറിവ് നേടുന്നതിന് വിദ്യാർത്ഥികൾക്ക് അവസരം ഒരുക്കേണ്ടതുണ്ട്. കൂടാതെ, നിലവിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടക്കുന്ന ഗവേഷണ പ്രവർത്തനങ്ങളിലൂടെ കണ്ടെത്തുന്ന പല നൂതന ഉത്പന്നങ്ങളും വ്യാവസായികമായി ഉല്പാദിപ്പിക്കപ്പെടുന്നില്ല എന്ന് കാണാവുന്നതാണ്. ഇതിനായി താത്പര്യമുള്ള സംരംഭകർക്ക് വിദ്യാഭ്യാസ സ്ഥാപനവുമായി ബന്ധപ്പെട്ട് ഇത്തരത്തിലുള്ള ഗവേഷണത്തിലൂടെ കണ്ടെത്തുന്ന നൂതന ഉത്പന്നങ്ങൾ വിപണിയിൽ ലഭ്യമാക്കുന്നതിനുള്ള സൗകര്യം ഒരുക്കി നൽകാവുന്നതാണ്. ഈ വിഷയങ്ങൾക്ക് ഒരു പരിധി വരെയുള്ള പരിഹാരമായി സർക്കാർ ആവിഷ്ക്കരിച്ചിരിക്കുന്ന നവീന പദ്ധതിയാണ് ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതി.

കേരളത്തിന്റെ പാരിസ്ഥിതിക സ്ഥിതി പരിഗണിച്ചു ക്യാമ്പസുകൾക്ക് അനുയോജ്യമായ സംരംഭങ്ങൾ നടത്തുന്നതിന് ഉന്നത/ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കീഴിലുള്ള ഉപയോഗശൂന്യമായി കിടക്കുന്ന ഭൂമി വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നതിന് ഉപയോഗപ്പെടുത്താം എന്നതാണ് പദ്ധതി വഴി ലക്ഷ്യമിടുന്നത്. ഉന്നത/ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോടനുബന്ധിച്ച് ക്യാമ്പസ് വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതു വഴി വിദ്യാർത്ഥി സമൂഹത്തിൽ സംരംഭകത്വം വളർത്താനും, വ്യവസായ സ്ഥാപനങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തുന്നതിനും കഴിയുന്നതാണെന്ന് വിലയിരുത്തിയിട്ടുണ്ട്. കൂടാതെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടക്കുന്ന ഗവേഷണ പ്രവർത്തനങ്ങളിലൂടെ കണ്ടെത്തുന്ന നൂതന ഉൽപ്പന്നങ്ങളുടെ വ്യാവസായിക ഉത്പാദനം വേഗത്തിൽ ആരംഭിക്കുന്നതിനുള്ള സംവിധാനം ഇതിലൂടെ ആവിഷ്ക്കരിക്കാൻ കഴിയുന്നതുമാണ്.

ഇൻഡസ്ട്രിയൽ പാർക്ക് വികസിപ്പിക്കാൻ കുറഞ്ഞത് 5 ഏക്കർ ഭൂമി കൈവശമുള്ള (സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി നിർമ്മിക്കാൻ കുറഞ്ഞത് 2 ഏക്കർ) ഉന്നത/ സങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ (ആർട്സ് & സയൻസ് കോളേജുകൾ, പ്രൊഫഷണൽ കോളേജുകൾ, പോളി ടെക്നിക്കുകൾ, ഐ ടി ഐ കൾ മുതലായവ), സർവകലാശാലകൾ എന്നിവയ്ക്ക് കാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് ഡെവലപ്പർ പെർമിറ്റ് ലഭിക്കുന്നതിന് അപേക്ഷിക്കാം. വൈദ്യുതി, ജലം, റോഡ്, ഡ്രെയിനേജ്, ETP/ CETP തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ, ലബോറട്ടറി, ടെസ്റ്റിംഗ് സർട്ടിഫിക്കേഷൻ തുടങ്ങിയ പൊതു സൗകര്യങ്ങളും ഒരുക്കുന്നതിന് ഡെവലപ്പർക്ക്, ഏക്കറിന് 20 ലക്ഷം രൂപ നിരക്കിൽ പരമാവധി 1.50 കോടി രൂപ ധനസഹായം. ഓരോ ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കിനും ഓരോ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് രൂപീകരിക്കും. വ്യവസായം തുടങ്ങാൻ വേണ്ട അനുമതികൾ ബോർഡിന് നൽകാൻ സാധിക്കും.

വിദ്യാഭ്യാസ വകുപ്പിന്റെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് സഹിതം വ്യവസായ വകുപ്പിന്റെ ഓൺലൈൻ പോർട്ടൽ വഴി അപേക്ഷ സമർപ്പിക്കാം. ജില്ലാതലത്തിലുള്ള സൈറ്റ് സെലക്ഷൻ കമ്മിറ്റി സ്ഥലം പരിശോധന നടത്തുകയും ഫീസിബിലിറ്റി റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുകയും ചെയ്യും. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ തലത്തിൽ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാൻ ആയ കമ്മിറ്റി ഡെവലപ്മെന്റ് പെർമിറ്റ് കൊടുക്കാനുള്ള അംഗീകാരം നൽകും. ഈ കമ്മിറ്റിയിൽ വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയും മറ്റ് വകുപ്പ് സെക്രട്ടറിമാരും അംഗങ്ങൾ ആയിരിക്കും. ■

ഒപ്പ്
**ചീഫ് എഡിറ്റർ**

**വ്യവസായ കേരളം**

**ചീഫ് എഡിറ്റർ**
**ശ്രീ. എസ്. ഹരികിഷോർ** ഐ.എ.എസ്
ഡയറക്ടർ,
വ്യവസായ വാണിജ്യ വകുപ്പ്

**എഡിറ്റർ**
ബിജു പി.ബി.

**കവർ, ഡിസൈൻ & ലേഔട്ട്**
ദീപക് മൗത്താട്ടിൽ

**ടൈപ്പ് സെറ്റിംഗ്**
വി. അഭിലാഷ്

**എഡിറ്റോറിയൽ ഓഫീസ്**
വ്യവസായകേരളം
ഡോക്യുമെന്റേഷൻ സെന്റർ
ഡി.ഐ.സി. ബിൽഡിങ്
വെള്ളയമ്പലം
തിരുവനന്തപുരം - 695 033

**ഫോൺ: 6238302158**
**ഇമെയിൽ-**
vyavasayakeralam@gmail.com
**വെബ്സൈറ്റ്-**
https://vyavasayakeralam.industry.kerala.gov.in
www.keralaindustry.org
www.industry.kerala.gov.in

**അഡ്മിനിസ്ട്രേറ്റീവ് സപ്പോർട്ട്**
സിമിചന്ദ്രൻ വി.ആർ.,
സുചിത്ര ഭാസ്കർ,
ക്ലാരമ്മ ജെയിംസ്,
അനിത എസ്.,
സംസം എസ്.,
ഡോണാമോൾ ഈനാസ്,
അരുൺ എസ്.,
ബേബി. വൈ.
രാമകൃഷ്ണൻ എഴുത്തച്ഛൻ

ലേഖകരുടെ അഭിപ്രായങ്ങൾ
സർക്കാരിന്റേതായിരിക്കണമെന്നില്ല.
അവയുടെ ഉത്തരവാദിത്വം
ലേഖകർക്ക് മാത്രമാണ്.



**ശ്രീ. പി. രാജീവ്**
വ്യവസായം, വാണിജ്യം,
നിയമം, കയർ വകുപ്പ് മന്ത്രി

# അഭിമാനമായി കെൽട്രോൺ

**സമീപകാലത്ത്** കെൽട്രോൺ പങ്കെടുത്ത മിഷനുകളും നേടിയ അംഗീകാരങ്ങളും മലയാളികൾക്കാകെ അഭിമാനം സമ്മാനിക്കുന്ന കാര്യങ്ങളാണ്. രാജ്യത്തിന്റെ അഭിമാന മിഷനുകളായ ആദിത്യയിലും ചാന്ദ്രയാനിലും ഗഗൻയാനിലും ഭാഗമായിരിക്കുന്നു കെൽട്രോൺ. വിവിധ സംസ്ഥാനങ്ങളിൽ നിന്ന് സഹസ്രകോടികളുടെ ഓർഡറുകൾ നേടിയെടുത്തിരിക്കുന്നു കെൽട്രോൺ. മികവോടെയുള്ള പ്രവർത്തനങ്ങൾ കാണാൻ കർണാടക, മഹാരാഷ്ട്ര, തമിഴ്നാട് തുടങ്ങി വിവിധ സംസ്ഥാനങ്ങളിൽ നിന്നെത്തിയ സർക്കാർ സംഘങ്ങൾ നൽകിയ പ്രശംസയും മറ്റൊരു അംഗീകാരം തന്നെ. ഒപ്പം സ്ഥാപനത്തിന് പുതിയ നേതൃനിരയും. പൊതുമേഖലയെ വിറ്റുതുലക്കുന്നവരോട് പൊതുമേഖല ബദലാണെന്ന് പ്രഖ്യാപിക്കുന്ന മറ്റൊരു കേരള മോഡൽ. 1000 കോടിയുടെ വിറ്റുവരവ് ലക്ഷ്യമിടുന്നതിനൊപ്പം രാജ്യത്തിന്റെ ഇലക്ട്രോണിക്സ് ഹബ്ബാകാൻ ശ്രമിക്കുന്ന കേരളത്തിന് കെൽട്രോൺ ആയിരിക്കും കരുതലും കൈത്താങ്ങും.

കേരളത്തിന്റെ അഭിമാനമായ കെൽട്രോൺ തമിഴ്നാട് സർക്കാരിൽ നിന്നും ആയിരം കോടി രൂപയുടെ മെഗാ ഓർഡർ നേടിയെടുത്തുവെന്ന സന്തോഷം നിങ്ങളുമായി പങ്കുവെക്കുകയാണ്. മറ്റ് നിരവധി കമ്പനികളുമായി പൊരുതി മത്സരാധിഷ്ഠിത ടെന്ററിലൂടെയാണ് കെൽട്രോണിന്റെ ഈ നേട്ടമെന്നത് സന്തോഷത്തിന്റെ മാറ്റ് കൂട്ടുന്നു. തമിഴ്നാട് സർക്കാരിന് കീഴിലുള്ള തമിഴ്നാട് ടെക്സ്റ്റ് ബുക്ക് &എഡ്യൂക്കേഷണൽ സർവീസ് കോർപ്പറേഷൻ പരസ്യപ്പെടുത്തിയ മൂന്ന് വിവിധ ടെൻഡറുകൾ ആണ് കെൽട്രോൺ സ്വന്തമാക്കിയത്. മൂന്ന് ടെൻഡറുകളുടെയും മൊത്തം മൂല്യം നികുതി ഉൾപ്പടെ 1076 കോടി രൂപയാണ്. തമിഴ്നാട്ടിലെ 7985 സ്കൂളുകളിൽ 8209 ഹൈടെക് ഐ ടി ലാബുകളും അവയുടെ ഏകോപനത്തിനായുള്ള കമാൻഡ് &കൺട്രോൾ സെന്റർ സ്ഥാപിച്ച് പരിപാലനവും അറ്റകുറ്റപ്പണികളും ഉൾപ്പെടെ നിർവഹിക്കുന്നതിന് 519 കോടി രൂപയുടെ ഓർഡറും, തമിഴ്നാട്ടിലെ വിവിധ സ്കൂളുകളിൽ 22931 സ്മാർട്ട് ക്ലാസ് റൂമുകൾ സ്ഥാപിച്ച് അവയുടെ പരിശോധനയും കമ്മീഷനിങ്ങും അറ്റകുറ്റപ്പണികളും നടത്തുന്നതിനായി 455 കോടി രൂപയുടെ ഓർഡറും തമിഴ് നാട്ടിലെ പ്രൈമറി സ്കൂളിലെ അധ്യാപകരുടെ ഉപയോഗത്തിനായുള്ള 79723 ടാബ് ലറ്റ് കമ്പ്യൂട്ടറുകൾ നൽകുന്നതിനായി 101 കോടി രൂപയുടെ ഓർഡറുമാണ് ഈ മെഗാ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഹൈടെക്ക് ലാബുകളുടെ ഏകോപനം കേന്ദ്രീകൃതമായി കമാൻഡ് &കൺട്രോൾ സെൻറർ വഴിയാണ് നിർവഹിക്കുന്നത്. ഇതിന്റെ അഞ്ചു വർഷത്തേക്കുള്ള ദൈനംദിന പ്രവർത്തനങ്ങളും അറ്റകുറ്റപ്പണികളും പദ്ധതിയുടെ ഭാഗമായി കെൽട്രോൺ നിർവഹിക്കും. സ്മാർട്ട് ക്ലാസ് റൂമുകളുടെ അഞ്ചു വർഷത്തെ ഓൺസൈറ്റ് വാറണ്ടിയും സേവനവും കെൽട്രോൺ നൽകുന്നതായിരിക്കും.

ഹൈടെക് ക്ലാസ് റൂമുകൾ ഒരുക്കുന്നതിൽ 12 വർഷത്തോളം പ്രവർത്തന പരിചയം കെൽട്രോണിനുണ്ട്. കേരളത്തിൽ സ്കൂളുകളിൽ കെൽട്രോൺ നടപ്പിലാക്കിയിട്ടുള്ള മികച്ച പ്രവർത്തനങ്ങളാണ് തമിഴ്നാട്ടിലെ മെഗാ ഓർഡർ ലഭിക്കുന്നതിനുള്ള പ്രീക്വാളിഫിക്കേഷൻ സഹായിച്ചത്. കൂടാതെ ഈ വർഷം ഒഡീഷയിൽ നിന്നും സ്മാർട്ട്ക്ലാസ്സുകൾ സ്ഥാപിക്കുന്നതിന് ലഭിച്ച 168 കോടി രൂപയുടെ ഓർഡറും തമിഴ് നാട്ടിൽ നിന്നും ഈ മെഗാ ഓർഡർ നേടാൻ സഹായകമായിട്ടുണ്ട്. തമിഴ് നാട് സർക്കാരിൽ നിന്നും ലഭിച്ച മെഗാ ഓർഡറിന്റെ ചുവടുപിടിച്ച് മറ്റ് സംസ്ഥാനങ്ങളുടെ വിദ്യാഭ്യാസ മേഖലയിൽ നിന്നും സമാന ഓർഡറുകൾ കെൽട്രോൺ പ്രതീക്ഷിക്കുന്നുണ്ട്. ■

**കെ. എൽ. അജയകുമാർ**



# അലങ്കാര മത്സ്യ മേഖലയിലെ ധന്യവിജയം
# കേരള അക്വേറിയം



**കേരളത്തിൽ,** അലങ്കാര മത്സ്യ വിനോദത്തിനും പരിപാലനത്തിനുമുള്ള ആധുനിക സജ്ജീകരണങ്ങളെയും അനുബന്ധ ഉപകരണങ്ങളെയും ജനകീയമാക്കുന്നതിൽ വിജയം വരിച്ച നവ സംരംഭമാണ് കേരള അക്വേറിയം. വർക്കലയിൽ ചെറുകുന്നം എന്ന പ്രദേശത്ത് ചെറു സംരംഭമായി ആരംഭിച്ച കേരള അക്വേറിയം, ഇന്ന് തിരുവനന്തപുരം ജില്ലയിലെ ഏറ്റവും മികച്ച സംരംഭകയ്ക്കുള്ള കേരള സർക്കാരിന്റെ വ്യവസായ വകുപ്പ് നൽകുന്ന അവാർഡ് കരസ്ഥമാക്കിയിരിക്കുന്നു.

സംരംഭം തുടങ്ങാനുള്ള താൽപര്യം മാത്രമുണ്ടെങ്കിലും കേരളത്തിൽ അത് ആരംഭിച്ച് വിജയത്തിലെത്തിക്കാൻ സാധിക്കുമെന്നതിന് ഏറ്റവും നല്ല തെളിവാണ് കേരള അക്വേറിയത്തിന്റെ വിജയ ഗാഥ. 2018 ലാണ് ധന്യശ്രീ മോഹനും ഭർത്താവ് സജി ഭുവനചന്ദ്രനും ചേർന്ന് സംരംഭം ആരംഭിക്കുവാൻ തീരുമാനിക്കുന്നത്. അലങ്കാര മത്സ്യങ്ങളോടുള്ള സജിയുടെ താൽപര്യമാണ് ഇങ്ങനെയൊരു മേഖലയിൽ സംരംഭം ആരംഭിക്കാമെന്ന തീരുമാനത്തിലേയ്ക്ക് നയിച്ചത്. കൂടാതെ, അലങ്കാര മത്സ്യങ്ങളോട് പൊതുജനങ്ങൾക്കിടയിൽ വർദ്ധിച്ച് വരുന്ന താൽപര്യവും ഇത്തരമൊരു സംരംഭം ആരംഭിക്കുന്നതിന് പ്രചോദനമായി. തനിക്ക് ടൂറിസവുമായി ബന്ധപ്പെട്ട് കുറച്ച് കാലം പ്രവർത്തിക്കാനായതും സജിയുടെ സെയിൽസ് മാനേജർ ജോലിയിൽ നിന്നും ലഭിച്ച അറിവുകളും ഈ മേഖലയിൽ ഉപകാരപ്പെട്ടുവെന്ന് ധന്യശ്രീ പറയുന്നു. എങ്കിലും സംരംഭം ആരംഭിക്കുന്നതിന് മുന്നേ അലങ്കാര മത്സ്യ വിപണിയെ കുറിച്ചും അതിന്റെ സാധ്യതകളെ കുറിച്ചും ഇരുവരും പഠിച്ചു. അതിനായി ഇന്ത്യയ്ക്കകത്ത് ഇത്തരം സംരംഭങ്ങൾ നേരിൽ കാണുകയും പുതു സജ്ജീകരണങ്ങളെയും അനുബന്ധ സംവിധാനങ്ങളെയും പരിചയപ്പെടുകയും ചെയ്തു. സംരംഭകർ അവരുടെ സംരംഭക മേഖലയിലെ മികച്ച പഠിതാക്കളായിരിക്കണം എന്നാണ് ധന്യശ്രീയുടെ അഭിപ്രായം.

സംരംഭങ്ങൾ ആരംഭിക്കുന്നവർ മാനസികമായി നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി നെഗറ്റീവ് അഭിപ്രായങ്ങളാണെന്നാണ് ഈ സംരംഭകയുടെ അഭിപ്രായം. അതിനെ നേരിടാനായാൽ തീർച്ചയായും സംരംഭത്തെ വിജയത്തിലെത്തിക്കാൻ സാധിക്കുമെന്നതിന് തെളിവാണ് കേരള അക്വേറിയമെന്നും അവർ പറയുന്നു. സംരംഭം എവിടെ ആരംഭിക്കുമെന്നായിരുന്നു ആദ്യത്തെ വെല്ലുവിളി. വീടിന്റെ മട്ടുപ്പാവിൽ ആരംഭിക്കാം എന്ന തീരുമാനത്തിന് ഏറെ നെഗറ്റീവ് അഭിപ്രായങ്ങൾ വന്നുവെന്ന് ഇവർ പറയുന്നു. എന്നാൽ മട്ടുപ്പാവിൽ വൻമരങ്ങൾ വരെ കൃഷി ചെയ്യുന്ന ഇക്കാലത്ത് വീട്ടിനടുത്തെന്നല്ല, വീട്ടിന് മുകളിൽ തന്നെ ഒരു സംരംഭം എന്തുകൊണ്ട് ആരംഭിച്ചുകൂടാ എന്ന ചിന്ത അവിടെ തന്നെ സംരംഭം ആരംഭിക്കുന്നതിലേയ്ക്ക് നയിച്ചു. തിരിഞ്ഞ് നോക്കുമ്പോൾ ഏറ്റവും നല്ല തീരുമാന മായിരുന്നു അതെന്ന് സംരംഭക ഉറപ്പിച്ച് പറയുന്നു. വീട്ടിലെ കാര്യങ്ങൾ നോക്കുന്നതിനും കുട്ടികളെ ശ്രദ്ധിക്കുന്നതിനും ഒപ്പം ബിസിനസിനെ വിജയത്തിലേയ്ക്ക് നയിക്കാൻ സാധിച്ചതിന് ഇതും ഒരു കാരണമായിരുന്നെന്നാണ് ധന്യശ്രീ പറയുന്നത്.

2018 ൽ സംരംഭം ആരംഭിക്കുന്നതിനെ കുറിച്ച് ആലോചിച്ചപ്പോൾ തന്നെ ധന്യശ്രീയും സജിയും വ്യവസായ വകുപ്പുമായി ബന്ധപ്പെട്ടിരുന്നു. വ്യവസായ വകുപ്പിന്റെ സഹായത്തോടെ പി.എം.ഇ.ജി.പി സ്കീം വഴി ആവശ്യമായ മൂലധനം ആർജ്ജിക്കാൻ തീരുമാനിച്ചു. തുടർന്ന് വർക്കല മുനിസിപ്പാലിറ്റി പരിധിയിലെ വ്യവസായ വികസന ഓഫീസറിന്റെ നേരിൽ കണ്ട് നിർദ്ദേശങ്ങൾ സ്വീകരിച്ചു. അങ്ങനെയാണ് വനിതകൾക്കും യുവ സംരംഭകർക്കും സർക്കാർ നൽകുന്ന അധിക പരിഗണനകളെ കുറിച്ച് അറിയാനിടയായത്. തുടർന്ന് ധന്യശ്രീയുടെ പേരിൽ സംരംഭം തുടങ്ങുകയായിരുന്നു. ഇന്ത്യൻ ബാങ്ക് വർക്കല ബ്രാഞ്ചിൽ നിന്നും പി.എം.ഇ.ജി.പി സ്കീം വഴി ഏഴ് ലക്ഷം രൂപ ലോൺ സമാഹരിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. ആകെ നിക്ഷേപം ക്രമേണ പതിനഞ്ച് ലക്ഷം രൂപയായി ഉയർന്നു. 2019 മാർച്ചിൽ സംരംഭം ആരംഭിച്ചു. അലങ്കാര മത്സ്യ വിപണനത്തിനുള്ള സജ്ജീകരണങ്ങളും ഉപകരണങ്ങളും ക്രമീകരിച്ച് നൽകുക, അവയുടെ പരിപാലനം കാലാകാലങ്ങളിൽ ചെയ്തുകൊടുക്കുക, അനുബന്ധ അലങ്കാര സംവിധാനങ്ങൾ നിർമ്മിക്കുക മുതലായവയാണ് യൂണിറ്റിൽ പ്രധാനമായും ചെയ്തു വരുന്നത്.










അലങ്കാര മത്സ്യങ്ങളുടെ വിപണനവും ഇതോടൊപ്പം ചെയ്യുന്നുണ്ട്. വ്യവസായ വകുപ്പിൽ നിന്നും ലഭിച്ച സഹായങ്ങൾക്ക് പരിധിയില്ലെന്നായിരുന്നു ഇവർ പറഞ്ഞത്.

**വിലാസം:**

ധന്യശ്രീ മോഹൻ,
കേരള അക്വേറിയം,
ശ്രീ മോഹനം, റെയിൽവേ
സ്റ്റേഷന് സമീപം,
ചെറുകുന്നം, വർക്കല. പി.ഓ.
ഫോൺ - 9496549195



ഡോ. ബൈജു നെടുങ്കേരി



# സാഡിൽ നിർമാണം

**കേരളത്തിൽ** സംരംഭകത്വ വർഷാചരണം 2.O യും വലിയ വിജയമായി മാറിയിരിക്കുന്നു. ഈ സാമ്പത്തിക വർഷവും ഒരു ലക്ഷത്തിലധികം സംരംഭങ്ങൾ കേരളത്തിൽ ആരംഭിച്ചിരിക്കുന്നു. ചെറുകിട ഉല്പാദന യൂണിറ്റുകളാണ് കൂടുതലായി ആരംഭിച്ചിട്ടുള്ളത്. കഴിഞ്ഞ രണ്ട് വർഷങ്ങളിലും നടത്തിയ ഇടപെടലും ഏകോപന വുമാണ് ഈ നേട്ടത്തിലേക്ക് എത്താൻ കേരളത്തെ സഹായിച്ചത്. മലയാളികളുടെ സംരംഭകത്വത്തോടും സംരംഭകരോടുമുള്ള മനോഭാവത്തിലും മാറ്റങ്ങൾ വന്നിരിക്കുന്നു. ഈ മാറ്റം ശുഭസൂചകമാണ്, ഈ മുന്നേറ്റം തുടർന്നാൽ വരുന്ന 5 വർഷം കൊണ്ട് കേരളം ഒരു സംരംഭകത്വ സൗഹൃദ സംസ്ഥാനമായി മാറും. നമ്മുടെ വരും തലമുറക്ക് സ്വന്തം നാട്ടിൽ തന്നെ തൊഴിൽ എടുക്കുന്നതിനും മാന്യമായി വരുമാനം ആർജിക്കുന്നതിനുമുള്ള അവസരം ഒരുങ്ങും. കൂടുതൽ ആളുകൾ സംരംഭകത്വത്തിലേക്ക് കടന്നു വരുന്നത് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും സമ്പദ്‌വ്യവസ്ഥയിൽ ഉണർവുണ്ടാകുകയും ചെയ്യും. ഉല്പാദന സംരംഭമായി കേരളത്തിൽ ആരംഭിക്കാൻ കഴിയുന്ന സംരംഭമാണ് സാഡിൽ നിർമാണം.

## സാഡിൽ

കോൺട്യൂസ് പൈപ്പുകളും,പി വി സി പൈപ്പുകളും ഭിത്തിയിൽ ഉറപ്പിക്കുന്നതിന് ഉപയോഗിക്കുന്ന അർദ്ധവൃത്താകൃതിയിലുള്ള ഉൽപ്പന്നമാണ് സാഡിൽ. 20 mm മുതൽ 75 mm വരെയുള്ള സാഡിലുകൾക്കാണ് വിപണിയിൽ കൂടുതൽ ആവശ്യകതയുള്ളത്. ഓട്ടോമാറ്റിക് യന്ത്രം ഉപയോഗിച്ചാണ് സാഡിലുകളുടെ നിർമാണം നടത്തുന്നത്. സ്റ്റീൽ സാഡിലുകളും, ഗാൽവനൈസ്ഡ് അയൺ സാഡിലുകളും വിപണിയിൽ എത്തുന്നുണ്ട്.

## അസംസ്കൃത വസ്തു

0.5 mm തിക്ക്നസുള്ള സ്റ്റീൽ കോയിലുകളും ഗാൽവനൈസ്ഡ് അയൺ കോയിലുകളുമാണ് സാഡിലുകളുടെ നിർമാണത്തിന് ഉപയോഗിക്കുന്നത്. മധ്യപ്ര ദേശിൽ നിന്നും കോയിലുകൾ ഹോൾസെയിൽ വിലക്ക് ലഭിക്കും. കേരളത്തിലുള്ള ഡീലർമാർ വഴിയും കോയിലുകൾ ലഭിക്കും.

## സാധ്യത

വയറിങ്, പ്ലംബിങ് മേഖലയിൽ ഒഴിച്ചുകൂടാനാകാത്ത ഉല്പന്നമാണ് സാഡിലുകൾ. നിലവിൽ സാഡിലുകൾ അന്യ സംസ്ഥാനങ്ങളിൽ നിന്നാണ് കേരളത്തിലേക്ക് എത്തുന്നത്. കേരളത്തിൽ നിലവിലുള്ള മാർക്കറ്റ് തന്നെയാണ് സാഡിലുകളുടെ നിർമാണത്തിന്റെ ഏറ്റവും വലിയ സാധ്യത. മനുഷ്യാധ്വാനം കുറവുള്ള ഒരു സംരംഭമാണ്. 2 ജീവനക്കാരാണ് ഉല്പാദന പ്രക്രിയയിൽ ആവശ്യമുള്ളത്.

## മാർക്കറ്റിംഗ്

ഇലക്ട്രിക്കൽ പ്ലംബിംങ് വിതരണക്കാരെ കണ്ടെത്തിയുള്ള മാർക്കറ്റിങ്ങാണ് ഗുണകരം. പത്രങ്ങളിൽ ക്ലാസിഫൈഡ് പരസ്യങ്ങൾ നൽകിയും സാമൂഹിക മാധ്യമങ്ങളെ ഉപയോഗപ്പെടുത്തിയും വിതരണക്കാരെ കണ്ടെത്താനാകും. നിലവിൽ വിതരണക്കാർ അന്യസംസ്ഥാനങ്ങളിൽനിന്നാണ് സാഡിലുകൾ വാങ്ങുന്നത്

## നിർമാണരീതി

സാഡിലുകളുടെ നിർമാണത്തിന് ഉപയോഗിക്കുന്ന ഷീറ്റ് ആവശ്യമുള്ള വീതിയിൽ 6 മീറ്റർ നീളത്തിൽ കോയിലിൽ നിന്ന് മുറിച്ചെടുക്കണം. സാഡിലിന്റെ വലുപ്പത്തിന് അനുസരിച്ച് ഷീറ്റിന്റെ വീതിയും വ്യത്യാസം ഉണ്ടാകും തുടർന്ന് അഗോറ സാഡിൽ നിർമാണ യന്ത്രത്തിലൂടെ ഷീറ്റുകൾ കടത്തി വിടും. അഗോറ യന്ത്രം ഓട്ടോമാറ്റിക്കായി ഷീറ്റിനെ ആവശ്യമുള്ള ഗ്രു സഹിതം സാഡിലായി ഫോം ചെയും. ഈ സാഡിലുകളുടെ ഇരുവശങ്ങളിലും ദ്വാരങ്ങളും ഉണ്ടാകും. അളവുകൾ വ്യത്യാസപ്പെടുന്നതിനനുസരിച്ച് ഡൈ മാറ്റി ഉപയോഗിക്കാം. സ്റ്റീൽ ഷീറ്റുകളിലും ഗാൽവനൈസ്ഡ് അയൺ ഷീറ്റുകളിലും ടി യന്ത്രത്തിൽ സാഡിൽ നിർമിക്കാം. തുടർന്ന് നിശ്ചിത എണ്ണം പായ്ക്കുകളാക്കി വിതരണക്കാർക്ക് നൽകാം.



## മൂലധന നിക്ഷേപം

(പ്രതിദിനം 10000 സാഡിൽ നിർമിക്കാൻ വേണ്ടത്)

| | | |
|---|---|---|
| 1. | അഗോറ സാഡിൽ നിർമാണ യന്ത്രം | – 8,00 ,000.00 |
| 2. | അനുബന്ധ സംവിധാനങ്ങൾ | – 50,000.00 |
| | | 8,50,000 .00 |

## പ്രവർത്തന വരവ് ചിലവ് കണക്ക്

### ചിലവ്

പ്രതിദിനം 10000 സാഡിലുകൾ നിർമിക്കുന്നതിന്റെ

### ചിലവ്

| | | |
|---|---|---|
| 1. | ജി.ഐ ഷീറ്റ് | – 7000.00 |
| 2. | തൊഴിലാളികളുടെ വേതനം | – 1000.00 |
| 3. | ഇലക്ട്രിസിറ്റി | – 200.00 |
| 4. | പായ്ക്കിങ് അനുബന്ധ ചിലവുകൾ | – 1000.00 |
| | ആകെ | – 92,00.00 |

## വരവ്

| | |
|---|---|
| സാഡിൽ MRP | – 3.00 |
| ഉല്പാദകന് ലഭിക്കുന്നത് | – 2.00 |
| 10,000 X 2 | = 20,000.00 |

## ലാഭം

| | |
|---|---|
| 20000 – 9200 | = 10800.00 |

## യന്ത്രപരിശീലനം

സാഡിൽ നിർമാണ യന്ത്രവും സാഡിൽ നിർമിക്കുന്നതിനുള്ള പരിശീലനവും പിറവം അഗ്രോപാർക്കിൽ ലഭിക്കും –0485–2999990.

## ലൈസെൻസ് – സബ്സീഡി

ഉദ്യം രജിസ്ട്രേഷൻ, ജി എസ് ടി, കെ സ്വിഫ്റ്റ് എന്നിവ നേടി വ്യവസായം ആരംഭിക്കാം. പദ്ധതിക്ക് ആവശ്യമായ മുതൽ മുടക്കിന് ആനുപാതികമായി സഹായം ലഭിക്കും.



ബിനോയ് ജോർജ് പി

# വ്യാപാരി കൂട്ടായ്മയുടെ ‘വിന്റർഫീൽ ഗാർമെന്റ്സ് ’



**ഇന്നർവെയർ** ഉത്പാദന-വിപണന രംഗത്ത് തൃശൂരിലെ ഒരു കൂട്ടം വ്യാപാരികളുടെ സംരംഭമായ ‘വിന്റർഫീൽ ഗാർമെന്റ്സ്’ വൻകുതിപ്പിന് ഒരുങ്ങുന്നു. പ്രവർത്തനം ആരംഭിച്ചിട്ട് അഞ്ച് വർഷമായെങ്കിലും കഴിഞ്ഞവർഷം മാത്രമാണ് മികച്ച രീതിയിൽ മുന്നേറാനായത്. 2018ൽ ആരംഭിച്ചെങ്കിലും കോവിഡും മറ്റു പ്രതിസന്ധികളും കാരണം ശൈശവദശ പിന്നിടാൻ കുറച്ചധികം സമയമെടുത്തു. കേരള വ്യാപാരിവ്യവസായി ഏകോപനസമിതിയുടെ തൃശൂർ ജില്ല ഘടകത്തിലെ നൂറോളം ചെറുകിട കച്ചവടക്കാരുടെ ഓഹരികൾ സ്വീകരിച്ച് ആരംഭിച്ച വിന്റർഫീൽ ഗാർമെന്റ്സ് അതിന്റെ രണ്ടാംഘട്ടത്തിൽ എത്തി നിൽക്കുമ്പോൾ, കൂടുതൽ വികസനപദ്ധതികളാണ് ഈ പ്രൈവറ്റ് ലിമിറ്റഡ് കമ്പനി ലക്ഷ്യമിടുന്നത്. വിവിധമേഖലകളിൽ കച്ചവടം ചെയ്യുന്നവർ ചേർന്ന് സംരംഭം തുടങ്ങിയതിന്റെ പുറകിലെ ലക്ഷ്യം പണം മാത്രമല്ലെന്ന് കമ്പനി ചെയർമാനും വ്യാപാരി വ്യവസായി ഏകോപനസമിതി ജില്ല പ്രസിഡന്റ് കൂടിയായ കെ വി അബ്ദുൾ ഹമീദ് പറയുന്നു.

കോവിഡിന് ശേഷം നാട്ടിൽ പണത്തിന്റെ വിതരണം കുറയുകയും സംസ്ഥാനത്തെ പണം ഭൂരിഭാഗവും അന്യസംസ്ഥാന തൊഴിലാളികളിലൂടെ മറ്റു സംസ്ഥാനങ്ങളിലേക്ക്

ഒഴുകുന്ന സ്ഥിതിവിശേഷം സംജാതമാകുകയും ചെയ്തപ്പോൾ, നാട്ടിലെ കച്ചവട മേഖലയാകെ സ്തംഭനത്തിലായി. ഇതിന് തങ്ങളാൽ കഴിയുന്ന പരിഹാരമെന്ന നിലയിൽ കൂടിയാണ് മലയാളികളെ മാത്രം തൊഴിലാളികളാക്കി സ്ത്രീ-പുരുഷന്മാരുടെ അടിവസ്ത്രങ്ങളുടെ ഉത്പാദനം ആരംഭിക്കുന്നത്. മാത്രമല്ല മലയാളികളായ തൊഴിലാളികളിൽ 90 ശതമാനവും സ്ത്രീകളാണെന്ന മറ്റൊരു പ്രത്യേകതയും ഈ സംരംഭത്തിനുണ്ട്. വ്യാപാരി സമിതിയുടെ വനിതാ കൂട്ടായ്മയാണ് വസ്ത്ര നിർമ്മാണത്തിന്റെ ചുക്കാൻ പിടിക്കുന്നത്. തൊഴിലാളികളുടെ പണം നാട്ടിൽ തന്നെ വിനിമയം ചെയ്യപ്പെടുകയും സ്ത്രീകൾക്ക് തൊഴിൽ ലഭിക്കുകയും ചെയ്യുന്നതോടൊപ്പം ഓഹരിയുടമകൾ തന്നെ വിൽപ്പനക്കാരാകുന്നതിലൂടെ രണ്ടുവിധം ലാഭം ഉണ്ടാകുന്നു.ഇത്തരത്തിൽ പലതരം വ്യത്യസ്തതകൾ തൃശൂരിലെ വ്യാപാരി കൂട്ടായ്മയുടെ ഈ സംരംഭത്തിനുണ്ട്. വിന്റർഫീൽ എന്ന ബ്രാൻഡ് നെയിമിൽ ഗുണമേന്മയുള്ള ഇന്നർവെയറുകൾ വിപണിയിലെത്തിച്ച് സ്ഥാന മുറപ്പിക്കുകയാണിവർ.

ജില്ലയിൽ അമ്പല്ലൂർ, ചാവക്കാട്, മാള എന്നീ മൂന്ന് യൂണിറ്റുകളിലായാണ് അടിവസ്ത്രങ്ങളുടെ ഉത്പാദനം നടക്കുന്നത്. മൂന്നിടത്തായി ഇപ്പോൾ നൂറിലേറെ പേർ തൊഴിലെടുക്കുന്നുണ്ട്. ഇവരെ കൂടാതെ മാർക്കറ്റിംഗ്, ഓഫീസ് വിഭാഗങ്ങളിലായി 25ഓളം പേർ വേറെയുമുണ്ട്. വിന്റർഫീൽ ഗാർമെന്റ്സിന്റെ രണ്ടാംഘട്ട വികസനത്തിൽ ഷർട്ടുകൾ, ലെഗ്ഗിൻസ്, സ്ലീപ്പുകൾ, മാക്സികൾ എന്നിവയാണ് വിപണിയിൽ എത്തിക്കുന്നത്. ഇതിനായി തൃശൂർ പൂമലയിലെ സ്വന്തം സ്ഥലത്ത് ഫാക്ടറിയും ഗോഡൗണും സജ്ജീകരിച്ചുകഴിഞ്ഞു. ലുങ്കി, ദോത്തി എന്നിവ സ്ഥാപനത്തിന്റെ പേരിൽ ഇപ്പോഴും വിൽപ്പനയ്ക്കുണ്ടെങ്കിലും വ്യാപകമായി ഇനിമുതൽ ലഭിച്ചു തുടങ്ങും. രണ്ടാംഘട്ട വികസനത്തിനൊപ്പം ഷെയർ ഹോൾഡേഴ്സിന്റെ എണ്ണം നൂറിൽ നിന്നും ഇരുനൂറിലേക്ക് വർദ്ധിപ്പിക്കാനുള്ള നീക്കത്തിലാണ് സംരംഭകർ. 50,000 രൂപ നൽകാൻ കഴിയുന്ന കച്ചവടക്കാരെ വരെ ആദ്യഘട്ടത്തിൽ കമ്പനിയുടെ ഓഹരി പങ്കാളികളാക്കിയാണ് കമ്പനി ആരംഭിച്ചത്. 5 കോടി മുതൽമുടക്കി ആരംഭിച്ച സ്ഥാപനം അടുത്ത മൂന്നു വർഷത്തിനുള്ളിൽ 25 കോടിയിലെത്തിക്കാനുള്ള പദ്ധതികളാണ് ആസൂത്രണം ചെയ്യുന്നത്. നിലവിലുള്ള യൂണിറ്റുകൾ വിപുലപ്പെടുത്തി പുതിയ ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനൊപ്പം പൂമലയിലെ



ഫാക്ടറിയിലെ കൂടുതൽ സംവിധാനങ്ങളും ഉപയോഗപ്പെടുത്തും.

വിന്റർഫീൽ ഗാർമെന്റ്സിന്റെ ഉത്പാദനം മുതൽ വിൽപ്പനയിൽ വരെ ഉടമസ്ഥർ തന്നെ നേരിട്ട് ഇടപ്പെടുന്നു എന്നതിനാൽ ഉത്പന്നത്തിന്റെ വിജയത്തിന് കാരണമാകും. ലുങ്കിയും ദോത്തിയും ഷർട്ടുമെല്ലാം പുറത്തിറക്കിയതിനു ശേഷം പ്രധാന വിപണികളിലേക്ക് എത്തുന്നതിനു മുൻപ് ഇവർ സ്വന്തം സ്ഥാപനങ്ങളിൽ വിൽപ്പന നടത്തുകയും ഉപഭോക്താവിന്റെ അഭിപ്രായങ്ങൾ ശേഖരിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും ചെയ്യാറുണ്ടെന്ന് പറയുന്നു. അതിനു ശേഷമാണ് മറ്റു കടകളിലേക്ക് എത്തിക്കുന്നത്. വൻ പരസ്യങ്ങൾ നൽകി വിറ്റഴിക്കപ്പെടുന്ന ഏറ്റവും പ്രധാന ബ്രാന്റിനൊപ്പമാണ് വിന്റർഫീലിന്റെ അടിവസ്ത്രങ്ങളുടെ ഗുണനിലവാരമെന്നാണ് ഉത്പാദകരുടെ വാദം. മാത്രമല്ല ആ ബ്രാന്റിനെക്കാൾ 25 ശതമാനം വിലയും കുറവാണ്. ഗുണനിലവാരത്തിന്റെ കാര്യത്തിൽ വിന്റർ ഫീൽ വസ്ത്രങ്ങൾ വിട്ടുവീഴ്ച ചെയ്യാറില്ലെന്നും പറയുന്നു. തൃശൂർ ജില്ലയിലെ 100 ഓളം സ്ഥാപനങ്ങളിലാണ് ആദ്യഘട്ടമെന്ന നിലയിൽ വിതരണം ചെയ്തിരുന്നത്. മലപ്പുറം, കാസർഗോഡ്, കോഴിക്കോട് എന്നീ ജില്ലകളിലേക്കും ചെറിയ തോതിൽ ഉത്പന്നങ്ങൾ എത്തിച്ചിരുന്നുവെങ്കിലും വ്യാപകമായ മാർക്കറ്റിംഗ് ഉണ്ടായിരുന്നില്ല. ഇപ്പോൾ രണ്ടാംഘട്ട വികസനത്തോടെ സംസ്ഥാനത്താകെ വിന്റർഫീൽ വസ്ത്രങ്ങൾ വിപണിയിലെത്തും. തൃശൂർ ജില്ലയിൽ മാത്രം 500 ഓളം കടകളിൽ ലഭിക്കുന്ന വിധത്തിലാണ് വിപണി തയ്യാറാക്കിയിട്ടുള്ളത്. ചെറിയ കടകൾ മുതൽ വലിയ മാളുകളിലും വൻ വസ്ത്ര വ്യാപാരശാലകളിലും വിന്റർഫീൽ ബ്രാൻഡ് ലഭ്യമാക്കാനാണ് സംരംഭകരുടെ നീക്കം.

ഉടമ തന്നെയാണ് ജില്ലയിൽ എല്ലായിടത്തെയും വില്പനക്കാരനും എന്നത് സ്വന്തം സംരംഭത്തോടുള്ള ഉത്തരവാദിത്വം വർദ്ധിപ്പിക്കുന്നതാണ്. ഈ വസ്ത്രങ്ങളുടെ ഗുണനിലവാരത്തെപ്പറ്റി ഉപഭോക്താക്കൾക്ക് കൂടുതൽ ഉറപ്പു നൽകാനും





കച്ചവടക്കാരന് സാധിക്കുമെന്നതും പ്രത്യേകതയാണ്. വസ്ത്രം വിൽക്കുമ്പോൾ ലഭിക്കുന്ന കമ്മീഷനു പുറമെ കമ്പനിയുടെ ലാഭത്തിന്റെ വിഹിതവും അയാൾക്ക് ലഭിക്കുന്നുണ്ട്. 2024-2025 വർഷം സംരംഭം കൂടുതൽ ലാഭത്തിലേക്ക് പ്രവേശിക്കുന്ന വർഷമാണെന്ന് ഭാരവാഹികൾ പറയുന്നു. ഗുജറാത്ത്, ഹൈദരാബാദ്, തമിഴ്നാട് എന്നിവിടങ്ങളിൽ നിന്നാണ് അസംസ്കൃത വസ്തുവായ തുണി എടുക്കുന്നത്. അതിനു ശേഷം ബ്ലീച്ച് ചെയ്ത് പ്രിന്റ് ചെയ്യുന്നതിന് തമിഴ്നാട്ടിലെ തിരുപ്പൂർ പോലുള്ള പ്രദേശങ്ങളിലെത്തിക്കുന്നു. തുടർന്ന് തൃശൂരിലെ ഫാക്ടറികളിലെത്തിച്ച് വിവിധതരം വസ്ത്രങ്ങൾ ആക്കി രൂപ മാറ്റം വരുത്തുന്നു. വ്യാപാരിവ്യവസായി സംഘടനയുടെ തൃശൂർ ജില്ല ഘടകത്തിന്റെ ദീർഘവീക്ഷണത്തോടെയുള്ള ഈ ചുവടുവെയ്പ്പിന് സമാനമായ പ്രവർത്തനം, കേരളത്തിലെ മറ്റൊരു ജില്ലയിലും ഇല്ലെന്നതാണ് ശ്രദ്ധേയം.

വസ്ത്രനിർമ്മാണ രംഗത്തു മാത്രമല്ല, വിനോദസഞ്ചാര മേഖലയിലെ 'വിന്റർഫീൽ ഹോട്ടൽസ്' തൃശൂരിലെ വ്യാപാരി കൂട്ടായ്മയുടെ മറ്റൊരു വ്യത്യസ്തമായ സംരംഭമാണ്. 100 കോടി രൂപയുടെ നിക്ഷേപവുമുള്ള പദ്ധതിയിൽ 7 സ്ഥലങ്ങളിൽ സ്വന്തമായ ഭൂമിയുണ്ട്. ഊട്ടിയിലും ആലപ്പുഴയിലും ഇപ്പോൾ തന്നെ വിന്റർഫീൽ ഹോട്ടലുകൾ പ്രവർത്തിക്കുന്നുണ്ട്. കൊടൈക്കനാലിൽ സ്വന്തം സ്ഥലത്ത് നിർമ്മിക്കുന്ന 40 മുറികളോടു കൂടിയ ഹോട്ടലിന്റെ ഉദ്ഘാടനം ഈ വർഷം നവംബറിൽ ഉണ്ടാകും. വയനാട് വൈത്തിരിയിലും മൂന്നാറിലുമുള്ള ഹോട്ടലുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. ഇവ രണ്ടും ഈവർഷം തന്നെ പ്രവർത്തനം ആരംഭിക്കും. കോവളത്തും ആലപ്പുഴയിൽ തന്നെ മറ്റൊരിടത്തും സ്ഥലം വാങ്ങിയിട്ടുണ്ട്. അവിടെയും ഹോട്ടൽ തന്നെയാണ് ലക്ഷ്യമിടുന്നത്. ഇവയെല്ലാം ത്രീസ്റ്റാർ-ഫോർസ്റ്റാർ നിലവാരത്തിലുള്ളവയാണ്. പരമാവധി കച്ചവടക്കാരെ ഉൾപ്പെടുത്തി ഓഹരികൾ നൽകി, പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയായിട്ടാണ് വിന്റർഫീൽ ഹോട്ടൽസിന്റെയും പ്രവർത്തനം.

കൂടുതൽ പേരെ പങ്കാളികളാക്കി ഭാവിയിൽ 250 കോടി രൂപയുടെ നിക്ഷേപമായി ഇത് ഉയരും. ഈ വൻ സംരംഭങ്ങളുടെ ഭാഗമാകുന്ന ചെറുകിട കച്ചവടക്കാർക്ക് വരും നാളുകളിൽ വലിയൊരു ആശ്വാസമാകും ഇത്തരം നിക്ഷേപങ്ങളെന്ന് പദ്ധതികളുടെ ചെയർമാൻ കെ വി അബ്ദുൾ ഹമീദ് പറയുന്നു.

**എഴുമാവിൽ രവീന്ദ്രനാഥ്**






# പെണ്ണൊരുമയുടെ പിങ്ക് ബാസ്കറ്റ്

**മാർച്ച്** എട്ട് ആഗോള വനിതാദിനമായി കൊണ്ടാടുന്ന വേളയിൽ അതിനോട് ഐക്യദാർഢ്യം പ്രഖ്യാപിച്ചു കൊണ്ടും, സംസ്ഥാന വ്യവസായ വകുപ്പിന്റെ സംരംഭകത്വ പ്രോത്സാഹന പരിപാടികൾക്ക് പ്രചാരണം നൽകിക്കൊണ്ടും, കേരളത്തിലെ വനിതാ സംരംഭകരുടെ വലിയൊരു കൂട്ടായ്മ 'പിങ്ക് ബാസ്കറ്റ്' എന്ന കോമൺ ബ്രാന്റുമായി രൂപം കൊണ്ടത് നവസംരംഭകർക്ക് ആവേശം പകരുന്ന ഒന്നായിരുന്നു. ആലപ്പുഴ ജില്ലയിലെ ആറാട്ടുപുഴയിൽ നടന്ന മഹാസമ്മേളനം സ്വാശ്രയത്തിലൂടെ സാമൂഹ്യ സേവനവും സാമ്പത്തിക നേട്ടവും എന്ന ലക്ഷ്യത്തോടെയാണ് പിങ്ക് ബാസ്കറ്റ് എന്ന ബ്രാന്റ് നെയിം പ്രകാശനം ചെയ്തത്.

പാറശ്ശാല മുതൽ കാസർഗോഡു വരെയുള്ള 89 വനിതാ സംരംഭകരും അവരുടെ ഉല്പന്നങ്ങളുമാണ് ആറാട്ടുപുഴയിലെ പ്രദർശന നഗരിയിൽ അണി നിരന്നത്. വ്യവസായ വകുപ്പ്, കൃഷി വകുപ്പ്, ഐ ടി വകുപ്പ്, തപാൽ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, വനിതാ ശിശുക്ഷേമ വകുപ്പ്, റോട്ടറി ക്ലബ്ബ് തുടങ്ങിയവയുടെ സഹകരണത്തോടെയാണ് ഈ നവീന സംരംഭം സമാരംഭിച്ചത്. ഉല്പന്നങ്ങളെയും ഉല്പാദകരെയും പരിചയപ്പെടുത്തൽ മുതൽ ഉല്പാദകർ നേരിടുന്ന വെല്ലുവിളികളും പരിഹാര മാർഗ്ഗങ്ങളും വരെ സഗൗരവം ചർച്ച ചെയ്യപ്പെട്ടതിൽ നിന്നാണ് പിങ്ക് ബാസ്കറ്റ് രൂപം കൊണ്ടത്.

ചുവപ്പിന്റെ ആവേശവും വെള്ളയുടെ സംശുദ്ധിയും ചേർന്ന നിറമായ പിങ്ക് സ്നേഹം, സഹാനുഭൂതി, കാരുണ്യം, പ്രത്യാശ തുടങ്ങിയവയെ പ്രതിനിധീകരിയ്ക്കുന്നു. പൊതുവെ വനിതകളുടെ നിറമായി അംഗീകരിയ്ക്കപ്പെട്ട പിങ്കിന് ഒരു രാജകീയ പരിവേഷമാണുള്ളത്. വനിതകളുടെ പ്രിയവർണ്ണമായി വിദേശ രാഷ്ട്രങ്ങൾ ഇതിനെ കാലങ്ങളായി അംഗീകരിച്ചു വരുന്നു. (വനിതാ സുരക്ഷയ്ക്കായുള്ള കേരളത്തിലെ പിങ്ക് പോലീസ് ഒരു ഉദാഹരണം). സ്ത്രീത്വം, മാധുര്യം, ആതുരസേവനം, സഹനശക്തി, ക്ഷമ, ഒരുമ, ഉന്മേഷം തുടങ്ങിയവയുടെ പ്രതീകമത്രേ പിങ്ക്. അന്താരാഷ്ട്ര കളർ സ്പെഷ്യലിസ്റ്റുകളിൽ പ്രമുഖരായ ആദം സ്കോട്ട്, കരോൾ സൈബുൾസ്കി, മഹ്മൂദ്അലി തുടങ്ങിയ പ്രതിഭകൾ പിങ്ക് കളറിന്റെ സവിശേഷതകളെപ്പറ്റി നടത്തിയിട്ടുള്ള വർണ്ണനകൾ ഏറെയാണ്.

ഇവയിൽ നിന്നൊക്കെ ആവേശം കൊണ്ടാണ് ഈ വനിതാ കൂട്ടായ്മയുടെ സാരഥികൾ പിങ്ക് ബാസ്കറ്റ് രൂപപ്പെടുത്തിയത്. അബലകളും ചപലകളുമെന്നു വിശേഷിപ്പിയ്ക്കുന്ന വനിതകൾക്ക് തങ്ങളുടെ കഴിവുകൾ പുറത്തെടുക്കാനും അവയെ ക്രിയാത്മകമായി വിന്യസിയ്ക്കാനും ഇവിടെ അവസരമൊരുങ്ങുന്നു. സ്ത്രീ സംരംഭകർ നേരിടുന്ന പ്രധാന പ്രശ്നങ്ങളാണ് ഈയൊരു കൂട്ടായ്മയ്ക്ക് വഴിയൊരുക്കിയത്. വിപണനമാണ് ഇതിൽ ഏറ്റവും മുഖ്യം. ഒരേതരം ഉല്പന്നങ്ങൾ ഒരു കുടക്കീഴിലെത്തുമ്പോൾ അത് അനാവശ്യമത്സരത്തിനിടയാക്കും. ഇതൊഴിവാക്കപ്പെടണം. വൈവിധ്യമായ ഉല്പന്നങ്ങളാവണം പിങ്ക് ബാസ്കറ്റുകളിൽ നിറയേണ്ടത്. ഇവർ മത്സരിയ്ക്കുന്നത് മൾട്ടി നാഷണൽ കമ്പനികളും ദേശീയ തലത്തിൽ വമ്പൻ ശൃംഖലകളും പരസ്യ പ്രചാരണ തന്ത്രങ്ങളും ഉള്ള ഉല്പാദകരോടാണ്. ഉല്പന്ന വിലയാണ് ഇവിടെ പ്രശ്നം. വൻകിടക്കാർ വലിയ തോതിൽ അസംസ്കൃത വസ്തുക്കൾ വാങ്ങിക്കൂട്ടുമ്പോൾ അവരുടെ ഉല്പാദനച്ചെലവു താരതമ്യേന കുറയുന്നു.





തന്മൂലം ഉല്പന്നത്തിനും വിലക്കുറവുണ്ടാവും. എന്നാൽ കുടിൽ വ്യവസായം നടത്തുന്നവർക്ക് അസംസ്കൃത വസ്തുക്കളുടെ മൊത്ത സംഭരണം സാധ്യമല്ല. ചില്ലറയായി അവർ ഇവ വാങ്ങുമ്പോൾ വില അല്പം കൂടുതലാവും. ഇതൊഴിവാക്കാൻ പിങ്ക് ബാസ്കറ്റിന്റെ മാതൃ സംഘടനയായ വീസോ (വുമൺ എൻട്രപ്രണേഴ്സ് എംപവർമെന്റ് ആന്റ് സപ്പോർട്ടിങ്ങ് ഓർഗനൈസേഷൻ) പറയുന്നു.

ഫിനിഷിങ്ങ് ആണ് മറ്റൊരു പ്രശ്നം. ബ്രാന്റഡ് ഉല്പന്നങ്ങളുടെ ഫിനിഷിങ്ങും അത്യാകർഷകമായ പായ്ക്കിങ്ങും ഉപഭോക്താക്കളെ ആകർഷിയ്ക്കുന്നു. ഗുണം മെച്ചമെങ്കിലും കാഴ്ചയിൽ തുച്ഛമായാൽ വിപണിയിൽ ചലനങ്ങളുണ്ടാക്കാൻ കഴിയില്ല. ആധുനിക സാങ്കേതിക വിദ്യകളുടെ പിൻബലത്തോടെ ഉല്പന്നങ്ങളുടെ ഏകതാനത (യൂണിഫോമിറ്റി), കാഴ്ചയിലെ പ്രൗഢി (അപ്പ്യറൻസ്) എന്നിവ ഉറപ്പു വരുത്തുവാനുള്ള പ്രോജക്റ്റ് തയ്യാറായിക്കഴിഞ്ഞു. നാടൻ ഉല്പന്ന്ങ്ങൾക്ക് കാടൻ ലുക്ക് പാടില്ലല്ലോ.

ഗുണമേന്മയാണ് മറ്റൊന്ന്. വില മാത്രമല്ല, ഗുണവും ഇന്ന് ഉപഭോക്താക്കൾ ശ്രദ്ധിയ്ക്കുന്നു. പ്രകൃതിദത്ത വസ്തുക്കളുടെ സ്ഥാനത്ത് ഡ്യൂപ്ലിക്കേറ്റുകൾ ഇഷ്ടം പോലെ ലഭ്യമാണ്. ഇവ ഉപയോഗിച്ചാൽ വില കുറച്ച് ഉല്പാദനം നടത്താം. ഉദാഹരണത്തിന് സാൻഡൽ ഓയിൽ തന്നെ എടുക്കാം. യഥാർത്ഥ ചന്ദനത്തൈലത്തിന് വില യേറും. അപ്പോൾ ഉല്പന്നത്തിനും വിലയുണ്ടാവും. ഇതേ സ്ഥാനത്ത് കൃത്രിമ സുഗന്ധമുപയോഗിച്ചാൽ വില കുറയും. ഒപ്പം ഗുണവും. ഇത് താൽക്കാലികമായി വിപണിയിൽ പിടിച്ചു നിൽക്കാൻ സഹായിയ്ക്കുമെങ്കിലും ആത്യന്തികമായി പരാജയപ്പെടും. ആയതിനാൽ ക്വാളിറ്റി കൺട്രോൾ, റിസർച്ച് ആന്റ് ഡവലപ്മെന്റ് വിഭാഗങ്ങൾ പിങ്ക് ബാസ്കറ്റ് ഒരുക്കും. എയർപോർട്ടുകൾ, മാളുകൾ, റയിൽവേ സ്റ്റേഷനുകൾ, പ്രമുഖ ബസ് സ്റ്റാന്റുകൾ ഇവയിൽ പിങ്ക് സ്റ്റോറുകൾ വഴി ഗുണമേന്മയുള്ള തനത് ഉല്പന്നങ്ങൾ എത്തിക്കുന്നതിലൂടെ വിപണനവും ഒപ്പം തൊഴിലവസരവും വർദ്ധിക്കും.

തപാൽ, ഐ ടി വകുപ്പിന്റേയും, സ്റ്റാർട്ടപ്പുകളുടെയും സഹായത്തോടെ ഓൺലൈൻ വിപണിയും വീസോ ലക്ഷ്യമിടുന്നു. വിമൻസ് ക്ലബ്ബുകളും വിപണന കേന്ദ്രങ്ങളാക്കി മാറ്റും. വസ്ത്രങ്ങൾ, സൗന്ദര്യ സംവർദ്ധകങ്ങൾ, ഭക്ഷ്യ വസ്തുക്കൾ, കരകൗശല ഉൽപന്നങ്ങൾ, പ്രകൃതിദത്ത ഔഷധങ്ങൾ, ലഘു യന്ത്രങ്ങൾ തുടങ്ങി ഒരു ഡസനിലേറെ ഉൽപന്നങ്ങളാണ് പിങ്ക് സ്റ്റോറുകൾ വഴി ജനങ്ങളിലെത്തുക. ഗ്ലോബൽ മാർക്കറ്റിങ്ങിനുള്ള സംവിധാനങ്ങളും ഒരുങ്ങിയതായി വീസോ അദ്ധ്യക്ഷ ഐഷാ മുരളി, സെക്രട്ടറി ഫൗസിയ ആസാദ് എന്നിവർ പറഞ്ഞു. ഡബ്ല്യു. എം. എഫ് ഗ്ലോബൽ ഹെൽപ്പ് ഡസ്ക് കോ ഓർഡിനേറ്റർ ഡോ. ആനി ലിബു ജോൺ പിങ്ക് ബാസ്കറ്റ് ഉദ്ഘാടനം ചെയ്തു. വിവിധ വകുപ്പുകളുടെ പ്രതിനിധികൾ, ഗവേഷണ കേന്ദ്രം മേധാവികൾ, സാമൂഹ്യ സാംസ്കാരിക പ്രവർത്തകർ എന്നിവർ ആശംസകൾ നേർന്നു.


TJP MATS PVT. LTD
An ISO Certified Co.
Manufactures & Exporters of Rubber Mats & Tyre Flaps
Mob: 7593801800, 8281168636, 9562511222 | Office: 0481-2342636, 2341363
www.cowmatsindia.com | www.tjpindia.com
info@tjpindia.com | sales@tjpindia.com
കഴിഞ്ഞ 38 വർഷങ്ങളായി കേരളത്തിലെ ഏറ്റവും വലിയ റബ്ബർ ഉൽപന്നങ്ങൾ നിർമ്മിക്കുന്ന TJP GROUPൽ നിന്നും വെറ്റനറി ഡോക്ടർമാർ ഏറ്റവും കൂടുതൽ നിർദ്ദേശിക്കുന്നതും പാർശ്വഫലങ്ങൾ ഒട്ടുംതന്നെ ഇല്ലാത്തതുമായ COW MAT നിങ്ങൾക്ക് ഇന്ത്യയിലുടനീളം ലഭിക്കുന്നതാണ്. ഞങ്ങളുടെ മാറ്റ് ഉപയോഗിക്കുന്നതിലൂടെ ത്വക്ക് രോഗം, കുളമ്പ് രോഗം, വീഴ്ചയിലുണ്ടാകുന്ന പരിക്കുകൾ എന്നിവയിൽ നിന്നും നിങ്ങളുടെ പശുക്കളെ സംരക്ഷിക്കുകയും പാൽ ഉൽപാദനം വർദ്ധിപ്പിക്കുവാൻ സാഹയിക്കുകയും ചെയ്യുന്നു.
പശുക്കളുടെ
ആരോഗ്യത്തിനും...
പാൽഉൽപാദനം
വർദ്ധിപ്പിക്കുവാനും...
ഉപോയോഗിക്കൂ...



ഇന്ദു കെ.പി.




# ഓജസ്സിനായി മില്ലറ്റ് ഭക്ഷ്യോത്പന്നങ്ങളുമായി സ്വോജസ് ഫാംസ്

**സുഹൃത്തുക്കളും** വനിത സംരംഭകരുമായ വിദ്യരാകേഷ്, പ്രീതി ദീപക് എന്നിവർ ചേർന്ന് ആരംഭിച്ച ചെറുധാന്യ ഭക്ഷ്യോൽപന്ന യൂണിറ്റാണ് 'ഹെറിടേസ്റ്റ് എൽ എൽ പി'. പാലക്കാട് ജില്ലയിലാണ് ആരംഭിച്ചതെങ്കിലും പിന്നീട് എറണാകുളം ജില്ലയിൽ ആലുവാ കുഴിവേലി പടിയിൽ പുതിയ നിർമ്മാണ യൂണിറ്റ് ആരംഭിച്ചു. 'സ്വോജസ് ഫാംസ്' എന്ന ബ്രാൻഡിലാണ് ഇവർ ഉൽപന്നങ്ങൾ വിപണിയിലെത്തിക്കുന്നത്. സ്ഥിരമായ ഒരു വരുമാനം എന്നതിലപ്പുറം നല്ല ഭക്ഷണം ലഭ്യമാക്കുക എന്ന ആശയത്തിൽ ഊന്നിയുള്ള ചിന്തയിൽനിന്നും ഉരുതിരിഞ്ഞതായിരുന്നു ഈ ഭക്ഷ്യോൽപന്ന സംരംഭം.

ചക്ക-മില്ലറ്റ് സമ്മിശ്രമായ വിവിധ തരം ഉൽപന്നങ്ങൾ ഉണ്ടാക്കിയാണ് ഇവർ പ്രവർത്തനം ആരംഭിച്ചത്. ജീവിത ശൈലി രോഗങ്ങൾ വർദ്ധിച്ചു വരുന്ന സാഹചര്യത്താലും ചെറുധാന്യങ്ങളിൽ നിന്നും മൂല്യവർദ്ധിത ഉൽപന്നങ്ങൾ നിർമ്മിക്കാൻ സാധിക്കും എന്ന തിരിച്ചറിവിലുമാണ് ചെറുധാന്യങ്ങളിലേക്ക് ചുവടു മാറിയതെന്ന്






സംരംഭകർ പറയുന്നു. ചെറുധാന്യങ്ങളെക്കുറിച്ച് ജനങ്ങൾക്കിടയിൽ ശരിയായ അവബോധം ഇല്ലാത്തതിനാൽ വിപണി കണ്ടെത്തൽ തുടക്കത്തിൽ വലിയ ബുദ്ധിമുട്ടായിരുന്നു. നമ്മുടെ ആരോഗ്യത്തിൽ ചെറുധാന്യങ്ങളുടെ പ്രസക്തി തിരിച്ചറിഞ്ഞ് ഐക്യരാഷ്ട്രസഭ 2023 ലോക മില്ലറ്റ് വർഷമായി ആചരിക്കുകയുണ്ടായി. സ്കൂളുകളിലും മറ്റു പൊതുജനാരോഗ്യ രംഗത്തുമെല്ലാം ചെറുധാന്യങ്ങളുടെ ഗുണമേന്മ ബോധ്യപ്പെട്ടതിനാൽ ഇവയ്ക്ക് ഇപ്പോൾ ആവശ്യക്കാർ ഏറെയാണെന്ന് വിദ്യ പറയുന്നു.

'സ്വോജസ്' എന്ന സംസ്കൃത പദത്തിനർത്ഥം ഓജസ് എന്നാണ്. പേരിനെ അന്വർത്ഥമാക്കുന്ന രീതിയിലുള്ള ഭക്ഷ്യ ഉൽപന്നങ്ങൾ തന്നെയാണ് ഇവിടെ ഉൽപാദിപ്പിക്കുന്നതെന്ന് സംരംഭകർ പറയുന്നു. മണിച്ചോളം, തിന, കമ്പ്, ചാമ, റാഗി തുടങ്ങിയ മില്ലറ്റുകളാണ് പ്രധാനമായും ഉപയോഗിക്കുന്നത്. ഇവ കൊണ്ട് നിർമ്മിക്കുന്ന റെഡി ടു കുക്ക് രീതിയിലുള്ള പുട്ടുപൊടി, ഉപ്പുമാവ്, ദോശപ്പൊടി, ഇഡ്ഡലിപ്പൊടി, മില്ലറ്റ് അവൽ






എന്നിവയെല്ലാം 350 ഗ്രാം വീതമുള്ള പായ്ക്കറ്റുകളിൽ ലഭ്യമാണ്. 95 രൂപ മുതൽ 125 രൂപ വരെയാണ് വില. റെഡി ടു ഈറ്റ് രൂപത്തിലുള്ള മില്ലറ്റ് കോൺ ഫ്ളേക്സുകളും ഉണ്ട്. ഇവ 150 ഗ്രാം മുതൽ 200 ഗ്രാം വരെയുള്ള പായ്ക്കറ്റിൽ ലഭിക്കും. 120 രൂപ മുതൽ 180 രൂപ വരെയാണ് വില ഈടാക്കുന്നത്. പരമ്പരാഗത രീതി തന്നെയാണ് നിർമ്മാണത്തിൽ അനുവർത്തിക്കുന്നത്. അസംസ്കൃത വസ്തുക്കൾ കഴുകി, ഉണക്കി, പൊടിച്ച്, വറുത്ത് ഗുണമേന്മ ഉറപ്പുവരുത്തി തന്നെയാണ് ഉൽപന്നങ്ങൾ ഉപഭോക്താവിലെത്തിക്കുന്നത്. പായ്ക്കറ്റുകളിലുള്ള കോഡ് സ്കാൻ ചെയ്താൽ അസംസ്കൃത സാധനങ്ങൾ ശേഖരിക്കുന്നതു മുതൽ ഉൽപന്നം വിവിധ ഘട്ടങ്ങളിലുടെ പാകപ്പെടുത്തി പാക്കറ്റ് സീലിങ്ങ് വരെയുള്ള കാര്യങ്ങൾ മനസ്സിലാക്കാൻ സാധിക്കും. കഴിക്കുന്ന ഭക്ഷണത്തിന്റെ ഗുണനിലവാരം നേരിട്ട് അറിയുന്നത് ഉപഭോക്താവിന്റെ അവകാശമാണെന്ന് സംരംഭകർ പറയുന്നു.

കേരളത്തിലെ എല്ലാ ജില്ലകളിലെയും സൂപ്പർ മാർക്കറ്റുകൾ, ആമസോൺ എന്നിവിടങ്ങളിലെല്ലാം സ്വോജസ് ഫാം ഉൽപന്നങ്ങൾ ലഭ്യമാണ്. പുറമെ ആശുപത്രികൾ, റസ്റ്റോറന്റുകൾ എന്നിവിടങ്ങളിലും ആവശ്യക്കാരുണ്ടെന്ന് വിദ്യ പറയുന്നു. ബാംഗ്ലൂർ,





ചെന്നൈ എന്നിവിടങ്ങളിലേക്കും കുവൈറ്റ് പോലുള്ള വിദേശ രാജ്യങ്ങളിലേക്കും ഇവ കയറ്റി അയക്കുന്നുണ്ട്. റീടെയിലിനു പുറമെ ഹോൾസെയിലായും ഇവ നൽകുന്നുണ്ട്. ഒമ്പത് ജോലിക്കാരാണ് യൂണിറ്റിൽ ഉള്ളത്. വിദ്യയുടെ ഭർത്താവ് രാകേഷും പ്രീതിയുടെ ഭർത്താവ് ദീപക്കും സംരംഭത്തിന്റെ പ്രവർത്തനങ്ങളിൽ സജീവമാണ്. ഇത്തരം ഒരു യൂണിറ്റ് ആരംഭിക്കുന്നതിന് ഏകദേശം അമ്പത് ലക്ഷം രൂപ ചെലവു വരുമെന്ന് ഇവർ പറയുന്നു. ഭക്ഷ്യോൽപന്ന യൂണിറ്റായതു കൊണ്ടു തന്നെ എല്ലാ ഘട്ടങ്ങളിലും ഗുണനിലവാരം ഉറപ്പു വരുത്തേണ്ടത് അനിവാര്യമാണ്.

പുല്ലു വർഗ്ഗത്തിൽപ്പെട്ട ധാന്യ വിളയാണ് മില്ലറ്റ് അഥവാ ചെറുധാന്യങ്ങൾ. അയേൺ, സിങ്ക്, കാൽസ്യം, ഫോസ്ഫറസ്, ഇരുമ്പ്, പൊട്ടാസ്യം, നാരുകൾ തുടങ്ങിയ ധാതുക്കളുടെ സമൃദ്ധമായ ഉറവിടമാണ് മില്ലറ്റുകൾ. ഗ്ലൂക്കോസിന്റെ അളവ് വളരെ കുറവായതിനാൽ പ്രമേഹരോഗികൾക്ക് ഉത്തമമാണ്. ദഹന പ്രക്രിയ സുഗമമാക്കുമെന്നതിനാൽ കുട്ടികൾക്കും മുതിർന്നവർക്കും ഒരുപോലെ ഉപയോഗിക്കാം. മില്ലറ്റുകൾ തവിടോടു കൂടി ഉപയോഗിക്കുകയാണെങ്കിൽ മാംസ്യത്തിന്റെ അംശം ധാരാളം ലഭ്യമാകും. പോഷകാഹാര കുറവ് പരിഹരിക്കുന്നതിനുള്ള ഒരു ഭക്ഷണം കൂടിയാണിത്. ലോകത്തിൽ ഏറ്റവും കൂടുതൽ ചെറുധാന്യങ്ങൾ ഉൽപാദിപ്പിക്കുന്ന രാജ്യമാണ് ഇന്ത്യ. വെള്ളം, വളം, കീടനാശിനി എന്നിവ പരിമിതമായ തോതിൽ മാത്രം മതിയെന്നതിനാൽ ഏത് കാലാവസ്ഥയിലും കൃഷി ചെയ്യാവുന്ന ഒന്നാണിത്. പണ്ട് സാധാരണക്കാരുടെ ഭക്ഷണമായിരുന്നു മില്ലറ്റുകൾ. ഗോതമ്പിന്റെ ഉപയോഗം വന്നതോടെയാണ് ഇവയുടെ ഉപയോഗം ഇല്ലാതായത്. ഇതിന്റെ പോഷക ഗുണങ്ങൾ മനസ്സിലാക്കി വീണ്ടും ഇത് ആഹാരമാക്കാൻ തുടങ്ങിയതോടെ ഇതുമായി ബന്ധപ്പെട്ടു സംരംഭക സാധ്യതകളും വർദ്ധിച്ചു.

കാലാവസ്ഥയ്ക്ക് അനുയോജ്യമല്ലാത്തതും തലകീഴായി മറിഞ്ഞതുമായ ഭക്ഷണ രീതികൾ ജീവിത ശൈലി രോഗങ്ങൾ വർദ്ധിക്കാനുള്ള പ്രധാന കാരണമാണ്. ഓരോ മില്ലറ്റിനും ഓരോ ഗുണങ്ങളുണ്ട്. നമ്മുടെ ഭക്ഷണത്തിൽ ഒരു നേരമെങ്കിലും ഒരു മില്ലറ്റ് ഉൾപ്പെടുത്തുകയാണെങ്കിൽ ആരോഗ്യത്തിന് വളരെ നല്ലതാണെന്ന് ഇവർ അഭിപ്രായപ്പെടുന്നു. പുതു ജനത ആരോഗ്യകാര്യത്തിൽ കൂടുതൽ ജാഗ്രതയുള്ളവരായതിനാൽ ഇത്തരം ഭക്ഷ്യോൽപന്നങ്ങൾക്ക് അവർ പ്രധാന്യം നൽകുന്നുണ്ടെന്ന് സംരംഭകർ അഭിപ്രായപ്പെടുന്നു.



**ജി. കൃഷ്ണപിള്ള**

# വ്യവസായ കേരളം മാറുന്നു

**സേതുമാധവനും** അദ്ദേഹത്തിന്റെ ദാക്ഷായണി ബിസ്ക്കറ്റും ഇനി വെറും കഥ മാത്രം. 1993–ൽ പ്രിയദർശൻ സംവിധാനം ചെയ്ത മിഥുനം എന്ന സിനിമയിൽ മോഹൻലാൽ വേഷപ്പകർച്ച നൽകിയ സേതുമാധവൻ എന്ന കഥാപാത്രവും അദ്ദേഹത്തിന്റെ ദാക്ഷായണി ബിസ്കറ്റും ഇന്നൊരു പഴങ്കഥയാണ്. കേരളത്തെ സംരംഭങ്ങൾ തുടങ്ങാൻ ഏറ്റവും അനുകൂലമായതും സൗഹൃദവുമായ ഒരു ഇടമാക്കി മാറ്റുന്നതിനുള്ള പദ്ധതികളും സേവനങ്ങളും നിയമങ്ങളും ചട്ടങ്ങളും നടപ്പിലാക്കുക എന്നതാണ് സംസ്ഥാന വ്യവസായ വകുപ്പിന്റെ ലക്ഷ്യം. കേരളത്തെ നിക്ഷേപ സൗഹൃദമാക്കി മാറ്റുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ ഇടപെടലുകൾ ഊർജിതമായി നടപ്പിലാക്കി കൊണ്ടിരിക്കുന്നു. ഇന്ത്യയുടെ വ്യവസായ ഭൂപടത്തിൽ കേരളത്തിന്റെ സ്ഥാനം അടയാളപ്പെടുത്തിയിരിക്കുന്നു. വ്യവസായ സൗഹൃദ സംസ്ഥാനങ്ങളുടെ പട്ടികയിൽ കേരളത്തിന്റെ സ്ഥാനം 28– ൽ നിന്ന് 15–ാം റാങ്കിലേക്ക് ഉയർന്നിരിക്കുന്നു. സംരംഭങ്ങൾ ആരംഭിക്കുന്നതിന് അനുമതി നൽകുന്നതുമായി ബന്ധപ്പെട്ടുള്ള നിയമങ്ങളിലും ചട്ടങ്ങളിലും കാലാനുസൃതമായ മാറ്റങ്ങൾ കൊണ്ടുവന്നതും നയപരമായ തീരുമാനങ്ങൾ എടുത്ത് നടപ്പിലാക്കിയതും ആണ് കേരളത്തിന്റെ ഈ നേട്ടത്തിന് അടിസ്ഥാനം. 'ഈസ് ഓഫ് ഡൂയിങ് ബിസിനസ്' (EODB) സൂചികയിൽ ഇന്ത്യയിലെ മികച്ച 10 സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം.



## ഈസ് ഓഫ് ഡൂയിങ് ബിസിനസ് എന്താണ്?

ലോകബാങ്ക് ഗ്രൂപ്പ് സ്ഥാപിച്ചിരിക്കുന്ന ഒരു റാങ്കിംഗ് സൂചകമാണ് ഈസ് ഓഫ് ഡൂയിങ് ബിസിനസ് (EODB). ഉയർന്ന റാങ്ക് എന്നാൽ സംഖ്യാപരമായി കുറഞ്ഞ മൂല്യമുള്ള ഒരു സംഖ്യയാണ് സൂചിപ്പിക്കുന്നത്. ഉയർന്ന് റാങ്കിങ്ങ് എന്നാൽ ഏറ്റവും നല്ലതും ലളിതവുമായ നിയമങ്ങളും ചട്ടങ്ങളും നിയന്ത്രണങ്ങളോടൊപ്പം ബിസിനസിന്റെ സ്വത്തവകാശങ്ങൾ സംരക്ഷിക്കുന്നതിനുള്ള ശക്തമായ പിന്തുണയുമാണ്. ബിസിനസ് റിഫോം ആക്ഷൻ പ്ലാൻ (ബി. ആർ. എ. പി) എന്ന



പേരിൽ ഓരോ വർഷവും സംസ്ഥാനങ്ങൾ നടപ്പാക്കേണ്ട കാര്യങ്ങൾ കേന്ദ്ര സർക്കാരിന്റെ ഡിപ്പാർട്ട്മെന്റ് ഫോർ പ്രൊമോഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രി ആന്റ് ഇന്ത്യൻ ഇന്റേണൽ ട്രേഡ് (DPIIT) നമ്പർ നൽകി വരുന്നു. ഈ ആക്ഷൻ പ്ലാനിലെ മാനദണ്ഡങ്ങൾ നടപ്പിലാക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് വ്യവസായ സൗഹൃദ സൂചിക തയ്യാറാക്കുന്നത്. 2016 മുതലാണ് ഈസ് ഓഫ് ഡൂയിങ് ബിസിനസ് പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിന് കേരളത്തിൽ നടപടികൾ തുടങ്ങിയത്. ഇതിനായി കേരള സംസ്ഥാന വ്യവസായ വികസന കോർപറേഷൻ (KSIDC) നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നു. വിദ്യാർത്ഥി സംരംഭകത്വം, ഒരു വീട്ടിൽ ഒരു സംരംഭം തുടങ്ങിയ എല്ലാ വിഭാഗത്തിലുൾപ്പെട്ടവരും സംരംഭകരാകുന്നതിനുള്ള എല്ലാ പിന്തുണയും സംസ്ഥാന വ്യവസായ വകുപ്പ് നൽകി വരുന്നു. പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനു വേണ്ടി 2022-ൽ സംരംഭക വർഷം പദ്ധതി നടപ്പിലാക്കിയതും 2023-ൽ നിലവിലുള്ള സംരംഭങ്ങളെ സുസ്ഥിരമായി നിലനിർത്തുന്നതിനുവേണ്ടി സംരംഭക വർഷം 2.0 നടപ്പിലാക്കിയതും കേരളത്തെ നിക്ഷേപ സൗഹൃദമാക്കി മാറ്റുന്നതിന്റെ ഭാഗമായിട്ടാണ്.

കേരളത്തെ കൂടുതൽ നിക്ഷേപ സൗഹൃദമാക്കുന്നതിനും അതുവഴി വ്യവസായ സൗഹൃദ അന്തരീക്ഷം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും വേണ്ടി സംസ്ഥാന സർക്കാർ ഊർജ്ജിതമായ ഇടപെടലുകളാണ് നടത്തിക്കൊണ്ടിരിക്കുന്നത്.

(1) 2018- ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം

[Kerala Investment Promotion and Facilitation Act - 2018]

സംരംഭങ്ങളുടെ സുഗമമായ നടത്തിപ്പിനുവേണ്ടി 7 നിയമങ്ങളിലും 10 ചട്ടങ്ങളിലും സംസ്ഥാന സർക്കാർ ഭേദഗതി വരുത്തിയിട്ടുണ്ട്. അതനുസരിച്ച് സംസ്ഥാനത്ത് വ്യവസായം തുടങ്ങുന്നതിന് അനുമതി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന് കേരള പഞ്ചായത്ത് രാജ് നിയമം, കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, കേരള മുൻസിപ്പൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ എന്നിവയിൽ പ്രധാനപ്പെട്ട ഭേദഗതികൾ വരുത്തിയിട്ടുണ്ട്. (സർക്കുലർ 75/ആർഡി3/2019/തസ്വഭവ തീയതി 29/03/19) 2018-ലെ നിയമത്തിലൂടെ സംരംഭങ്ങൾ ആരംഭിക്കുതിനുള്ള ലൈസൻസിങ്ങ് സമ്പ്രദായത്തിൽ സമൂലമായ ഭേദഗതികൾ കൊണ്ടുവന്നു. മുൻകൂർ ലൈസൻസുകൾ കരസ്ഥാമാക്കാതെ തന്നെ

> **വളരെ വേഗത്തിൽ (30 ദിവസത്തിനുള്ളിൽ) സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള അനുമതി ഈ നിയമപ്രകാരം ലഭ്യമാണ്. ഫാക്ടറികൾ, വ്യാപാരങ്ങൾ, സംരംഭകത്വ പ്രവർത്തനങ്ങൾ മറ്റ് സേവനങ്ങൾക്കുള്ള ലൈസൻസ് എന്ന പുതിയ നാമധേയത്തിലാണ് ലൈസൻസ് നൽകുന്നത്.**

സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള വ്യവസ്ഥകൾ ഈ നിയമത്തിലുണ്ട്. വളരെ വേഗത്തിൽ (30 ദിവസത്തിനുള്ളിൽ) സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള അനുമതി ഈ നിയമപ്രകാരം ലഭ്യമാണ്. ഫാക്ടറികൾ, വ്യാപാരങ്ങൾ, സംരംഭകത്വ പ്രവർത്തനങ്ങൾ മറ്റ് സേവനങ്ങൾക്കുള്ള ലൈസൻസ് എന്ന പുതിയ നാമധേയത്തിലാണ് ലൈസൻസ് നൽകുന്നത്.

## 2018 – ലെ നിയമത്തിന്റെ മറ്റ് സവിശേഷതകൾ

- ലൈസൻസുകളുടെ കാലാവധി 5 വർഷം വരെ
- ഓൺലൈനായി എളുപ്പത്തിൽ പുതുക്കാവുന്നതാണ്
- പഞ്ചായത്ത്/ മുൻസിപ്പൽ സെക്രട്ടറിയുടെ അഭാവത്തിൽ അധികാരപ്പെടുത്തിയിട്ടുള്ള മറ്റ് ഉദ്യോഗസ്ഥർക്കും ലൈസൻസ് നൽകാവുന്നതാണ്
- സംരംഭങ്ങളുടെ സുഗമമായ നടത്തിപ്പിന് വിഘാതമായി നിൽക്കുന്ന സ്റ്റോപ്പ് മെമ്മോ സമ്പ്രദായത്തിൻമേലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരം കുറച്ചു.
- മലിനീകരണ നിയന്ത്രണ ബോർഡിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ സ്റ്റോപ്പ് മെമ്മോ നൽകാൻ പാടുള്ളൂ.
- എന്തെങ്കിലും പ്രശ്നമുണ്ടെങ്കിൽ അത് പരിഹരിക്കാനുള്ള അവസരം സംരംഭകന് ലഭ്യമാക്കണം. ആ പ്രശ്നം പരിഹരിച്ചില്ലെങ്കിൽ മാത്രം സ്റ്റോപ്പ് മെമ്മോ നൽകാവുന്നതാണ്.
- മലിനീകരണ നിയന്ത്രണ ബോർഡിന്റെ ഗ്രീൻ വിഭാഗത്തിൽ വരുന്ന 25-ൽ താഴെ മാത്രം തൊഴിലാളികളുള്ള സംരംഭങ്ങൾക്ക് അപേക്ഷകൻ സ്വയം സാക്ഷ്യപ്പെടുത്തി നൽകിയ വിവരത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് നൽകാവുന്നതാണ്.

(2) 2019-ലെ കേരള സൂക്ഷ്മ- ചെറുകിട- ഇടത്തരം- സംരംഭ ഫെസിലിറ്റേഷൻ ആക്ട്

[Kerala Micro- Small- Medium Enterprise Facilitation Act 2019]

ബാങ്ക് വായ്പ എടുത്തിട്ട് സംരംഭങ്ങൾ ആരംഭിക്കുന്നതിന് തദ്ദേശ സ്വയം ഭരണ ലൈസൻസ് കിട്ടുന്നതിന് സംരംഭകർ ദീർഘനാൾ കാത്തിരിക്കുന്ന ഒരു കാലഘട്ടമുണ്ടായിരുന്നു. സംരംഭങ്ങൾ ആരംഭിക്കാൻ കഴിയാത്തതുകൊണ്ട് ബാങ്കിൽ നിന്നും എടുത്ത വായ്പ തിരിച്ചടവ് നടത്താൻ കഴിയാത്ത സാഹചര്യമുണ്ടായിരുന്നു. ഇക്കാരണത്താൽ സംരംഭം തുടങ്ങുക എന്ന സ്വപ്നം പലർക്കും പാതി വഴിയ്ക്ക് ഉപേക്ഷിക്കേണ്ടി വന്നു. സംരംഭകരുടെ ഈ ദുരവസ്ഥ പരിഹരിക്കുന്നതിനുവേണ്ടിയാണ് 2019- മുതൽ സംസ്ഥാന സർക്കാർ കെ- സ്വിഫ്റ്റ് (K-Swift) എന്ന ഓൺലൈൻ സംവിധാനത്തിന് തുടക്കം കുറിച്ചത്. സംസ്ഥാനത്ത് വ്യവസായ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുകയെന്നതാണ് കെ- സ്വിഫ്റ്റ് (K-Swift - Kerala Single Window Interface For Fast and Transparent Clearance) എന്ന ഓൺലൈൻ സംവിധാനം നടപ്പിലാക്കിയതിലൂടെ സർക്കാർ ലക്ഷ്യം വയ്ക്കുന്നത്. സംരംഭകർക്ക് വേണ്ട അനുമതികൾ (Clearance) സമയബന്ധിതമായി നൽകുന്നതിനുവേണ്ടി സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ള 21 വകുപ്പുകളെയും ഏജൻസികളെയും ഏകോപിപ്പിച്ച് കൊണ്ടുള്ള വേഗതയേറിയതും സുതാര്യവുമായ ഏകജാലക സംവിധാനമാണ് (Single Window Clearance System) കെ- സ്വിഫ്റ്റ്. കേരളത്തിലേയ്ക്ക് കൂടുതൽ നിക്ഷേപം ആകർഷിക്കുന്നതിനും അതുവഴി കേരളം കൂടുതൽ വ്യവസായ സൗഹൃദമാക്കുന്നതിനും ഈ ഏകജാലക സംവിധാനത്തിലൂടെ കഴിഞ്ഞിട്ടുണ്ട്. ഭൂമിശാസ്ത്രപരമായി കേരളത്തിന് അനുയോജ്യമായത് സൂക്ഷ്മ- ചെറുകിട- ഇടത്തരം സംരംഭങ്ങളാണ്. ഈ




തരത്തിലുള്ള കൂടുതൽ സംരംഭങ്ങൾക്ക് ആരംഭം കുറിക്കുന്നതിന് കെ- സ്വിഫ്റ്റിലൂടെ കഴിഞ്ഞിട്ടുണ്ട്.

## കെ- സ്വിഫ്റ്റും തദ്ദേശ സ്വയംഭരണ ലൈസൻസും

പുതിയതായി ആരംഭിക്കുന്നതും മലിനീകരണ ബോർഡിന്റെ റെഡ് വിഭാഗത്തിൽ ഉൾപെടാത്തതുമായ സൂക്ഷ്മ- ചെറുകിട- ഇടത്തരം സംരംഭങ്ങൾക്ക് കെ- സ്വിഫ്റ്റ് വഴി അക്നോളജ്മെന്റ് എടുക്കാം. നെൽവയൽ- തണ്ണീർതട നിയമപ്രകാരം തടസ്സമുള്ള സ്ഥലത്ത് ആരംഭിക്കുന്ന സംരംഭങ്ങൾ, 2016-ലെ കേരള- നഗര- ഗ്രാമാസൂത്രണ നിയമപ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ള മാസ്റ്റർ പ്ലാനിൽ ഉൾപ്പെട്ടിട്ടുള്ള ഭൂമി വിനിയോഗിച്ച് ആരംഭിക്കുന്ന സംരംഭങ്ങൾക്ക് കെ-സ്വിഫ്റ്റിന് അർഹതയുണ്ടായിരിക്കുകയില്ല. 10 കോടിയിൽ താഴെ നിക്ഷേപമുള്ളതും മലിനീകരണ ബോർഡിന്റെ ചുവപ്പ് വിഭാഗത്തിൽ ഉൾപ്പെടാത്തതുമായ സംരംഭങ്ങൾ മുൻകൂർ ലൈസൻസില്ലാതെ ആരംഭിക്കാവുന്നതാണ്.

> **ബാങ്ക് വായ്പ എടുത്തിട്ട് സംരംഭങ്ങൾ ആരംഭിക്കുന്നതിന് തദ്ദേശ സ്വയം ഭരണ ലൈസൻസ് കിട്ടുന്നതിന് സംരംഭകർ ദീർഘനാൾ കാത്തിരിക്കുന്ന ഒരു കാലഘട്ടമുണ്ടായിരുന്നു. സംരംഭങ്ങൾ ആരംഭിക്കാൻ കഴിയാത്തതുകൊണ്ട് ബാങ്കിൽ നിന്നും എടുത്ത വായ്പ തിരിച്ചടവ് നടത്താൻ കഴിയാത്ത സാഹചര്യമുണ്ടായിരുന്നു.**

## കെ-സ്വിഫ്റ്റും കെട്ടിട നമ്പരും

[K-Swift and Building Number]

2019- ലെ നിയമപ്രകാരം 50 കോടി വരെ നിക്ഷേപമുള്ള സംരംഭങ്ങൾക്ക് മുൻകൂർ കെട്ടിട നമ്പർ ഇല്ലാതെ തന്നെ സംരംഭത്തിന് തുടക്കം കുറിക്കാവുന്നതാണ്. കെ-സ്വിഫ്റ്റ് വഴി അപേക്ഷ നൽകുമ്പോൾ ലഭിക്കുന്ന കെ-സ്വിഫ്റ്റ് നമ്പരിനെ 3 വർഷത്തേയ്ക്ക് താൽക്കാലിക കെട്ടിട നമ്പർ (Temporary Building Number) ആയി പരിഗണിക്കാവുന്നതാണ്. (സ: ഉ. (അച്ചടി) നമ്പർ 59/2023/വ്യവ. തീയതി 01-11-2023)

## കെ – സ്വിഫ്റ്റ് എങ്ങനെ എടുക്കാം?

(എ) സ്വയം സാക്ഷ്യപ്പെടുത്തിയ രേഖകളുടെ അടിസ്ഥാനത്തിൽ http//www.k-swift.kerala.gov.in എന്ന സമഗ്രമായ ഓൺലൈൻ പ്ലാറ്റ്ഫോം പ്രയോജനപ്പെടുത്തി കെ–സ്വിഫ്റ്റ് അക്നോളജ്മെന്റ് സർട്ടിഫിക്കറ്റ് നേടാവുന്നതാണ്.

(ബി) ആവശ്യമായ രേഖകൾ ഉപയോഗിച്ച് "Sign up" ചെയ്യണം.

(സി) രജിസ്ട്രേർഡ് മെയിൽ ഐ ഡിയിലേക്ക് ഒരു ലോഗിൻ പാസ്‌വേർഡ് ഉൾപ്പെടെ ഒരു മെയിൽ ലഭിക്കുന്നതാണ്.

(ഡി) ലോഗിൻ ക്ലിക്ക് ചെയ്യുക. മെയിലിൽ ലഭിച്ച യൂസർ ഐ ഡി യും പാസ്‌വേർഡും ഉപയോഗിക്കുക. യൂസർ ഐ. ഡി. എന്നത് മെയിൽ ഐ.ഡി. തന്നെയായിരിക്കും

(ഇ) ആദ്യ ലോഗിൻ ചെയ്യുമ്പോൾ പാസ്‌വേർഡ് മാറ്റുക.

(എഫ്) യൂസർ ഐഡിയും പുതിയ പാസ്‌വേർഡും ഉപയോഗിച്ച് വീണ്ടും ലോഗിൻ ചെയ്യുക.

(ജി) അതനുസരിച്ച് വിശദാംശങ്ങൾ പൂരിപ്പിക്കുക.

(എച്ച്) അവസാന സമർപ്പണത്തിനോടൊപ്പം ഓൺലൈനായി ഫീസ് അടയ്ക്കുക.

(ഐ) ഉടൻ തന്നെ പ്രിന്റർ വഴി ഒരു അക്നോളജ്മെന്റ് മെമ്മോ ലഭിക്കും

> **സ്വയം സാക്ഷ്യപ്പെടുത്തിയ രേഖകളുടെ അടിസ്ഥാനത്തിൽ http//www.k-swift.kerala.gov.in എന്ന സമഗ്രമായ ഓൺലൈൻ പ്ലാറ്റ്ഫോം പ്രയോജനപ്പെടുത്തി കെ – സ്വിഫ്റ്റ് അക്നോളജ്മെന്റ് സർട്ടിഫിക്കറ്റ് നേടാവുന്നതാണ്.**

## കെ – സ്വിഫ്റ്റിന് അപേക്ഷിക്കുന്നതിന് ആവശ്യമായ രേഖകൾ

**ഏക ഉടമസ്ഥത സംരംഭകർക്ക് താഴെപ്പറയുന്ന രേഖകൾ ആവശ്യമാണ്:–**

1. ആധാർ കാർഡ്
2. പാൻ കാർഡ്
3. ഫോട്ടോ
4. ഒപ്പ്
5. കരം അടച്ച രസീത്
6. സംരംഭത്തിന്റെ പേര്
7. ബന്ധപ്പെട്ട വ്യക്തിയുടെ മൊബൈൽ നമ്പർ, ഇ–മെയിൽ ഐഡി
8. കെട്ടിടത്തിന്റെ മൊത്തം വിസ്തീർണ്ണം
9. സംരംഭത്തിന്റെ മൊത്തം നിക്ഷേപം

മുകളിൽ പ്രതിപാദിച്ചത് കൂടാതെ പങ്കാളിത്ത സ്ഥാപനങ്ങൾ/ പ്രൈവറ്റ് ലിമിറ്റഡ് കമ്പനികൾക്ക് അവരുടെ കമ്പനിയുടെ പാൻകാർഡ് വേണം.

## കെ – സ്വിഫ്റ്റിന്റെ പ്രത്യേകതകൾ

- ഇ– മെയിൽ ഐ ഡി യും മൊബൈൽ നമ്പരും നൽകി കൊണ്ട് ഒറ്റത്തവണ രജിസ്ട്രേഷൻ നടത്താനാകും.
- സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ള 21 സർക്കാർ വകുപ്പുകൾ/ ഏജൻസികളിൽ നിന്നുമുള്ള അനുമതികൾ ഒരു ഏകജാലക സംവിധാനം വഴി ലഭ്യമാകുന്നു.
- ഒരു ഏകജാലക സംവിധാനമായതുകൊണ്ട് സംരംഭകരുടെ സമയം ലാഭിയ്ക്കുവാൻ കഴിയുന്നതാണ്.
- 21 വകുപ്പുകളിൽ നിന്നുമുള്ള അനുമതി ലഭിക്കുന്നതിന് ഒറ്റ അപേക്ഷ മതിയാകും.

(Through Application Form- CAF)

- ലൈൻ ഡിപ്പാർട്ട്മെന്റുകളുടെ പരിശോധന കുറയ്ക്കുവാൻ കഴിയുന്നു.
- അപേക്ഷയുടെ നിലവിലെ അവസ്ഥ ഓൺലൈൻ ട്രാക്കിങ്ങ് (online Tracking) മുഖേന മനസ്സിലാക്കുവാൻ കഴിയുന്നതാണ്.
- അപേക്ഷയുടെ നടപടിക്രമങ്ങളും അംഗീകാരവും വളരെ വേഗത്തിലുള്ളതും സുതാര്യവുമായ ഓൺലൈൻ സംവിധാനം

> 2021- ലെ ഭേദഗതി നിയമം പ്രാബല്യത്തിൽ വന്നത് 2020 ഒക്ടോബർ 5-ാം തീയതി മുതലാണ്. 'സൂക്ഷ്മ- ചെറുകിട- ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ' എന്നിവയോടൊപ്പം 'ഇതര വ്യവസായ സ്ഥാപനങ്ങളും' എന്ന വാക്കുകൾ കൂടി കൂട്ടിച്ചേർക്കപ്പെട്ടു.

മുഖേനയാണ്.

- എസ്. എം. എസ്/ ഇ-മെയിൽ മുഖേന ലളിതമായതും എളുപ്പത്തിലുള്ളതുമായ വെരിഫിക്കേഷൻ സാധ്യമാകുന്നു.

(3) 2021- ലെ കേരള സൂക്ഷ്മ- ചെറുകിട- ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ (ഭേദഗതി) നിയമം

## 2019- ലെ പ്രസ്തുത നിയമത്തിന്റെ 2019 (16) ഭേദഗതി ചെയ്തു.

2021- ലെ ഭേദഗതി നിയമം പ്രാബല്യത്തിൽ വന്നത് 2020 ഒക്ടോബർ 5-ാം തീയതി മുതലാണ്. "സൂക്ഷ്മ- ചെറുകിട- ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ" എന്നിവയോടൊപ്പം "ഇതര വ്യവസായ സ്ഥാപനങ്ങളും" എന്ന വാക്കുകൾ കൂടി കൂട്ടിച്ചേർക്കപ്പെട്ടു. ഈ രീതിയിലുള്ള ഒരു ഭേദഗതി കൊണ്ടുവന്നത് കേരളത്തിൽ ഏറ്റവും അനുയോജ്യമായ വ്യവസായ സൗഹൃദാന്തരീക്ഷം സൃഷ്ടിക്കുന്നതിനു വേണ്ടിയാണ്.

(4) സംരംഭങ്ങൾക്കുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഭേദഗതി

കേരള പഞ്ചായത്ത് / മുൻസിപ്പൽ നിർമ്മാണ ചട്ടങ്ങളിലും ഭേദഗതി വരുത്തിയിട്ടുണ്ട്. കെട്ടിടത്തിന്റെ ഏരിയകൾ (Plinth & Floor Area) തമ്മിലുള്ള അനുപാതം





വർദ്ധിപ്പിച്ച് കൊണ്ട് ഭേദഗതി വരുത്തിയിട്ടുണ്ട്. ഇതിന്റെ ഫലമായി സംരംഭങ്ങൾക്ക് കെട്ടിടം നിർമ്മിക്കുമ്പോൾ കൂടുതൽ ഭൂമി കെട്ടിട നിർമ്മാണത്തിന് ഉപയോഗിക്കാൻ കഴിയുന്നതാണ്. വിസ്തീർണ്ണം 1000 സ്ക്വയർ മീറ്ററിൽ താഴെയും പൊക്കം 15 മീറ്ററിൽ താഴെയുള്ള കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ഫയർ ആന്റ് റെസ്ക്യൂ വകുപ്പിന്റെ എൻ. ഒ. സി ആവശ്യമില്ല. കെട്ടിട നിർമ്മാണ അനുമതികൾ നൽകുന്നതിന് ജില്ലാ ടൗൺ പ്ലാനറെ അധികാരപ്പെടുത്തിയിട്ടുണ്ട്.

(5) ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ സെൽ (IPF Cell)

സംസ്ഥാന, ജില്ല എന്നിവിടങ്ങളിൽ ലഭിക്കുന്ന അപേക്ഷകൾ സമയബന്ധിതമായി തീർപ്പ് കൽപിക്കുന്നുണ്ടോയെന്ന് വിലയിരുത്തുന്നതിനുള്ള സംവിധാനമാണ് ഐ. പി. എഫ് സെൽ. കേരള ഏകജാലക ക്ലിയറൻസ് ബോർഡിനു വേണ്ടി (Kerala State Single Window Clearance Board) സംയുക്ത അനുമതി നൽകുന്നതിനുള്ള അധികാരവും ഈ സെല്ലിനാണ്. ഒരു പൊതു സോഫ്റ്റ്‌വെയറിന്റെ സഹായത്തോടെ ഈ സംവിധാനം പ്രവർത്തിക്കുന്നത്. വളരെ വേഗത്തിൽ സംരംഭകന് ഈ സംവിധാനത്തിലൂടെ സേവനം ലഭിക്കുന്നു.

(6) സൂക്ഷ്മ- ചെറുകിട- ഇടത്തരം ക്ലിനിക്ക് (MSME Clinic)

സൂക്ഷ്മ- ചെറുകിട ഇടത്തരം സംരംഭങ്ങൾ സംശയരഹിതമായി ആരംഭിക്കുന്നതിനും പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ ഉപദേശങ്ങൾ നൽകുന്നതിനുവേണ്ടി എല്ലാ ജില്ലകളിലും എം. എസ്. എം. ഇ ക്ലിനിക്കുകൾ ആരംഭിച്ചു. വിവിധ മേഖലകളിൽ വൈദഗ്ദ്ധ്യം തെളിയിച്ചവരെ ഓരോ ജില്ലകളിലും സംരംഭകരെ സഹായിക്കാനുള്ള പാനലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സംരംഭത്തിന്റെ തുടർ പ്രവർത്തനങ്ങൾക്കാവശ്യമായ ലൈസൻസിങ്, മാർക്കറ്റിംഗ്, ധനകാര്യം, സാങ്കേതികം, പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കൽ, ആശയങ്ങളുടെ സ്പഷ്ടീകരണം കയറ്റുമതി തുടങ്ങിയ വിവിധ വിഷയങ്ങളിൽ സംരംഭകർക്ക് ഉണ്ടാകുന്ന സംശയങ്ങൾ വ്യക്തമായി പരിഹരിക്കുന്നതിന് എം.

എസ്. എം. ഇ ക്ലിനിക്കുകളിലൂടെ കഴിയുന്നു.

(7) പരാതി പരിഹാര സംവിധാനം

ഇന്ത്യയിൽ ആദ്യമായി സംസ്ഥാനതല, ജില്ലാതല ഓൺലൈൻ പരാതി പരിഹാര സംവിധാനം പ്രവർത്തനം ആരംഭിച്ചത് കേരളത്തിലാണ്. സംരംഭങ്ങളുടെ പരാതികൾക്ക് 30 ദിവസത്തിനകം തീർപ്പ് കൽപ്പിക്കുന്ന ഓൺലൈൻ സംവിധാനമാണിത്. 10 കോടി വരെ നിക്ഷേപമുള്ള സംരംഭങ്ങളുമായി ബന്ധപ്പെട്ട പരാതികൾ കളക്ടർ അദ്ധ്യക്ഷനും ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ കൺവീനറുമായ ജില്ലാ സമിതി പരിശോധിക്കും. 10 കോടിയ്ക്ക് മുകളിലുള്ള പരാതികളും ജില്ലാ സമിതി തീരുമാനത്തിലുള്ള അപ്പീലും സംസ്ഥാന സമിതി പരിശോധിക്കുന്നതാണ്. സംസ്ഥാന സമിതിയുടെ കൺവീനർ സംസ്ഥാന വ്യവസായ വകുപ്പ് ഡയറക്ടറും ചെയർമാൻ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുമാണ്. സംസ്ഥാന തല ജില്ലാ സമിതിക്ക് സിവിൽ കോടതിയ്ക്കു തുല്യമായ അധികാരവുമുണ്ട്. സേവനം നൽകാൻ നിയുക്തനായ ഉദ്യോഗസ്ഥൻ മതിയായ കാരണം കൂടാതെ കാലതാമസം വരുത്തുകയോ വീഴ്ച വരുത്തുകയോ ചെയ്താൽ പിഴ ചുമത്താനും വകുപ്പ് തല നടപടിക്ക് ശുപാർശ ചെയ്യാനും ഈ സമിതിക്ക് അധികാരമുണ്ട്.

പരിഹാരം നിർദ്ദേശിച്ച ശേഷം 15 ദിവസത്തിനകം നടപടിയുണ്ടായില്ലെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന് ഒരു ദിവസം 250/- രൂപ എന്ന നിരക്കിൽ പിഴ ഒടുക്കാനും പരമാവധി 10,000 രൂപാ വരെ ഈ രീതിയിൽ പിഴ ഈടാക്കുവാനും അധികാരമുണ്ട്. 17 വകുപ്പുകളുമായി ബന്ധപ്പെട്ട പരാതികൾ http:/grievanceredressalindustry.kerala.gov.in എന്ന പോർട്ടൽ ലിങ്കിലൂടെ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

മുകളിൽ പ്രതിപാദിച്ച കെ- സ്വിഫ്റ്റ് നിയമങ്ങൾ, ചട്ടങ്ങൾ മുതലായവയെല്ലാം കേരളത്തെ വ്യവസായ സൗഹൃദമാക്കുന്നതിനുള്ള ചുവട് വയ്പുകളാണ്.

(സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ് മുൻ ഡെപ്യൂട്ടി ഡയറക്ടറാണ് ലേഖകൻ)





**ലോറൻസ് മാത്യു**

**ടെക്നോട്രെൻഡ്**



# ചിന്തകൾ നിയന്ത്രിക്കുന്ന സാങ്കേതിക വിദ്യ - ന്യൂറോ ടെക്നോളജി

**ലോകം** മാറ്റത്തിന്റെ പാതയിലൂടെയാണ് അനുദിനം മുന്നേറിക്കൊണ്ടിരിക്കുന്നത്. ശാസ്ത്രവും സാങ്കേതിക വിദ്യയും അതിന്റെ ഗവേഷണങ്ങളുമെല്ലാം സാധാരണക്കാർക്ക് ചിന്തിക്കുവാൻ പോലും കഴിയാത്ത മേഖലകളിലൂടെയാണ് ഇപ്പോൾ യാത്ര ചെയ്യുന്നത്. ടി വി നിയന്ത്രിക്കുവാൻ റിമോട്ടുകൾ വന്നപ്പോൾ അത്ഭുതം കൂറിയവർ മനസ്സ് കൊണ്ട് നിയന്ത്രിക്കാവുന്ന ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ കാലഘട്ടത്തിലാണ് നാമിന്ന് ജീവിക്കുന്നതെന്ന് തിരിച്ചറിഞ്ഞു കൊണ്ടിരിക്കുന്നു. അതായത് സാങ്കേതിക വിദ്യ മനുഷ്യന്റെ തലച്ചോറിന്റെ ചലനങ്ങൾ തിരിച്ചറിഞ്ഞ് അതിനോട് സംവദിക്കുന്ന കാലഘട്ടം

ആണിന്ന്. ഇതാണ് ന്യൂറോ ടെക്നോളജി എന്ന സാങ്കേതിക വിദ്യ. മനുഷ്യന്റെ തലച്ചോറിൽ കോടിക്കണക്കിന് ന്യൂറോണുകളുണ്ട്. ഇതിന്റെ പ്രവർത്തനങ്ങൾ പഠിക്കുകയും ഒപ്പം അത് പുറത്ത് നിന്ന് നിയന്ത്രിക്കുകയും ചെയ്യുന്നതുമൊക്കെ ഈ സാങ്കേതിക വിദ്യയുടെ പരിധിയിൽ വരും.

സത്യത്തിൽ നമുക്ക് ഈ സാങ്കേതിക വിദ്യയെ പരിചയമുണ്ട്. ഇ ഇ ജിയും എം ആർ ഐ സ്കാനിങ്ങും ആണ് സാധാരണക്കാർക്ക് ഈ സാങ്കേതിക വിദ്യ സുപരിചിതമാക്കിയത്. എന്നാൽ ഇതിന്റെ സാധ്യതകൾ അനന്തമാണ്. ഗവേഷണം നടന്ന് കൊണ്ടിരിക്കുന്ന ഒരു മേഖലയാണിത്. എം ആർ ഐ ക്ക് അപ്പുറത്തേക്ക് ബ്രെയിൻ കമ്പ്യൂട്ടർ ഇന്റർഫെയ്സിലേക്ക് സാങ്കേതിക വിദ്യ വളർന്നിരിക്കുന്നു. ഇത് രണ്ട് രീതിയിൽ ചെയ്യുവാൻ കഴിയും. ന്യൂറോണുകളിലേക്ക് നേരിട്ട് ഡിവൈസുകൾ ഘടിപ്പിക്കുന്ന രീതിയാണൊന്ന്. വളരെയധികം റിസ്കുള്ള ഒന്നാണിത്. മറ്റൊന്ന് പുറമേ നിന്ന് തലയോട്ടിയിലേക്ക് ഇംപ്ലാന്റുകൾ ഘടിപ്പിക്കുന്ന രീതിയാണ്. പുറത്ത് നിന്നുള്ള ഉപകരണങ്ങൾ ഉപയോഗിച്ച് ബ്രെയിൻ മോഡുലേഷൻ നടത്തുന്നതാണ് ന്യൂറോ സ്റ്റിമുലേഷൻ. ഇലക്ട്രിക് സിഗ്നലുകളോ, ഇലക്ട്രോ മാഗ്നറ്റിക് സിഗ്നലുകളോ ഉപയോഗിച്ചാണ് ഇത് സാധ്യമാക്കുന്നത്. പരസ്പരം ആശയങ്ങൾ കൈമാറുവാൻ സംസാരിക്കേണ്ടതില്ല മറിച്ച് ചിന്തിച്ചാൽ മതിയെന്നായിരിക്കുന്നു.

ഇന്ന് ഈ സാങ്കേതിക വിദ്യ ഏറെ വികാസം പ്രാപിച്ചയൊന്നാണ്. ഗവേഷണവും നടന്ന് കൊണ്ടിരിക്കുന്നു. മനുഷ്യന്റെ നെർവസ് സിസ്റ്റങ്ങൾക്കുണ്ടാകുന്ന തകരാറുകൾക്കുള്ള മരുന്നുകളുടെ ഗവേഷണവും ഉൽപ്പാദനവുമാണ് ന്യൂറോ ഫാർമക്കോളജി എന്നത് കൊണ്ട് അർത്ഥമാക്കുന്നത്. ന്യൂറോണുകളുടെ ഡേറ്റാ അനാലിസിസ്, അൽഗോരിതം തുടങ്ങിയവയൊക്കെ കൈകാര്യം ചെയ്യുന്നതാണ് ന്യൂറോ ഇൻഫർമാറ്റിക്സ്. ന്യൂറോ സയൻസും ബയോമെഡിക്കൽ എഞ്ചിനിയറിങ്ങും കൈകോർക്കുന്ന മേഖലയാണ് ന്യൂറോ പ്രോസ്തെറ്റിക്സ് എന്നത്. മനുഷ്യന്റെ നെർവസ് സിസ്റ്റങ്ങൾക്ക് കേടുപാടുകൾ സംഭവിക്കുമ്പോൾ അത് മാറ്റി മറ്റ് ഡിവൈസുകൾ ഘടിപ്പിക്കുന്നതാണിത്. കൃത്രിമമായി ന്യൂറോണുകളുണ്ടാക്കുകയോ, നിലവിലുള്ളവ നന്നാക്കുകയോ ചെയ്യുന്നതാണ് ന്യൂറോ ടിഷ്യു എഞ്ചിനിയറിങ്ങ് എന്നത് കൊണ്ടർത്ഥമാക്കുന്നത്. ന്യൂറോ ടെക്നോളജിയുടെ വികാസം നിരവധിയായ സംരംഭക സാധ്യതകൾ തുറന്നിടുന്നുണ്ട്.

## എവിടെയൊക്കെ

മനുഷ്യ ബ്രെയിനും യന്ത്രങ്ങളുമായി നേരിട്ട് സംവേദനം സാധ്യമാവുക എന്ന് പറഞ്ഞാൽ അത് തുറന്നിടുന്ന സാധ്യതകൾ നിരവധിയാണ്. ആയതിനാൽ സ്റ്റാർട്ടപ്പ് കമ്പനികൾക്ക് സാധ്യതയുള്ളയൊരു മേഖലയാണിത്.

പ്രധാനമായും ആരോഗ്യ രംഗത്താണ് ഇതിന്റെ ഉപയോഗം കൂടുതലായുള്ളത്. ന്യൂറോ പ്രോസ്തെറ്റിക്സ് രംഗത്ത് പുതിയ ഡിവൈസുകളുടെ ഉൽപ്പാദനം ഒരു സംരംഭക സാധ്യതയാണ്. പാർക്കിൻസൺസ് പോലുള്ള അസുഖങ്ങൾക്ക് ചികിത്സക്കായി ന്യൂറോ സ്റ്റിമുലേഷൻ ഉപയോഗിക്കുന്നുണ്ട്. പാർക്കിൻസൺസ് രോഗചികിത്സയ്ക്ക് അത്യാധുനിക ന്യൂറോനേവ് എം.ഇ.ആർ (മൈക്രോ ഇലക്ട്രോഡ് റെക്കോർഡിങ് സിസ്റ്റം) സാങ്കേതികവിദ്യ ദക്ഷിണേഷ്യയിൽ ആദ്യമായി അവതരിപ്പിച്ച് രംഗത്ത് എത്തിയിരിക്കുകയാണ് ആസ്റ്റർ മെഡ്സിറ്റി. ആസ്റ്റർ മെഡ്സിറ്റിയും ഇന്ത്യ

**ഇന്ന് ഈ സാങ്കേതിക വിദ്യ ഏറെ വികാസം പ്രാപിച്ചയൊന്നാണ്. ഗവേഷണവും നടന്ന് കൊണ്ടിരിക്കുന്നു. മനുഷ്യന്റെ നെർവസ് സിസ്റ്റങ്ങൾക്കുണ്ടാകുന്ന തകരാറുകൾക്കുള്ള മരുന്നുകളുടെ ഗവേഷണവും ഉൽപ്പാദനവുമാണ് ന്യൂറോ ഫാർമക്കോളജി എന്നത് കൊണ്ട് അർത്ഥമാക്കുന്നത്.**

മെഡ്ട്രോണിക്ക് പ്രൈവറ്റ് ലിമിറ്റഡും കൈകോർത്താണ് ന്യൂറോനേവ് എം.ഇ.ആർ സാങ്കേതികവിദ്യ കേരളത്തിലെത്തിക്കുന്നത്. ഇതോടെ പാർക്കിൻസൺസ് രോഗചികിത്സയായ ഡിബിഎസിൽ രാജ്യത്ത് വൻ കുതിച്ചുചാട്ടമുണ്ടാകും. കാലക്രമേണ രോഗിയുടെ ചലനശേഷി ഇല്ലാതാക്കുന്ന രോഗമാണ് പാർക്കിൻസൺസ്. ശരീരത്തിൽ ഘടിപ്പിക്കാവുന്ന പേസ്മേക്കർ പോലെയുള്ള ഒരു ഉപകരണത്തിൽ

നിന്നും തലച്ചോറിലേക്ക് സിഗ്നലുകൾ അയച്ച് ചലനശേഷി വീണ്ടെടുക്കുന്ന ചികിത്സാ രീതിയാണ് ഡിബിഎസ് അഥവാ ഡീപ് ബ്രെയിൻ സ്റ്റിമുലേഷൻ. രോഗിയുടെ തലച്ചോറിനുള്ളിൽ ഓപ്പറേഷനിലൂടെ ഇലക്ട്രോഡുകൾ കടത്തിവിട്ടാണ് ഇത് സാധ്യമാക്കുന്നത്. സാധാരണ 45 മിനിറ്റ് വരെ നീണ്ടുനിൽക്കുന്ന ഈ ഓപ്പറേഷൻ ന്യൂറോനേവ് എം.ഇ.ആർ സാങ്കേതിക വിദ്യ ഉപയോഗിച്ച് പത്ത് മിനിറ്റിനുള്ളിൽ പൂർത്തിയാക്കാം. താക്കോൽദ്വാര ശസ്ത്രക്രിയയിലൂടെ മുമ്പത്തേക്കാളേറെ കൃത്യമായും സൂക്ഷ്മമായും സർജറി പൂർത്തിയാക്കാൻ കഴിയും. രക്തസ്രാവം പരമാവധി കുറയുകയും മുറിവ് വേഗം ഉണങ്ങുകയും ചെയ്യുന്നു.

പാർക്കിൻസൺസ് രോഗത്തിന് മറ്റേതൊരു ചികിത്സയേക്കാളും ഫലപ്രദമാണ് ഡിബിഎസ്. രോഗം മൂർച്ഛിക്കുന്നതിന് മുമ്പ് ഡിബിഎസ് ചികിത്സയ്ക്ക് വിധേയരായാൽ രോഗിയുടെ നിത്യജീവിതത്തെ ബാധിക്കാത്ത തരത്തിൽ അവരുടെ ചലനശേഷി പരമാവധി വീണ്ടെടുക്കാൻ കഴിയും. എന്നാൽ ഇതിനു വളരെയധികം കഴിവും പരിശീലനവും നേടിയ ഡോക്ടർമാരെ ആവശ്യമാണ്. രോഗിയുടെ തലച്ചോറിനുള്ളിൽ ആഴത്തിൽ കൃത്യമായ ഇടത്ത് ഇലക്ട്രോഡുകൾ എത്തിക്കണം. അതിൽ ചെറിയ മാറ്റങ്ങൾ ഉണ്ടായാൽ പോലും ചികിത്സയുടെ ഫലവും വ്യത്യസ്തമായിരിക്കും. നിലവിലുള്ള എല്ലാ സാങ്കേതികവിദ്യയും ഉപയോഗിച്ചാലും തലച്ചോറിനുള്ളിലെ കൃത്യമായ ഇടങ്ങൾ കണ്ടുപിടിക്കുക അത്ര എളുപ്പമല്ല. എന്നാൽ ന്യൂറോനേവ് എം.ഇ.ആർ സാങ്കേതിവിദ്യ വരുന്നതോടെ ഈ സർജറി അനായാസവും സുരക്ഷിതവുമായി പൂർത്തീകരിക്കുവാനും കഴിയും. ലോകത്ത് ഇന്ന് ലഭ്യമായ ഏറ്റവും നല്ല മൈക്രോ ഇലക്ട്രോഡ് റെക്കോർഡിങ് സാങ്കേതിക വിദ്യയാണ് ന്യൂറോനേവ് എം.ഇ.ആർ. ആൽഫ ഒമേഗ എഞ്ചിനീയറിംഗ് എന്ന ഇസ്രായേലി കമ്പനിയാണ് ഈ സംവിധാനം വികസിപ്പിച്ചെടുത്തത്. ചുരുങ്ങിയ കാലത്തിനുള്ളിൽ അന്താരാഷ്ട്ര തലത്തിൽ പേരെടുക്കാൻ കഴിഞ്ഞ കമ്പനിയാണിത്.

അപസ്മാരം പോലുള്ള രോഗങ്ങൾക്കുള്ള ചികിത്സയും ഈ സാങ്കേതിക വിദ്യ ഉപയോഗിച്ച് സാധ്യമാണ്.

റോബോട്ടിക് കൈയുടെ സാധ്യതകൾ നമുക്ക് അറിയാവുന്നതാണ്. ബ്രെയിൻ കമ്പ്യൂട്ടർ ഇന്റർഫെയ്സ് വ്യാപകമാകുന്നതോട് കൂടി ചിന്തകൾ കൊണ്ട് ഇത് നിയന്ത്രിക്കുവാൻ കഴിയും. വീൽ ചെയർ ഉപയോഗിക്കുന്നവർക്ക് ഏറെ സഹായകരമാകുന്നയൊന്നാണ്. ഭാവിയിലെ വീൽ ചെയറുകൾ തന്നേയും മനുഷ്യരുടെ ചിന്തകൾക്കനുസരിച്ച് ചലിക്കുന്നവയായിരിക്കും.

സംസാരിക്കുവാൻ കഴിയാത്തവർക്ക് തമ്മിലുള്ള കമ്യൂണിക്കേഷൻ ഇത് വഴി സാധ്യമാണ്. ചാറ്റിങ്ങിൽ എന്ത് ടൈപ്പ് ചെയ്യണമെന്ന് നമ്മുടെ കൈ തീരുമാനിക്കുന്നതിന് പകരം ചിന്തിച്ചാൽ അത് ടൈപ്പ് ചെയ്ത് മറ്റേ ആൾക്ക് അയക്കുന്നത് ആണ് ഇനി നാം കാണുവാൻ പോകുന്നത്.

ന്യൂറോ ടെക്നോളജിയുടെ സാധ്യതകൾ വ്യാപകമായി ഉപയോഗിക്കുന്ന ഒന്നാണ് ഗെയിമിങ്ങ് മേഖല. വിർചൽ റിയാലിറ്റിയും ഓഗ്മെന്റഡ് റിയാലിറ്റിയുമൊക്കെ ഉപയോഗപ്പെടുത്തിയാണ് ഇപ്പോഴത്തെ ഗെയിമിങ്ങ് എല്ലാം തന്നെ. ഡിവൈസുകൾ ഒന്നും ഉപയോഗിക്കാതെ തന്നെ ചിന്തകൾക്കനുസരിച്ച് ഗെയിം കളിക്കുവാൻ കഴിയുന്നത് ഈ സാങ്കേതിക വിദ്യയുടെ സഹായത്താലാണ്. ഗെയിം കളിക്കുന്നവരുടെ വികാരങ്ങളും മാനസിക വ്യാപാരങ്ങളും അപ്പപ്പോൾത്തന്നെ ഒപ്പിയെടുക്കുവാൻ ഈ സാങ്കേതിക വിദ്യയിൽ സാധ്യമാണെന്നതിനാൽത്തന്നെ ഗെയിം ഡവലപ്പർമാർക്ക് ഇതിൽ മാറ്റം വരുത്തുവാൻ കഴിയും.

ന്യൂറോ ഇൻഫർമാറ്റിക്സും ന്യൂറോ ഫാർമക്കോളജിയുമൊക്കെ സ്റ്റാർട്ടപ്പുകൾക്ക് സാധ്യതയുള്ള മേഖലകളാണ്. Neurona Therapeutics, Cognito Therapeutics, Cogent Biosciences തുടങ്ങിയവയൊക്കെ ഈ രംഗത്തെ സ്റ്റാർട്ടപ്പ് കമ്പനികളാണ്.

ന്യൂറോ സാങ്കേതിക വിദ്യയുടെ വികാസം ഏറെ മാറ്റം വരുത്തുവാൻ പോകുന്ന ഒരു മേഖലയാണ് വിദ്യാഭ്യാസം. ബ്രെയിൻ മാപ്പിങ്ങ് ഉയോഗപ്പെടുത്തി ഓരോ കുട്ടിയുടേയും ലേണിങ്ങ് സ്റ്റൈൽ, ശക്തിയും ദൗർബല്യവുമൊക്കെ തിരിച്ചറിഞ്ഞ് നൽകുന്നതാവും ഇനിയുള്ള കാലഘട്ടത്തിലെ വിദ്യാഭ്യാസം. അതായത് പേഴ്സണലൈസ്ഡ് ലേണിങ്ങ് വ്യാപകമാകുമെന്നർത്ഥം. ട്രാൻസ്കാനിയൽ മാഗ്നറ്റിക് സ്റ്റിമുലേഷൻ ഉപയോഗപ്പെടുത്തി കുട്ടിയുടെ ഓർമ്മശക്തി അളക്കുന്നതും കുട്ടിയെ മനസ്സിലാക്കുവാനും അതനുസരിച്ച് അവനെ സഹായിക്കുവാനും സാധിക്കുന്നതാണ്. ഓരോ കുട്ടിക്കും ആവശ്യമായ ട്രെയിനിങ്ങ് മെറ്റീരിയൽസ് രൂപ



പ്പെടുത്തുന്ന കാലമാണ് ഇനി വരുവാൻ പോകുന്നത്. ലേണിങ്ങ് ഡിസെബിലിറ്റിയുള്ള കുട്ടികൾക്ക് അവരുടെ യഥാർത്ഥ പ്രശ്നം തിരിച്ചറിഞ്ഞ് അത് പരിഹരിക്കുന്നത് ഈ സാങ്കേതിക വിദ്യയിലൂടെ സാധ്യമാണ്.

ഒരു കമ്പനിയിലെ ജീവനക്കാരുടെ മാനസിക പ്രശ്നങ്ങളും സ്കില്ലുകളും മനസ്സിലാക്കുവാനും അതനുസരിച്ച് അവരെ പരിശീലിപ്പിക്കുവാനും ഇത് വഴി സാധ്യമാണ്. ജീവനക്കാരുടെ നിയമനത്തിൽ ത്തന്നെ ഈ സാങ്കേതിക വിദ്യക്ക് പലതും ചെയ്യു വാൻ കഴിയും. ജീവനക്കാരുടെ മാനസിക ആരോഗ്യം, സ്കില്ലുകൾ തുടങ്ങിയവയൊക്കെ വ്യക്തമായി മനസ്സിലാക്കുവാൻ ഇത് വഴി സാധ്യമാണ്. പഴയത് പോലെ ടെസ്റ്റും ഇന്റർവ്യൂവും മാർക്ക് ലിസ്റ്റിലെ അക്കങ്ങളും മാത്രം പോര ഇനിയുള്ള കാലത്ത് ഒരു ജോലി ലഭിക്കുവാൻ എന്നർത്ഥം. പ്രത്യേകിച്ചും കോർപ്പറേറ്റ് മേഖലയിൽ.

ഒപ്പം കസ്റ്റമറുടെ മുഖചലനങ്ങൾ തിരിച്ചറിഞ്ഞ് അവർക്ക് ഉൽപ്പന്നങ്ങളോടുള്ള താൽപ്പര്യത്തെ മനസ്സിലാക്കി അവരോട് ഇടപെടുവാൻ കഴിയുന്നത് റീട്ടെയിൽ മേഖലയിൽ വരുവാൻ പോകുന്ന മാറ്റമാണ്. പ്രത്യേകിച്ചും വലിയ സൂപ്പർ മാർക്കറ്റുക ളിലും ഷോപ്പിങ്ങ് കോപ്ലക്സുകളിലുമൊക്കെ. ജീവന ക്കാരുടെ മാനസിക വ്യാപാരങ്ങൾ തിരിച്ചറിഞ്ഞ് അതിനനുസരിച്ച് തൊഴിലിടങ്ങൾ രൂപവൽക്കരിക്കു ന്നതാവും ഇനി കോർപ്പറേറ്റ് കമ്പനികളിൽ കാണുവാൻ പോകുന്നത്.

കായിക രംഗത്ത് ഈ സാങ്കേതിക വിദ്യ ഏറെ പ്രയോജനകരമായ ഒന്നാണ്. കളിക്കാരെ വ്യക്തമായി മനസ്സിലാക്കി അതനുസരിച്ച് പരിശീലനം നൽകുവാൻ കഴിയുന്നതാണ്. മാത്രമല്ല അപകട സാധ്യതകൾ മുൻകൂട്ടി തിരിച്ചറിയുവാനും അതനുസരിച്ച് പ്രതിവിധി എടുക്കുവാനുമൊക്കെ സാധ്യമാണ്. ഇലക്ട്രോ മയോഗ്രാഫി ആണ് ഇവിടെ ഉപ യോഗപ്പെടുത്തുന്നത്.

മാർക്കറ്റ് സർവ്വേ നടത്തുന്ന കമ്പനികൾക്കും ബ്രാൻഡ് പ്രൊമോഷൻ നടത്തുന്ന കമ്പനികൾക്കു മൊക്കെ ഇനിയുള്ള കാലത്ത് പ്രയോജനപ്പെടുവാൻ പോകുന്ന ഒരു സാങ്കേതിക വിദ്യയാണിത്. കമ്പനികൾക്ക് ബിസിനസ്സിൽ വിവിധ തീരുമാന ങ്ങളെടുക്കുവാൻ ഈ സാങ്കേതിക വിദ്യ സഹായകരമായിരിക്കും. പുതിയ ഉൽപ്പന്നങ്ങളുടെ രൂപകൽപ്പനക്കും ഇത് ഉപയോഗിക്കാവുന്നതാണ്.

ഏറെ ഗവേഷണങ്ങൾ നടന്ന് കൊണ്ടിരിക്കുന്ന ഒരു മേഖലയാണിത്. ആയതിനാൽത്തന്നെ ഏതൊക്കെ മേഖലകളിലാണ് മാറ്റങ്ങൾ വരിക എന്ന് കൃത്യമായി പറയുവാൻ പ്രയാസമാണ്. എന്നാൽ ഈ സാങ്കേതിക വിദ്യ നമ്മുടെ ജീവിതത്തിൽ ഏറെ മാറ്റങ്ങൾ കൊണ്ട് വരുമെന്നത് നിസ്തർക്കമായ ഒന്നാണ്.

മനോജ് മാതിരപ്പള്ളി




# ഉയർന്ന വിറ്റുവരവ് ലക്ഷ്യമിട്ട് കശുവണ്ടി വികസന കോർപറേഷൻ

**പൊതുമേഖലാ** സ്ഥാപനമായ സംസ്ഥാന കശുവണ്ടി വികസന കോർപറേഷൻ നേട്ടത്തിന്റെ പാതയിലാണ്. കോർപറേഷൻ പുറത്തിറക്കുന്ന മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ വിറ്റുവരവിലൂടെ ഇക്കഴിഞ്ഞ വർഷം 11 കോടി രൂപ ലഭിച്ചു. മുൻവർഷങ്ങളിൽ അഞ്ചുമുതൽ ആറുകോടി രൂപവരെ വിറ്റുവരവ് നേടിയ സാഹചര്യത്തിൽ നിന്നുമാണ് 11 കോടിയിലേക്കുള്ള കുതിപ്പ്. വൈവിധ്യമാർന്ന ഉത്പന്നങ്ങൾ പുറത്തിറക്കാൻ കഴിഞ്ഞതാണ് ഉയർന്ന വിറ്റുവരവ് നേടാൻ കോർപറേഷന് സഹായകമായത്. കോർപറേഷന്റെ തന്നെ ഔട്ട്ലെറ്റുകളിലൂടെയും ഫ്രാഞ്ചൈസികളിലൂടെയും ഓൺലൈനിലൂടെയുമെല്ലാം മികച്ച വിൽപ്പന നടന്നു. ഇതോടൊപ്പം, ഈ കലണ്ടർ വർഷത്തെ വിറ്റുവരവ് 30 കോടി രൂപയായി വർദ്ധിപ്പിക്കുകയാണ് കോർപറേഷന്റെ ലക്ഷ്യം. ഇതിന് സഹായകമായ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരികയും ചെയ്യുന്നു.

കശുവണ്ടിയും കശുമാങ്ങയും സംസ്കരിച്ച് ഒട്ടേറെ ഉത്പന്നങ്ങളാണ് ഇപ്പോൾ കശുവണ്ടി വികസന കോർപറേഷൻ വിപണിയിൽ എത്തിക്കുന്നത്. കാഷ്യു ജാം, ചില്ലി ഗാർലിക് കാഷ്യു നട്സ്, കാഷ്യു ആപ്പിൾ സോഡ, കാഷ്യു ആപ്പിൾ സ്ക്വാഷ്, ചില്ലി കോട്ടഡ് കാഷ്യു നട്സ്, സാൾട്ട് ആൻഡ് പെപ്പർ കാഷ്യു നട്സ്, കാഷ്യു പൗഡർ, കാഷ്യു സൂപ്പ് മിക്സ് തുടങ്ങിയവയെല്ലാം ഇതിൽ ഉൾപ്പെടുന്നു. വിറ്റുവ



രവ് വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ മൂല്യവർദ്ധിത ഉത്പന്നങ്ങളും ഈ വർഷം പുറത്തിറക്കും. കശുവണ്ടിയിൽനിന്ന് ഉത്പാദിപ്പിക്കുന്ന ഐസ്ക്രീം, കേക്ക്, മിൽക്ക്, ചോക്ലേറ്റ്, ഹണി കോട്ടഡ് കാഷ്യു എന്നിവയാണ് കോർപറേഷൻ പുതിയതായി വിപണിയിൽ എത്തിക്കുന്ന ഉത്പന്നങ്ങൾ. ഇവ കൂടിയെത്തുന്നതോടെ ലക്ഷ്യമിട്ടുള്ള വിറ്റുവരവ് ബുദ്ധിമുട്ടില്ലാതെ നേടാൻ കഴിയുമെന്ന് തന്നെയാണ് കോർപറേഷന്റെ വിലയിരുത്തൽ.

## കയറ്റുമതി രംഗത്തെ നേട്ടം

രാജ്യത്തെ കശുവണ്ടി ഉത്പാദനരംഗത്ത് ആറാം സ്ഥാനത്താണെങ്കിലും ലോകകമ്പോളത്തിലേക്കുള്ള കയറ്റുമതിയിൽ മികച്ച നേട്ടമുണ്ടാക്കാൻ കേരളത്തിന് സാധിക്കുന്നുണ്ട്. മഹാരാഷ്ട്ര, ആന്ധ്രാപ്രദേശ്, ഒറീസ, കർണാടക, തമിഴ്നാട് തുടങ്ങിയ സംസ്ഥാനങ്ങളാണ് കേരളത്തേക്കാൾ കൂടുതൽ കശുവണ്ടി ഉത്പാദിപ്പിക്കുന്നത്. എന്നാൽ, ഇതുമായി ബന്ധപ്പെട്ട റിപ്പോർട്ടുകൾപ്രകാരം കഴിഞ്ഞ സാമ്പത്തികവർഷം ഇന്ത്യയിൽനിന്നുള്ള കശുവണ്ടി പരിപ്പിന്റെയും മൂല്യവർദ്ധിത ഉത്പന്നങ്ങളുടെയും കയറ്റുമതിയുടെ 44 ശതമാനവും കേരളത്തിന്റെ സംഭാവനയായിരുന്നു. 2022–2023 സാമ്പത്തികവർഷം ഇന്ത്യയിൽനിന്നും 74,824.68 ടൺ കശുവണ്ടി പരിപ്പ്-മൂല്യവർദ്ധിത ഉത്പന്ന കയറ്റുമതി ചെയ്തതിലൂടെ 370.31 ദശലക്ഷം യു.എസ്. ഡോളറാണ് ലഭിച്ചത്. ഇതിൽ 161.53 ദശലക്ഷം യു.എസ്. ഡോളറിന്റെ ഉത്പന്നങ്ങളും കേരളത്തിൽ നിന്നുള്ളതായിരുന്നു.

സൗദി അറേബ്യ, യുഎഇ, ഖത്തർ, അമേരിക്ക, ജർമ്മനി, ജപ്പാൻ, സ്പെയിൻ തുടങ്ങിയ രാജ്യങ്ങളിലേക്കാണ് ഇവിടെനിന്നുള്ള കശുവണ്ടി ഉത്പന്നങ്ങളിൽ അധികവും കയറ്റുമതി ചെയ്യുന്നത്. അതേസ

മയം, വിപണിയിൽ ആവശ്യമായത്രയും തോട്ടണ്ടി ഉത്പാദിപ്പിക്കാൻ കഴിയുന്നില്ലെന്നതാണ് കേരളം ഈ രംഗത്ത് നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി. ഇതുമൂലം വിദേശരാജ്യങ്ങളിൽനിന്നും തോട്ടണ്ടി ഇറക്കുമതി ചെയ്ത് സംസ്കരിച്ചാണ് ഇവിടുത്തെ മൂല്യവർദ്ധിത ഉത്പന്ന നിർമ്മാണവും കയറ്റുമതിയും നടക്കുന്നത്. ടാൻസാനിയ, ഘാന, മൊസാംബിക് തുടങ്ങിയ ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നെല്ലാം ഇവിടേക്ക് തോട്ടണ്ടി ഇറക്കുമതി ചെയ്തുവരുന്നു. നാടൻ തോട്ടണ്ടി സംഭരിക്കുന്നതിനും, തികയാതെ വരുന്ന തോട്ടണ്ടി മറ്റു രാജ്യങ്ങളിൽനിന്ന് ഇറക്കുമതി ചെയ്യുന്നതിനുമായി രൂപീകരിക്കപ്പെട്ട കാഷ്യു ബോർഡിന്റെ പ്രവർത്തനവും ഈ മേഖലയ്ക്ക് ഗുണകരമായി.

2017 മുതൽ 639.42 കോടി രൂപ ചെലവഴിച്ച് 63,061 മെട്രിക് ടൺ കശുവണ്ടി ഇറക്കുമതി ചെയ്തിരുന്നു. ഇതോടൊപ്പം, അയ്യായിരം മെട്രിക് ടൺ തോട്ടണ്ടിയുടെ ഇറക്കുമതിക്കായി 25 കോടിരൂപ അനുവദിച്ചതിന് പുറമെ ഈ സാമ്പത്തികവർഷം 175 കോടിരൂപ ചെലവഴിച്ച് പതിനേഴായിരം മെട്രിക് ടൺ തോട്ടണ്ടി കൂടി ഇറക്കുമതി ചെയ്യും. കാഷ്യു ബോർഡ് രൂപീകരിച്ചതിന് ശേഷമുള്ള ഏറ്റവും വലിയ സംഭരണമായിരിക്കും ഇത്. ഇനിമുതൽ എല്ലാ വർഷവും മുപ്പതിനായിരം മെട്രിക് ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്യാനും സംസ്ഥാന സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. അതേസമയം, കശുവണ്ടിപ്പരിപ്പിന് ആഗോളവിപണിയിൽ ഡിമാൻഡ് കൂടിവരികയും തോട്ടണ്ടിയുടെ ഇറക്കുമതിച്ചെലവ് കൂടുകയും ചെയ്ത സാഹചര്യത്തിൽ അയൽസംസ്ഥാനങ്ങളിൽനിന്നും ആവശ്യത്തിന് തോട്ടണ്ടി ഇറക്കുമതി ചെയ്യാനും കാഷ്യു ബോർഡ് ശ്രമിച്ചുവരുന്നു. അവിടുത്തെ സഹകരണസംഘങ്ങൾ മുഖേനെ കശുവണ്ടി ശേഖരിക്കുകയാണ് ലക്ഷ്യം. മറ്റു സംസ്ഥാനങ്ങളിൽ കശുവണ്ടി ഫാക്ടറികൾ കുറവായതിനാൽ അവിടുത്തെ സർക്കാരുകളുമായി ഇത് സംബന്ധിച്ച് ധാരണയുണ്ടാക്കാൻ കഴിയുമെന്നാണ് വിലയിരുത്തൽ.

## കേരളത്തിന്റെ അനുകൂലഘടകങ്ങൾ

കശുവണ്ടി ഉത്പാദനത്തിലും സംസ്കരണത്തിലും മൂല്യവർദ്ധിത ഉത്പന്നനിർമ്മാണത്തിലും കയറ്റുമതിയിലും കേരളത്തിന് അനുകൂലമായി മാറിയിട്ടുള്ള ഒട്ടേറെ ഘടകങ്ങളുണ്ട്. കശുവണ്ടി ഉത്പാദനത്തിൽ രാജ്യത്ത് ആറാം സ്ഥാനത്താണ് കേരളമെങ്കിലും ഗുണമേന്മയുടെ കാര്യത്തിൽ ഒന്നാമതാണ്. ആഗോളതലത്തിൽ തന്നെ ഏറ്റവും മികച്ച കശുവണ്ടി ഉത്പാദിപ്പിക്കപ്പെടുന്നത് കണ്ണൂർ, കാസർകോഡ് ജില്ലകളിലാണ്. കേരളത്തിലെ കശുവണ്ടി ഉത്പാദനത്തിന്റെ സിംഹഭാഗവും ഈ രണ്ടു ജില്ലകളിൽ നിന്നുതന്നെ. ഈ മേഖലയിൽ പ്രവർത്തിക്കുന്ന ഫാക്ടറികളുടെ കാര്യത്തിലും കേരളം മുൻപന്തിയിലാണ്. കേരളത്തേക്കാൾ അധികം കശുവണ്ടി ഉത്പാദിപ്പിക്കുന്ന അഞ്ച് സംസ്ഥാനങ്ങളെയും അപേ



ക്ഷിച്ച് കൂടുതൽ ഫാക്ടറികൾ ഇവിടെ പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാനത്ത് ഏറ്റവുമധികം കശുവണ്ടി ഫാക്ടറികളുള്ളത് കൊല്ലം ജില്ലയിലാണ്.

ഇതോടൊപ്പം അഖിലേന്ത്യാതലത്തിൽ തന്നെ ഏറ്റവും മികച്ച കശുമാവ് ഗവേഷണകേന്ദ്രങ്ങളിലൊന്ന് കേരളത്തിൽ ആണെന്നതും ഇവിടുത്തെ സാധ്യതകൾ വർദ്ധിപ്പിക്കുന്നു. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള മാടക്കത്തറ കശുമാവ് ഗവേഷണകേന്ദ്രം ഈ രംഗത്ത് മികച്ച പ്രവർത്തനമാണ് നടത്തുന്നത്. കശുവണ്ടി ശേഖരിച്ചതിനുശേഷം ഉപേക്ഷിക്കപ്പെടുന്ന കശുമാങ്ങയിൽനിന്നും നിരവധി മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിൽ ഇതിനകം തന്നെ വിജയം കൈവരിക്കാൻ മാടക്കത്തറ ഗവേഷണ കേന്ദ്രത്തിന് കഴിഞ്ഞിട്ടുണ്ട്. ഈ രംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾ കൊണ്ടുവരാൻ കേരള കാർഷിക സർവ്വകലാശാലയും കശുവണ്ടി വികസന കോർപറേഷനും സംയുക്തമായി തയ്യാറെടുക്കുകയും ചെയ്യുന്നു. കശുമാങ്ങയിൽനിന്നും സിറപ്പ്, മിക്സഡ് ജാം, അച്ചാർ, കാൻഡി, ശീതളപാനീയങ്ങൾ, ചട്നി തുടങ്ങി ഒൻപത് മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള സാങ്കേതികവിദ്യ കാർഷിക സർവ്വകലാശാല വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇത് ഉപയോഗിച്ച് കശുവണ്ടി വികസന കോർപറേഷനും പ്ലാന്റേഷൻ കോർപറേഷനും ആറളം ഫാമും ഉൾപ്പെടെയുള്ളവർ ഉത്പന്നങ്ങൾ വിപണിയിൽ എത്തിക്കുകയും ചെയ്യുന്നു.



ഈ സാങ്കേതികവിദ്യകൾ കുറഞ്ഞ ചെലവിൽ സംരംഭകരിലേക്ക് എത്തിക്കുകയാണ് ഇപ്പോഴത്തെ ലക്ഷ്യം. ഇതോടൊപ്പം, ഈ രംഗത്തെ തൊഴിലാളികൾക്ക് ആവശ്യമായ വിദഗ്ധപരിശീലനവും ലഭ്യമാക്കും. ഇത്തരത്തിൽ, കശുവണ്ടി ശേഖരിച്ച ശേഷം ഉപേക്ഷിക്കപ്പെടുന്ന ലക്ഷക്കണക്കിന് ടൺ കശുമാങ്ങകൾ കൂടി മൂല്യവർദ്ധിത ഉത്പന്നമാക്കി മാറ്റാൻ കഴിഞ്ഞാൽ കർഷകർക്കും സംരംഭകർക്കുമെല്ലാം വൻവരുമാനം നേടാൻ കഴിയുമെന്നും കണക്കാക്കപ്പെടുന്നു. കശുമാങ്ങയിൽ അടങ്ങിയിരിക്കുന്ന ടാനിനുകൾ മൂലം അവയ്ക്കുണ്ടാകുന്ന ചവർപ്പാണ് ഈ മേഖല നേരത്തെ അഭിമുഖീകരിച്ചിരുന്ന പ്രധാന വെല്ലുവിളി. എന്നാൽ സംസ്കരണത്തിന് മുൻപുതന്നെ പഴത്തിലടങ്ങിയിരിക്കുന്ന മുഴുവൻ കറയും നീക്കംചെയ്യുന്നതിനുള്ള സാങ്കേതികവിദ്യകൾ ഇതിനകം തന്നെ വികസിപ്പിച്ചെടുത്തിട്ടുണ്ട്. കൂടാതെ, കശുമാങ്ങയിൽനിന്നും ഗുണമേന്മയുള്ള വൈൻ ഉത്പാദിപ്പിക്കാൻ കഴിയുന്ന സാങ്കേതികവിദ്യയും വികസിപ്പിച്ചെടുത്തുകഴിഞ്ഞു. സർക്കാർ നയമനുസരിച്ച് കശുമാങ്ങ വൈൻ കൂടി വിപണിയിൽ എത്തുന്നതോടെ ഈ മേഖലയ്ക്ക് ഇരട്ടിനേട്ടമാവും ലഭിക്കുക.

## സമഗ്ര പരിഷ്കരണത്തിന് ലക്ഷ്യം

കേരളത്തിന്റെ കശുവണ്ടി മേഖലയിൽ സമഗ്ര പരിഷ്കരണത്തിനുള്ള പദ്ധതികളാണ് നടപ്പാക്കി വരുന്നത്. 2016-ന് മുൻപ് ഫാക്ടറികൾ പൂട്ടിക്കിടക്കുന്ന സാഹചര്യമായിരുന്നുവെങ്കിൽ അതിനുശേഷം സ്ഥിതിഗതികൾ മാറി. അടഞ്ഞുകിടന്ന ഫാക്ടറികൾ തുറന്നുപ്രവർത്തിക്കാൻ നടപടി സ്വീകരിച്ചു. ആയിരക്കണക്കിന് തൊഴിലാളികളെ പുതിയതായി നിയമിച്ചു. ജോലി നഷ്ടപ്പെട്ട സ്വകാര്യ ഫാക്ടറികളിലെ തൊഴിലാളികൾക്കും കാപ്പക്സിൽ നിയമനം ലഭിച്ചു. ഇതോടൊപ്പം അടിസ്ഥാന സൗകര്യവികസനത്തിനും നവീകരണത്തിനുമായി ഒട്ടേറെ നടപടികളുണ്ടായി. ഭാഗിക യന്ത്രവൽക്കരണത്തിനായുള്ള കട്ടിംഗ് മെഷീനുകൾ സ്ഥാപിക്കപ്പെട്ടത് അങ്ങനെയാണ്. കൂടാതെ തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടിയും ഒട്ടേറെ പദ്ധതികൾ നടപ്പാക്കി. ഡൈനിംഗ് ഹാൾ, ഡ്രസിംഗ് റൂം, വായനാമുറി, ആധുനിക ഇൻസിനേറ്ററുകളുള്ള ടോയ്‌ലറ്റ് ബ്ലോക്കുകൾ, ചുമട് എളുപ്പമാക്കുന്ന ഹൈഡ്രോളിക് പുള്ളറ്റ്



ട്രക്കുകൾ, ഊഷ്മാവ് ക്രമീകരിക്കാനുള്ള തെർമ്മൽ സിസ്റ്റം എന്നിവ ഇതിൽ ചിലതുമാത്രം.

ഇതിനുപുറമെ, കശുവണ്ടി മേഖലയെ ശക്തിപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി ഇതേക്കുറിച്ച് പഠിക്കാൻ വിദഗ്ധസമിതിയെയും നിയോഗിച്ചു. വിശദമായ പഠനത്തിനുശേഷം അഞ്ചംഗസമിതി സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ച് നടപടി സ്വീകരിക്കുമെന്ന് സർക്കാർ ഉറപ്പുനൽകുകയും ചെയ്തിട്ടുണ്ട്. പ്രീമിയം ബ്രാൻഡിൽ കശുവണ്ടി വിപണനം സാധ്യമാക്കുക, ഈ മേഖലയിൽ യന്ത്രവൽക്കരണവും നവീകരണവും നടപ്പിലാക്കുക, കൂടുതൽ പ്രദേശങ്ങളിലേക്ക് കശുമാവ് കൃഷി വ്യാപിപ്പിക്കുക തുടങ്ങിയ നിർദ്ദേശങ്ങളാണ് മുഖ്യമായും റിപ്പോർട്ടിലുള്ളത്. കൊല്ലം കാഷ്യു, കേരള കാഷ്യു തുടങ്ങിയ ഭൗമ പ്രത്യേകതകൾ കൂടി ഉൾപ്പെടുത്തി വേണം പ്രീമിയം ബ്രാൻഡിൽ കശുവണ്ടി ഉത്പന്നങ്ങൾ പുറത്തിറക്കേണ്ടതെന്നാണ് സമിതിയുടെ നിർദ്ദേശം. വിയറ്റ്നാമിൽ നിന്നും ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നും കുറഞ്ഞ നിരക്കിലെത്തുന്ന കശുവണ്ടി ഉത്പന്നങ്ങളോട് കമ്പോളത്തിൽ മത്സരിക്കാൻ ഇത് ആവശ്യമാണെന്നും ചൂണ്ടിക്കാണിക്കപ്പെടുന്നു.

കശുമാവിനെ തോട്ടവിളയായി പ്രഖ്യാപിക്കാൻ കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തുക, സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളുടെ ഉടമസ്ഥതയിലുള്ള ഭൂമിയിലേക്ക് കശുമാവ് കൃഷി വ്യാപിപ്പിക്കുക, ഈ മേഖലയെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുക തുടങ്ങിയ നിർദ്ദേശങ്ങളും വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ടിലുണ്ട്. ഇതോടൊപ്പം, നിലവിലെ തൊഴിലാളികളെ സംരക്ഷിച്ചുകൊണ്ട് ഘട്ടം ഘട്ടമായുള്ള യന്ത്രവൽക്കരണം നടപ്പാക്കിയാൽ സംസ്കരണ മേഖലയിലെ നഷ്ടം ഒഴിവാക്കാൻ കഴിയുമെന്നും വിലയിരുത്തപ്പെടുന്നു.

കൃഷി വ്യാപനത്തിനൊപ്പം ഉത്പാദനക്ഷമത ഉറപ്പാക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും പരാമർശിച്ചിട്ടുണ്ട്. റിപ്പോർട്ട് പരിഗണിച്ച ശേഷം ആവശ്യമായ തുടർനടപടികൾ സ്വീകരിക്കാനുള്ള തയ്യാറെടുപ്പിലാണ് സർക്കാർ. ഇത്തരത്തിൽ, ഉത്പാദനത്തിനൊപ്പം ആഭ്യന്തരവിപണിയിലും ലോക കമ്പോളത്തിലും നേട്ടമുണ്ടാക്കുകയെന്ന ലക്ഷ്യത്തോടെയുള്ള പ്രവർത്തനങ്ങളാണ് ഈ രംഗത്ത് പുരോഗമിക്കുന്നത്.



ഡോ. സുധീർ ബാബു

# തെരുവു കച്ചവടക്കാരൻ മുതൽ സംസാരിക്കുന്ന മൃഗങ്ങൾ വരെ
## അതിരുകളില്ലാത്ത മാർക്കറ്റിംഗ് തന്ത്രങ്ങൾ



**സൂര്യൻ** തലയ്ക്കു മുകളിൽ ജ്വലിച്ചു നിൽക്കുന്നു. നിങ്ങൾ തായ്‌ലൻഡിലെ ബാങ്കോക്ക് നഗരത്തിലെ തിരക്കേറിയ ഒരു തെരുവിൽ കൂടി നടക്കുകയാണ്. അസഹനീയമായ ചൂട് നിങ്ങളെ അലോസരപ്പെടുത്തുന്നുണ്ട്. നിങ്ങൾ വിയർത്തു കുളിക്കുന്നു. തെരുവിലൂടെ നടക്കുന്ന മറ്റുള്ളവരുടേയും സ്ഥിതി വ്യത്യസ്തമല്ല. ചൂടിൽ നിന്നും രക്ഷപ്പെടാൻ ഒരു മാർഗ്ഗം അന്വേഷിച്ചു നടക്കുന്ന നിങ്ങൾ പെട്ടെന്ന് മുന്നിലൊരു കാഴ്ച കണ്ട് അമ്പരന്നു നിൽക്കുന്നു.

അതെ, ആ തെരുവോരത്ത് ആളുകൾ ഒരാൾക്ക് ചുറ്റും വട്ടമിട്ടു കൂടിയിരിക്കുകയാണ്. നിങ്ങൾ തിരക്കിനിടയിലൂടെ നൂഴ്ന്നു കയറി സംഭവം എന്താണെന്ന് നോക്കുന്നു. അയാളുടെ

മുതുകത്ത് ഒരു കൂളർ കെട്ടി വെച്ചിട്ടുണ്ട്. ചുവപ്പും വെളുപ്പും നിറം കലരുന്ന ലോകം മുഴുവൻ പ്രസിദ്ധമായ ഒരു സോഫ്റ്റ്ഡ്രിങ്ക് ബ്രാൻഡിന്റെ പേര് അതിൽ എഴുതി വെച്ചിരിക്കുന്നു. കൊടും ചൂടിൽ അയാൾ തണുത്ത സോഫ്റ്റ് ഡ്രിങ്ക് ആളുകൾക്ക് വിൽക്കുകയാണ്. അയാൾക്ക് ചുറ്റും ആളുകൾ തടിച്ചു കൂടുന്നു, ദാഹം അകറ്റുന്നു. നിങ്ങളും സോഫ്റ്റ് ഡ്രിങ്കിനായി കാത്തു നിൽക്കുന്നു.

## തെരുവ് കച്ചവടക്കാരൻ

ആ തെരുവ് കച്ചവടക്കാരൻ കൊടും ചൂടിൽ പൊരിയുന്ന കസ്റ്റമേഴ്സിന് വെറുതെ സോഫ്റ്റ് ഡ്രിങ്ക് വിൽക്കുകയല്ല ചെയ്യുന്നത്. തന്റെ കസ്റ്റമേഴ്സിന്റെ ദാഹമകറ്റുന്നതിനൊപ്പം തന്നെ രസകരവും ആനന്ദകരവുമായ ഒരനുഭവം കൂടി അയാൾ നൽകുന്നുണ്ട്. അയാൾ സോഫ്റ്റ് ഡ്രിങ്ക് നൽകുന്നതിനൊപ്പം തന്റെ വാചാലത കൊണ്ടും ശരീരഭാഷ കൊണ്ടും കസ്റ്റമേഴ്സിനെ കയ്യിലെടുക്കുന്നു. അവരെ സന്തോഷവാന്മാരാക്കുവാൻ പരമാവധി ശ്രമിക്കുന്നു. അയാളുടെ അസാധാരണമായ ഊർജ്ജവും പാടവവും ആളുകളെ ആ തെരുവ് കച്ചവടക്കാരനിലേക്ക് വലിച്ചടുപ്പിക്കുന്നു.

## ഓരോ രാജ്യം ഓരോ രീതി

ഈ ഭൂമുഖം മുഴുവൻ ശ്രദ്ധിക്കൂ. ഓരോ രാജ്യത്തും സോഫ്റ്റ് ഡ്രിങ്ക് ബ്രാൻഡുകൾ വ്യത്യസ്തങ്ങളായ ചിലപ്പോൾ അതീവ രസകരവും അസാധാരണവുമായ മാർക്കറ്റിംഗ് രീതികൾ പരീക്ഷിക്കുന്നുണ്ട്. അത് ടോക്കിയോ നഗരത്തിലാവട്ടെ അല്ലെങ്കിൽ മെക്സിക്കോ നഗരത്തിലാവട്ടെ അവിടുത്തെ സംസ്കാരമനുസരിച്ച്, പ്രാദേശിക രീതികളനുസരിച്ച് വിൽപ്പന തന്ത്രങ്ങൾ അവർ രൂപപ്പെടുത്തുന്നു, നടപ്പിലാക്കുന്നു.

## ജപ്പാനിലെ വെൻഡിംഗ് മെഷീനുകൾ

സാങ്കേതികതയിൽ ഏറെ മുന്നിൽ നിൽക്കുന്ന രാജ്യമാണ് ജപ്പാൻ. വെൻഡിംഗ് മെഷീനുകൾ രാജ്യത്തുടനീളം നമുക്ക് കാണാം. ആളുകൾക്ക് ഇത് വളരെ സൗകര്യപ്രദമായ സംവിധാനമാകുന്നു. ഇത്തരമൊരു സംവിധാനത്തെ അതിസമർത്ഥമായി സോഫ്റ്റ് ഡ്രിങ്ക് ബ്രാൻഡുകൾ ഉപയോഗിക്കുന്നു. പെട്ടെന്ന് ശ്രദ്ധ പിടിച്ചു പറ്റുന്ന നിറങ്ങളും മനോഹരങ്ങളായ ചിത്രങ്ങളും അവർ വെൻഡിംഗ് മെഷീനുകളിൽ ഉപയോഗിക്കുന്നു. ജപ്പാനിലെ ഉപഭോക്താക്കൾക്ക് മാത്രം ലഭിക്കുന്ന പ്രത്യേക






ഫ്ളേവറുകളും ഇവിടുത്തെ പ്രത്യേകതയാണ്. ജപ്പാനിലെ ജനതയ്ക്ക് പുതുമകളോടും സുന്ദരമായ (Kawaii)വസ്തുക്കളോടുമുള്ള അഭിനിവേശം സോഫ്റ്റ് ഡ്രിങ്ക് ബ്രാൻഡുകൾ ഉപയോഗപ്പെടുത്തുന്നു.

## മെക്സിക്കോയിലെ നൃത്തക്കാർ

മെക്സിക്കോയിലെ തെരുവിലേക്കിറങ്ങൂ. സോഫ്റ്റ് ഡ്രിങ്ക് ബോട്ടിൽ തലയിൽ വെച്ച് ഒരു പ്ര ത്യേക താളത്തിൽ ശരീരം ചലിപ്പിച്ച് ജനക്കൂട്ട ത്തിനിടയിലൂടെ നടന്നു പോകുന്ന തെരുവ് കച്ചവട ക്കാരെ കാണാം. കച്ചവടത്തിൽ അവർ ബഹുസമർത്ഥരാണ്. വഴിയിലൂടെ നടന്നു പോകുന്ന വരെ അവർ സോഫ്റ്റ് ഡ്രിങ്ക് വാങ്ങുവാൻ പ്രലോഭി പ്പിക്കുന്നു. ഉപഭോക്താക്കളെ ആകർഷിക്കുവാൻ ഒരു പ്രത്യേക കഴിവ് അവർക്കുണ്ട്. സോഫ്റ്റ് ഡ്രിങ്കിനൊപ്പം അവർ സ്നാക്കുകളും വിൽക്കുന്നു.

## അമേരിക്കയിലെ പരസ്യങ്ങൾ

ഭൂമിയിലെ ഏതു ബ്രാൻഡിന്റേയും സ്വപ്ന രാജ്യം. ഇവിടെ സോഫ്റ്റ് ഡ്രിങ്ക് ബ്രാൻഡുകളെല്ലാം ഏകദേശം ഒരേ രീതിയിൽ തന്നെയാണ് മാർക്കറ്റ് ചെയ്യുന്നത്. ടെലിവിഷൻ പരസ്യങ്ങളിലൂടെയും ഭീമാകാരമായ ബിൽ ബോർഡുകളിലൂടെയും ഉപ ഭോക്താക്കളെ പെട്ടെന്ന് ആകർഷിക്കുന്ന പരസ്യ വാചകങ്ങളിലൂടെയും സോഫ്റ്റ് ഡ്രിങ്ക് വിൽക്കാൻ ശ്രമിക്കുന്നു. കസ്റ്റമറുടെ മനസ്സിൽ തങ്ങൾ ഉദ്ദേശിക്കുന്ന ഇമേജ് സൃഷ്ടിക്കാൻ വിവിധ മീഡിയകളിലൂടെയുള്ള പരസ്യങ്ങൾ അവർ തുടർച്ചയായി നൽകുന്നു. അമേരിക്കയുടെ വമ്പൻ

**"ടെലിവിഷൻ പരസ്യങ്ങളിലൂടെയും ഭീമാകാരമായ ബിൽ ബോർഡുകളിലൂടെയും ഉപഭോക്താക്കളെ പെട്ടെന്ന് ആകർഷിക്കുന്ന പരസ്യ വാചകങ്ങളിലൂടെയും സോഫ്റ്റ് ഡ്രിങ്ക് വിൽക്കാൻ ശ്രമിക്കുന്നു."**

വിപണി പിടിച്ചെടുക്കാൻ പരസ്പരം പോരാടുന്നു.

## മുംബൈയിലെ തെരുവ് ഷോപ്പുകൾ

മുംബൈയിലെ ചൂടു പിടിച്ച തെരുവുകളിലൂടെ നടക്കൂ. അവിടെ നിരനിരയായുള്ള ചെറിയ ഷോപ്പുകൾ കാണാം. ഓരോ ഷോപ്പിലും നിരത്തി വെച്ചിരിക്കുന്ന പല നിറങ്ങളിലുള്ള സോഫ്റ്റ് ഡ്രിങ്കുകൾ. കടും നിറങ്ങളിലുള്ള ബാനറുകൾ ഷോപ്പിന്റെ മുന്നിൽ വലിച്ചു കെട്ടിയിരിക്കുന്നു. തെരുവിലൂടെയുള്ള യാത്രക്കാർ തങ്ങളുടെ ദാഹം ശമിപ്പിക്കുവാൻ ഈ ഷോപ്പുകളെ ആശ്രയിക്കുന്നു.

അവർക്ക് ഉൽപ്പന്നം ലഭ്യമാകണം. വമ്പൻ താരങ്ങൾ അഭിനയിക്കുന്ന പരസ്യങ്ങൾ മുതൽ തെരുവ് നർത്തകനെ വരെ അതിനായി ഉപയോഗിക്കാം.

ഓരോ രാജ്യത്തും വിൽപ്പനക്കായി പൊതുവായ രീതികൾ അവലംബിക്കുന്നതിനൊപ്പം ആ രാജ്യത്തെ സംസ്കാരവും, ശീലങ്ങളും, ഉപഭോക്താക്കളുടെ പ്രകൃതവും മനസ്സിലാക്കിയുള്ള വിൽപ്പന രീതികൾ ഫലപ്രദമാകുന്നു. സോഫ്റ്റ് ഡ്രിങ്ക് ബ്രാൻഡുകളുടെ ഈ Flexibility നിരീക്ഷണ, ഗവേഷണ വിധേയമാക്കേണ്ടതാണ്. കൂളർ പുറത്തുവെച്ചുകെട്ടി സഞ്ചരിക്കുന്ന ഷോപ്പാകുകയാണ് ബാങ്കോക്കിലെ കച്ചവടക്കാരൻ. തലയിൽ സോഫ്റ്റ് ഡ്രിങ്ക് ബോട്ടിൽ



## എങ്ങിനേയും വിൽക്കാം

വിൽപ്പനക്കായി ഏത് മാർഗ്ഗവും സ്വീകരിക്കാമെന്ന് ഇവ നമ്മോട് പറയുന്നു. നൃത്തം ചെയ്യുന്ന തെരുവ് കച്ചവടക്കാരൻ മുതൽ സൂപ്പർ സ്റ്റോറുകൾ വരെ സോഫ്റ്റ് ഡ്രിങ്ക് വിൽക്കുന്നു. ചെറിയ തട്ടുകടകളിലും ഫൈവ് സ്റ്റാർ ഹോട്ടലുകളിലും സോഫ്റ്റ് ഡ്രിങ്ക് ലഭിക്കുന്നു. കസ്റ്റമർ എവിടെയുണ്ടോ

വെച്ച് നൃത്തമാടുന്ന മെക്സിക്കോയിലെ കച്ചവടക്കാരനും ഇയാളും വിൽക്കുന്നത് ഒരേ ഉൽപ്പന്നമാണ്. വാൾമാർട്ടിൽ കയറൂ. അവിടേയും ഈ ഉൽപ്പന്നം കിട്ടും.

വിൽപ്പനയുടെ പ്രകൃതം അയവുള്ളതാണ് (Flexible) അതൊരിക്കലും അയവില്ലാത്ത (Rigid) പ്രക്രിയയല്ല. ഏത് രീതിയിൽ, ഏത് മാർഗ്ഗത്തിൽ ഉൽപ്പന്നം

വിൽക്കണമെന്ന് കച്ചവടക്കാരന് തീരുമാനിക്കാം. തന്റെ ഉൽപ്പന്നത്തിന്റെ പ്രകൃതമനുസരിച്ച് (Nature), വിപണിയനുസരിച്ച് വിൽപ്പനയുടെ രീതികൾ നിശ്ചയിക്കാം.

രാജുവിനെ നിങ്ങൾക്ക് പരിചയമുണ്ടോ? ഉണ്ടാവാൻ സാധ്യതയില്ല. അയാൾ ചെറിയൊരു ഉൾഗ്രാമത്തിലെ കർഷകനാണ്. വളരെ സത്യസന്ധനും എളിമയുള്ളവനുമായ മനുഷ്യൻ. ഗ്രാമത്തിലെ ചെമ്മൺപാതയുടെ വശത്ത് കട നടത്തിയാണ് അയാൾ ജീവിച്ചിരുന്നത്. രാജു എപ്പോഴും ഊർജ്ജസ്വലനായിരുന്നു. ഗ്രാമത്തിലെ ജനങ്ങൾക്കും അവിടേക്ക് എത്തുന്ന വിനോദ സഞ്ചാരികൾക്കും പച്ചക്കറികളും പഴങ്ങളും വിൽക്കുകയായിരുന്നു അയാളുടെ ബിസിനസ്.

എന്നാൽ എത്ര ശ്രമിച്ചിട്ടും രാജുവിന് തന്റെ കടയിൽ നല്ല വിൽപ്പന ലഭിച്ചിരുന്നില്ല. സാധാരണ ഒരാൾ തീർച്ചയായും ഇതിൽ നിരാശനാകും. എന്നാൽ രാജു നിരാശനവാതെ ചിന്തിക്കാൻ തുടങ്ങി. എങ്ങിനെ കടയിലേക്ക് കൂടുതൽ ആളുകളെ ആകർഷിക്കാം. അങ്ങിനെ രാജു ഒരു മാർഗ്ഗം കണ്ടെത്തി.

രാജു തന്റെ കടയുടെ പുറത്തായി ഒരു മത്സരം സംഘടിപ്പിക്കുവാൻ പ്ലാൻ ചെയ്തു. ആഴ്ചയിൽ ഒരു ദിവസമാണ് മത്സരം. മത്സരം അതീവ രസകരമാണ്. മുളക് തിന്നുന്ന മത്സരമാണ്. ആർക്കൊക്കെ എരിവ് സഹിച്ച് പരമാവധി മുളക് തിന്നാൻ സാധിക്കും. ഇത് ഗ്രാമവാസികൾക്ക് ഹരമായി. ആളുകൾ മത്സരത്തിൽ പങ്കെടുക്കാൻ ആഴ്ചതോറും കടയിലേക്ക് ഒഴികിയെത്തി. രാജുവിന്റെ കടയെക്കുറിച്ചും മത്സരത്തെക്കുറിച്ചും വാർത്ത പരന്നു. കട ഗ്രാമത്തിലെ സംസാര വിഷയമായി. വിൽപ്പനയും റോക്കറ്റ് പോലെ കുതിച്ചുയർന്നു.

## രാജു തുടങ്ങിവെച്ചു മറ്റുള്ളവർ ഏറ്റെടുത്തു

രാജുവിന്റെ വിൽപ്പന തന്ത്രം ഗ്രാമത്തിലെ മറ്റു ബിസിനസുകാരെയും പ്രചോദിപ്പിച്ചു. ഉപഭോക്താക്കളെ ആകർഷിക്കാൻ തങ്ങൾക്കെന്തു ചെയ്യാൻ കഴിയും എന്നവർ തലപുകഞ്ഞ് ആലോചിക്കാൻ തുടങ്ങി. പുതിയ മാർക്കറ്റിംഗ് തന്ത്രങ്ങൾ അവർ മെനയാൻ ആരംഭിച്ചു. ഗ്രാമത്തിലെ ടെയ്‌ലർ തന്റെ കടയിലെത്തി പദപ്രശ്നത്തിന് ഉത്തരം കണ്ടെത്തുന്നവർക്ക് സൗജന്യമായി



വസ്ത്രങ്ങളുടെ അറ്റകുറ്റപ്പണികൾ ഓഫർ ചെയ്തു. ഗ്രാമത്തിലെ ബാർബർ ആകട്ടെ ഏറ്റവും രസകരമായ തമാശ പറയുന്നവർക്ക് ഡിസ്‌കൗണ്ട് നൽകാൻ തുടങ്ങി.

ഗ്രാമത്തിലെ ബിസിനസുകൾ മുഴുവൻ തങ്ങളുടേതായ നവീന ആശയങ്ങൾ കണ്ടെത്തി ഉപഭോക്താക്കളെ വലയിലാക്കാൻ ശ്രമിച്ചു. സാധാരണക്കാരനായ രാജുവെന്ന കർഷകൻ തുടങ്ങിവെച്ച മാർക്കറ്റിംഗ് തന്ത്രം മറ്റുള്ളവരെ ചിന്തിക്കാൻ പ്രേരിപ്പിക്കുകയും പ്രചോദിപ്പിക്കുകയും ചെയ്തു. ഓരോരുത്തരും അവരവരുടേതായ തന്ത്രങ്ങൾ കണ്ടെത്തിത്തുടങ്ങി.

## ഹെർബലിസ്റ്റിന്റെ കഥ പറച്ചിൽ

ഗ്രാമത്തിലെ ഹെർബലിസ്റ്റ് മാർക്കിറ്റിംഗ് തന്ത്രങ്ങളെ വേറൊരു തലത്തിലേക്ക് കൂട്ടിക്കൊണ്ടു പോയി. അയാൾ വെറുമൊരു നാടൻ ഹെർബലിസ്റ്റ് മാത്രമായിരുന്നു. ആധുനിക ഫാർമസികൾ അയാളുടെ ബിസിനസിന് വലിയൊരു വെല്ലുവിളിയായി മാറിയിരുന്നു. കച്ചവടമില്ലാതെ കടപൂട്ടേണ്ടി വരുന്ന ഒരവസ്ഥയിലാണ് രാജുവിന്റെ വിൽപ്പന തന്ത്രം അയാളുടെ ശ്രദ്ധ പിടിച്ചുപറ്റിയത്.

സന്ധ്യാസമയങ്ങളിൽ നടുവിൽ കൂട്ടിയിട്ടിരിക്കുന്ന വിറകുകൾ കത്തിച്ച് തീ കാഞ്ഞിരിക്കുന്ന ഗ്രാമീണരോട് അയാൾ നാടൻ കഥകൾ പറഞ്ഞുതുടങ്ങി. തലമുറകളായി കൈമാറിക്കൊണ്ടിരിക്കുന്ന രസകരങ്ങളായ കഥകൾ ആംഗ്യങ്ങളോടെ സരസമായി എല്ലാവർക്കും ഇഷ്ടപ്പെടുന്ന രീതിയിൽ അയാൾ അവതരിപ്പിച്ചു. കഥകൾ പറയുന്നതിനിടയിൽ

**മാർക്കറ്റിന്റെ മൂലയിലായി ഒരു കൂട്ടം മൃഗങ്ങൾ നിൽക്കുന്നു. സോറി മൃഗങ്ങളല്ല. മൃഗങ്ങളുടെ കട്ട് ഔട്ടുകളാണ്. എന്നാലവ ജീവനുള്ളവയെപ്പോലെ തന്നെ ചലിക്കുന്നു, ഇളകുന്നു കൂടാതെ മനുഷ്യരെപ്പോലെ സംസാരിക്കുന്നു.**

വളരെ സൂക്ഷ്മമായി അയാൾ നാടൻ മരുന്നുകളെക്കുറിച്ചും അവയുടെ ചികിത്സകളെക്കുറിച്ചും ചെറിയ സൂചനകൾ നൽകും. ഇത് കൂടിയിരിക്കുന്നവരുടെ മനസ്സിൽ കാലക്രമേണ ശക്തമായി സ്വാധീനം ചെലുത്തിത്തുടങ്ങി.

സാവധാനം അയാളുടെ കഥപറച്ചിൽ ഗ്രാമത്തിൽ പ്രശസ്തമായി. ആളുകൾ കൂട്ടത്തോടെ കഥ പറച്ചിൽ കേൾക്കാനും സംസാരിക്കാനും ഒത്തുകൂടി. അയാളുടെ കഥകൾ അവരിൽ ഗൃഹാതുരത്വം ഉണർത്തി. പണം കൊടുത്തു വാങ്ങാൻ സാധിക്കാത്ത ആ നിമിഷങ്ങൾക്കു വേണ്ടി ആളുകൾ ഹെർബലിസ്റ്റിന്റെ കടയിലെത്തി. കടയിലെ കച്ചവടവും സ്വാഭാവികമായി ഉയർന്നു.

## ജോയുടെ അടവ്

ജോ തെരുവു കച്ചവടക്കാരനാണ്. അയാൾ വിൽക്കാത്ത ഒന്നുമില്ല. എന്തു കിട്ടിയാലും വിൽക്കും. മികച്ചൊരു വിൽപ്പനക്കാരനായിട്ടാണ് ആളുകൾ ജോയെ കാണുന്നത്. ജോയുടെ വിൽപ്പനക്ക് ചില പ്രത്യേകതകളുമുണ്ട്. ജോ തെരുവിലേക്ക് ഇറങ്ങുന്നത് വെറുതെ ഉൽപ്പന്നങ്ങളുമായി മാത്രമല്ല. അയാളുടെ കയ്യിൽ ഒരു ചെറിയ ഗിറ്റാറുമുണ്ടാകും. തെരുവിന്റെ ഓരങ്ങളിൽ നിന്ന് അയാൾ ഗിറ്റാർ വായിക്കും. കൂടെ തന്റെ ഉൽപ്പന്നങ്ങളെക്കുറിച്ച് അയാൾ രചിച്ച ചെറിയ ഗാനങ്ങളും പാടും. ആസ്വാദകരുടെ മനസ്സിനെ പിടിച്ചെടുക്കുന്ന ഗിറ്റാറിന്റെ ട്യൂൺ, അയാൾ പാടുന്ന ഗാനങ്ങൾ കൂടാതെ ആരെയും ആകർഷിക്കുന്ന അയാളുടെ ശരീര ചലനങ്ങൾ ഇതെല്ലാം കൂടി വരുമ്പോൾ ജോയ്ക്ക് ചുറ്റും ആളുകൾ കൂടും. അവർക്കൊക്കെ ജോ തന്റെ ഉൽപ്പന്നങ്ങൾ വിൽക്കും.

ഇവിടെ ഉപഭോക്താക്കൾക്ക് വെറുതെ ഉൽപ്പന്നങ്ങൾ വിൽക്കാനല്ല ജോ ശ്രമിക്കുന്നത്. ജീവിതത്തിൽ മറക്കാനാവാത്ത അനുഭവം കൂടി ജോ അവർക്ക് നൽകുന്നു. അവർ വീണ്ടും തെരുവുകളിൽ ജോയെ തിരയുന്നു. അയാളിലേക്ക് വീണ്ടും എത്തുന്നു.

## സംസാരിക്കുന്ന മൃഗങ്ങൾ

മാർക്കറ്റിന്റെ മൂലയിലായി ഒരു കൂട്ടം മൃഗങ്ങൾ നിൽക്കുന്നു. സോറി മൃഗങ്ങളല്ല. മൃഗങ്ങളുടെ കട്ട് ഔട്ടുകളാണ്. എന്നാലവ ജീവനുള്ളവയെപ്പോലെ തന്നെ ചലിക്കുന്നു, ഇളകുന്നു കൂടാതെ മനുഷ്യരെപ്പോലെ സംസാരിക്കുന്നു.

മാർക്കറ്റിലെ ജനങ്ങളെല്ലാം അവിടേക്ക് ഓടുന്നു. രസകരങ്ങളായ ഈ മൃഗ രൂപങ്ങൾ കാണുന്നു. അവ പറയുന്ന ഫലിതങ്ങൾ കേൾക്കുന്നു. ഒളിപ്പിച്ചു വെച്ചിരിക്കുന്ന സ്പീക്കറുകളിലൂടെയും സെൻസറുകളിലൂടെയുമാണ് ശബ്ദവും ചലനവും സാധിച്ചിരിക്കുന്നത്. മാർക്കറ്റിലുള്ള ഒരു പെറ്റ് ഷോപ്പിന്റെ മാർക്കറ്റിംഗ് തന്ത്രമാണ്. ആളുകൾ കൂടുന്നു. മൃഗങ്ങളുമായി സംസാരിക്കുന്നു. ആർത്തു ചിരിക്കുന്നു.

ഇതിനുശേഷം ആളുകൾ പെറ്റ് ഷോപ്പ് സന്ദർശിക്കുന്നു. ഇതിനെക്കാൾ രസകരമായ, അതിശയകരമായ വേറെ എന്തൊക്കെ അനുഭവങ്ങൾ അവരൊരുക്കി വെച്ചിട്ടുണ്ടെന്ന് കാണാൻ ആളുകൾക്ക് തിടുക്കമാകുന്നു. പെറ്റ് ഷോപ്പിൽ തിരക്കേറുന്നു, കച്ചവടവും തകർക്കുന്നു.

## ഗ്രാമീണ മാർക്കറ്റുകളിലെ മാർക്കറ്റിംഗ് തന്ത്രങ്ങൾ

എത്ര സർഗ്ഗാത്മകമായിട്ടാണ് (Creative) മുകളിൽ നാം കണ്ട തന്ത്രങ്ങൾ രൂപപ്പെടുത്തിയിരിക്കുന്നതെന്ന് ശ്രദ്ധിക്കൂ. മറ്റുള്ളവരുടെ തന്ത്രങ്ങൾ അതേപടി പകർത്തണമെന്നില്ല. ഓരോ ബിസിനസുകൾക്കും സ്വതന്ത്രമായ, സർഗ്ഗാത്മകമായ തന്ത്രങ്ങൾ ചിട്ടപ്പെടുത്താം. നിങ്ങൾ ഒരു ഗ്രാമീണ മാർക്കറ്റിലൂടെ നടന്നുപോകുമ്പോൾ ചുറ്റും കണ്ണോടിക്കൂ. ഇത്തരം വിവിധതരം തന്ത്രങ്ങൾ നിങ്ങളുടെ കണ്ണിൽ പെടും. ഉപഭോക്താക്കൾ അനുഭവങ്ങൾക്കായി കാത്തുനിൽക്കുന്നു. അവർക്കായി നിങ്ങളുടെ ബിസിനസിനെന്ത് നൽകാൻ കഴിയും?

# PADINJAREKARA POLYMERS PRIVATE LIMITED

DEVALOKAM PO KOTTAYAM 686004

**Tele.0481-2575209 / 9895150472**

E Mail: padinjarekarapolymers@gmail.com

*( Manufacturers of HM-HDPE, LDPE, LLDPE, PP Films, Rolls & Covers )*

ശ്യാം. എസ്

# റബ്ബർ വ്യവസായ മേഖലയ്ക്ക് പ്രതീക്ഷ പകർന്ന് CFSC C-GATE




**നവീകരണത്തിന്റെയും** സാങ്കേതിക വൈദഗ്ധ്യത്തിന്റെയും ശ്രദ്ധേയമായ പ്രദർശനത്തിന് സാക്ഷ്യം വഹിച്ച മെഷീനറി എക്സ്പോയ്ക്ക് എറണാകുളം അടുത്തിടെ ആതിഥേയത്വം വഹിച്ചു. കിൻഫ്രാ പാർക്കിലെ ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽവച്ച് നടന്ന എക്സ്പോയിൽ റബ്ബർ അധിഷ്ഠിത മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ വൈവിധ്യമാർന്ന നിര പ്രദർശിപ്പിച്ചുകൊണ്ട് സംരംഭകരെയും യുവാക്കളെയും വിസ്മയിപ്പിച്ചിരിക്കുകയാണ് കേരള വ്യവസായ വാണിജ്യ വകുപ്പ്. വകുപ്പിന് കീഴിൽ നേരിട്ട് പ്രവർത്തിക്കുന്ന കോമൺ ഫെസിലിറ്റി സർവീസ് സെന്ററിൽ (CFSC- CGATE) ആരംഭിച്ച ഗവേഷണ വികസന (RD&I) വിഭാഗമാണ് ടി പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിച്ചത്.

റബ്ബർ,പ്ലാസ്റ്റിക് അധിഷ്ഠിത വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും ആയതിന്റെ ഉൽപ്പന്ന നിർമ്മാണത്തിനായി പൊതുസൗകര്യങ്ങൾ നൽകുന്നതിനും കേരള സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ് കോമൺ ഫെസിലിറ്റി സർവീസ് സെന്ററുകൾ. കോട്ടയം ജില്ലയിലെ ചങ്ങനാശ്ശേരിയിലും മലപ്പുറം ജില്ലയിലെ മഞ്ചേരിയിലുമാണ് കോമൺ ഫെസിലിറ്റി സർവീസ് സെന്ററുകൾ പ്രവർത്തിക്കുന്നത്. റബ്ബർ, പ്ലാസ്റ്റിക് ഉൽപ്പന്ന നിർമ്മാണത്തിനുള്ള മെഷീനെറികളുടെ പൊതുസൗകര്യ സേവനം, മോൾഡുകളുടെയും ഡൈകളുടെയും നിർമ്മാണം, ഉൽപ്പന്ന നിർമ്മാണത്തിന് സാങ്കേതിക സഹായം, റബ്ബർ- പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ ഗുണമേന്മ പരിശോധന, ഉൽപ്പന്ന നിർമ്മാണ പരിശീലനം, സെമിനാറുകൾ, റിസർച്ച്, ഡെവലപ്പ്മെന്റ് & ഇൻകുബേഷൻ പ്രവർത്തനങ്ങൾ കൂടാതെ പോളിമർ ടെക്നോളജി,

കെമിസ്ട്രി, മെക്കാനിക്കൽ എഞ്ചിനീയറിംഗ് അധിഷ്ഠിത കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള ഇന്റേൺഷിപ്പ് പരിശീലനം, പ്രോജക്ട് വർക്ക്, ഗവേഷണ സൗകര്യം തുടങ്ങിയവ ഈ സ്ഥാപനത്തിൽ നൽകിവരുന്നു.

മെഷീനറി എക്സ്പോയിലെ സി.എഫ്.എസ്.സി യുടെ പ്രദർശനം റബ്ബർ ആപ്ലിക്കേഷനുകളുടെ അതിരുകൾ ഭേദിക്കുന്നതിനുള്ള സ്ഥാപനത്തിന്റെ പ്രതിബദ്ധതയുടെ തെളിവായി സന്ദർശകർ




വിലയിരുത്തി. പ്രദർശനത്തിലെ ഉൽപ്പന്നങ്ങൾ റബ്ബറിന്റെ വൈവിധ്യവും വിവിധ വ്യവസായങ്ങളിൽ വിപ്ലവം സൃഷ്ടിക്കാനുള്ള അതിന്റെ സാധ്യതയും എടുത്തുകാട്ടി. നാം നിത്യേന ഉപയോഗിക്കുന്ന വാട്ടർ ബോട്ടിലുകളും, മറ്റ് കുപ്പികളും വളരെ അനായാസമായി കൊണ്ട് നടക്കുന്നതിനായി രൂപ കൽപ്പന ചെയ്ത ബോട്ടിൽ ഹോൾഡറുകളുടെ അവതരണമായിരുന്നു എക്സ്പോയിലെ പ്രധാന ആകർഷണങ്ങളിലൊന്ന്. ഗ്ലാസ് ബോട്ടിലുകളുടെ കാര്യക്ഷമമായ ട്രാൻസ്പോട്ടേഷൻ ഉൾപ്പടെയുള്ള മേഖലയിൽ കാര്യമായ സ്വാധീനം ചെലുത്താൻ ഈ കണ്ടുപിടിത്തം സഹായിക്കും.

റബ്ബറും ചണവും സംയോജിപ്പിച്ചുകൊണ്ട് വികസിപ്പിച്ചെടുത്ത ഗ്രോ ബാഗുകൾ പരമ്പരാഗത കാർഷിക രീതികൾ നേരിടുന്ന നിരവധി വെല്ലുവിളികളെ അഭിമുഖീകരിക്കാൻ ഉതകുന്നതാണ്. എക്സ്പോയിൽ പങ്കെടുത്ത വീട്ടമ്മമാരുടെ പ്രധാന ശ്രദ്ധ ആകർഷിച്ചത് ഈ ഗ്രോ ബാഗ് ആയിരുന്നു എന്നത് മറ്റൊരു സവിശേഷതയാണ്. പ്ലാസ്റ്റിക് ഗ്രോ ബാഗുകൾ ഉപയോഗിച്ചുള്ള കൃഷിക്ക് പകരം കൂടുതൽ കാര്യക്ഷമവും പരിസ്ഥിതി സൗഹൃദവുമായ ഒരു ബദൽ സൃഷ്ടിക്കാൻ ലക്ഷ്യമിട്ടുള്ള സൂക്ഷ്മമായ ഗവേഷണത്തിന്റെയും വികസനത്തിന്റെയും ഒരു ഉൽപ്പന്നമാണ് റബ്ബർ ഗ്രോ ബാഗുകൾ. ഈ പരിസ്ഥിതി സൗഹൃദ സമീപനം സുസ്ഥിര കാർഷിക രീതികൾക്കായുള്ള വർദ്ധിച്ചു വരുന്ന ആവശ്യവുമായി പൊരുത്തപ്പെടുന്നതാണ്.

ഇവ കൂടാതെ റബ്ബർ പാലും -ചണവും സംയോജിപ്പിച്ച് വികസിപ്പിച്ചെടുത്ത പാക്കിങ് മെറ്റീരിയൽ, വിവിധയിനം ബാഗുകൾ, ബെഡ്, തുടങ്ങിയവ സി.എഫ്.എസ്.സി സ്റ്റാളിലെ മുഖ്യ ആകർഷണങ്ങളായി. ടി മെഷീനറി എക്സ്പോ വ്യവസായ വിദഗ്ധർക്കും ഗവേഷകർക്കും മറ്റ് താൽപ്പര്യക്കാർക്കും യന്ത്രസാമഗ്രികളുടെ മണ്ഡലത്തിനപ്പുറം റബ്ബറിന്റെ പരിവർത്തന സാധ്യതകൾ നേരിട്ട് കാണാനുള്ള വേദിയൊരുക്കി. വിജ്ഞാനപ്രദമായ സെക്ഷനുകളിലൂടെയും പ്രദർശനങ്ങളിലൂടെയും വിദഗ്ധർ സന്ദർശകരുമായി ഇടപഴകിയതിനാൽ സഹകരണവും അറിവ് പങ്കിടലും സി.എഫ്.എസ്.സി സ്റ്റാളിലെ പ്രധാന സവിശേഷതയായി.

സാങ്കേതിക മുന്നേറ്റങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും റബ്ബർ വ്യവസായത്തെ പരിപോഷിപ്പിക്കുന്നതിനുമുള്ള സർക്കാരിന്റെ പ്രതിബദ്ധതയുടെ ഭാഗമായി ചങ്ങനാശ്ശേരി സി എഫ് എസ് സി യിൽ ആരംഭിച്ച RD&I വിഭാഗത്തിന്റെ വളരെ ചുരുങ്ങിയ കാലത്തെ സർഗാത്മകമായ പ്രവർത്തനത്തിലൂടെയാണ് ഇത്തരം നിരവധി റബ്ബർ അധിഷ്ഠിത മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കാൻ സാധിച്ചത്. സമർപ്പിത ഗവേഷണം, തന്ത്രപരമായ ഇൻകുബേഷൻ, സൂക്ഷ്മമായ ഉൽപ്പന്ന വികസനം എന്നിവയുടെ സംയോജനത്തിലൂടെ റബ്ബർ അധിഷ്ഠിത ഉൽപ്പന്നങ്ങളുടെ ഭാവി രൂപപ്പെടുത്തുന്നതിൽ സി.എഫ്.എസ്.സി നിർണായക പങ്ക് വഹിക്കുന്നു. വിപണി പ്രവണതകൾ, ഉപഭോക്തൃ ആവശ്യങ്ങൾ, റബ്ബർ വ്യവസായത്തിൽ ഉയർന്നു വരുന്ന വെല്ലുവിളികൾ എന്നിവയെക്കുറിച്ച് പഠിച്ച് ഈ ഘടകങ്ങളോട് ഇണങ്ങി നിൽക്കുന്നതിലൂടെ നിലവിലെ ആവശ്യങ്ങൾ പരിഹരിക്കുക മാത്രമല്ല, ഭാവിയിലെ ആവശ്യകതകൾ മുൻകൂട്ടി കാണുകയും ചെയ്യുന്ന ഉൽപ്പന്നങ്ങൾ വികസിപ്പിക്കുന്നതിനായി സി.എഫ്.എസ്.സി പ്രതിജ്ഞാബദ്ധമാണ്.



ററ്റി. എസ്. ചന്ദ്രൻ



കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ നടപ്പാക്കുന്ന

# രണ്ട് വായ്പാ പദ്ധതികൾ




**KFC** ഏറെ ശ്രദ്ധേയമായ രണ്ടു വായ്പാ പദ്ധതികൾ വിജയകരമായി നടപ്പാക്കി വരികയാണ്. സംരംഭകർക്ക് ഏറെ ഗുണം ചെയ്യുന്നതും വളരെ സൗകര്യപ്രദമായി എടുക്കാവുന്നതും ആയ പദ്ധതികളാണ് ഇവ.

1. മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പരിപാടി. ഇത് പ്രകാരം രണ്ട് കോടി രൂപവരെ 5% പലിശയ്ക്ക് ലഭ്യമാക്കുന്നു

2. കാർഷിക -ഭക്ഷ്യ സംസ്കരണ സംരംഭങ്ങൾക്ക് നൽകുന്ന വായ്പ. ഇതിന്റെ പേര് കാംസ് (KAMS) എന്നാണ്. ഇത് പ്രകാരം 10 കോടി രൂപ വരെ 6% പലിശയിൽ വായ്പ ലഭ്യമാക്കും.

ഇതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. 5% പലിശയ്ക്ക് രണ്ടു കോടി വരെ മുഖ്യമന്ത്രിയുടെ സംരംഭ വായ്പ

മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പരിപാടി എന്ന പദ്ധതി പ്രകാരം ഇപ്പോൾ രണ്ടു കോടി രൂപ വരെ വായ്പ 5% പലിശയ്ക്ക് വായ്പ ലഭിക്കും. കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ ആണ് പദ്ധതി നടപ്പിലാക്കുന്നത്. സംസ്ഥാന സർക്കാരിന്റെ ഒരു പദ്ധതിയാണ് ഇത്.

മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പരിപാടി എന്നാണ് പദ്ധതിയുടെ പേര്.

## പദ്ധതി ആനുകൂല്യങ്ങൾ

- രണ്ട് കോടി രൂപ വരെ അഞ്ചു ശതമാനം പലിശ യിൽ സംരംഭകർക്ക് വായ്പ ലഭ്യമാക്കുന്നു. ആദ്യത്തെ അഞ്ചു വർഷത്തേക്കാണ് ഈ ആനുകൂല്യം. 10% ആണ് വാർഷിക പലിശ ഇതിൽ 3% സംസ്ഥാന സർക്കാരും രണ്ട് ശതമാനം കെഎഫ്സിയും വഹിക്കുന്നു എന്നതിനാലാണ് 5% പലിശയ്ക്ക് വായ്പ അനുവദിക്കുന്നത്.
- ടേം ലോൺ വർക്കിംഗ് ക്യാപിറ്റൽ ലോൺ എന്നിവയിൽ സംയുക്തമായോ പ്രത്യേകമായോ വായ്പ ലഭിക്കും.
- രണ്ട് കോടിയിൽ കൂടുതൽ വായ്പ ആവശ്യമായി വരുന്ന പദ്ധതികൾക്ക് രണ്ടു കോടി രൂപവരെ 5% പലിശക്കും അതിനു മുകളിലുള്ള തുകയ്ക്ക് സാധാരണ കെ എഫ് സി പലിശക്കും ആയിരിക്കും വായ്പ അനുവദിക്കുക. വായ്പ രണ്ട് കോടിയിൽ നിജപ്പെടുത്തുന്നില്ല എന്ന് സാരം.
- അംഗീകൃത പദ്ധതി ചെലവിന്റെ 90% വരെ ടേം ലോൺ ആയി ലഭിക്കുന്നതാണ്. ഇതിൽ ഭൂമിയുടെ വില പ്രവർത്തന മൂലധന വിഹിതം എന്നിവ പരിഗണിക്കില്ല.

പ്രവർത്തന മൂലധനം വിറ്റു വരവിന്റെ പരമാവധി 25 ശതമാനമായി കണക്കാക്കി 80 ശതമാനം വരെ പ്രവർത്തന മൂലധന സമയ വായ്പയായി (ടേം ലോൺ) അനുവദിക്കും. ഇത് സമയമായി അനുവദിക്കുന്നതിനാൽ സംരംഭകർക്ക് കൂടുതൽ ഗുണകരമാണ്.

> **പ്രവർത്തന മൂലധനം വിറ്റു വരവിന്റെ പരമാവധി 25 ശതമാനമായി കണക്കാക്കി 80 ശതമാനം വരെ പ്രവർത്തന മൂലധന സമയ വായ്പയായി (ടേം ലോൺ) അനുവദിക്കും. ഇത് സമയമായി അനുവദിക്കുന്നതിനാൽ സംരംഭകർക്ക് കൂടുതൽ ഗുണകരമാണ്.**

- കുറഞ്ഞ വായ്പാ അഞ്ചു ലക്ഷവും ഏറ്റവും കുറഞ്ഞ സംരംഭകന്റെ വിഹിതം 10 % വും ആയിരിക്കും.
- പരമാവധി ഒരു വർഷത്തെ മൊറട്ടോറിയം ലഭിക്കും. പക്ഷേ പലിശ തിരിച്ചടവിന് ഇത് ബാധകമാകില്ല.

## സ്റ്റാർട്ടപ്പുകൾക്കും അർഹത

- ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾക്ക് സ്റ്റാർട്ടപ്പുകൾക്കും അർഹതയുണ്ട് - ഉൽപാദനം, വാണിജ്യവൽക്കരണം, ഉൽപാദന തോത് ഉയർത്തൽ, എന്നീ ഘട്ടങ്ങളിൽ വായ്പ ലഭിക്കും.
- നിലവിലുള്ള സ്ഥാപനങ്ങൾക്കും വായ്പക്ക് അർഹത ഉണ്ടാകും. പുതിയ സംരംഭങ്ങളാണ് കൂടുതലായും ഈ പദ്ധതി പ്രകാരം പ്രതീക്ഷി ക്കുന്നത്.
- സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ നിർവചനത്തിൽ വരുന്ന സ്ഥാപനങ്ങൾക്ക് അർഹതയുണ്ട്.
- ഉൽപ്പാദനം തുടങ്ങി 18 മാസം അധികരിക്കാത്ത സംരംഭങ്ങളെ പുതിയ യൂണിറ്റുകളായും അതിനു മുകളിൽ വരുന്നവയെ നിലവിലുള്ള സംരംഭങ്ങളായും കണക്കാക്കുന്നു.
- നിലവിലുള്ള എം.എസ്.എം.ഇ കൾക്ക് വിക സനം, ആധുനികവൽക്കരണം, വൈവിധ്യവൽ ക്കരണം എന്നീ ആവശ്യങ്ങൾക്കാണ് വായ്പ ലഭിക്കുക.
- ബാർ ഹോട്ടൽ, മെറ്റൽ ക്രഷർ, സിനിമ /സീരി യൽ നിർമ്മാണം, കച്ചവടം, ട്രാൻസ്പോർട്ട്, ഫിഷിങ്, ഫാമിംഗ്, റിയൽ എസ്റ്റേറ്റ്, എന്നിവയ്ക്ക് വായ്പ ലഭിക്കില്ല.

## സംരംഭകന്റെ യോഗ്യത

- 50 വയസ്സിൽ താഴെയായിരിക്കണം പ്രായം. എന്നാൽ സ്ത്രീകൾ, NRK, SC/ST എന്നിവർക്ക് 55 വരെ ആകാവുന്നതാണ്.
- മറ്റു സ്ഥാപനങ്ങളിലെ സ്ഥിരം ജോലിക്കാർ ആയിരിക്കരുത്.

> **വായ്പയ്ക്ക് സെക്യൂരിറ്റി നൽകണം. പ്രാഥമിക ആസ്തികൾ, വായ്പ ഉപയോഗിച്ച് സമ്പാദിക്കുന്ന ആസ്തികൾ, കിട്ടാനുള്ളവ, വ്യക്തിപരമായ ഗ്യാരണ്ടികൾ, കൊലാറ്ററൽ സെക്യൂരിറ്റി, എഫ് ഡി, ഇൻഷുറൻസ് പോളിസി, കടപ്പത്രങ്ങൾ, എന്നിവ സെക്യൂരിറ്റി ആയി സ്വീകരിക്കും.**

- എല്ലാ അംഗങ്ങളുടെയും കെ.വൈ.സി മികച്ചതായിരിക്കണം. 650 ൽ കുറയാത്ത സിബിൽ സ്കോർ വേണം.
- വിദ്യാഭ്യാസ യോഗ്യത ബാധകമല്ല.

## സെക്യൂരിറ്റിയും സബ്സിഡിയും

വായ്പയ്ക്ക് സെക്യൂരിറ്റി നൽകണം. പ്രാഥമിക ആസ്തികൾ, വായ്പ ഉപയോഗിച്ച് സമ്പാദിക്കുന്ന ആസ്തികൾ, കിട്ടാനുള്ളവ, വ്യക്തിപരമായ ഗ്യാരണ്ടികൾ, കൊലാറ്ററൽ സെക്യൂരിറ്റി, എഫ് ഡി, ഇൻഷുറൻസ് പോളിസി, കടപ്പത്രങ്ങൾ, എന്നിവ സെക്യൂരിറ്റി ആയി സ്വീകരിക്കും. ഈ പദ്ധതി പ്രകാരം സബ്സിഡി ഒന്നും പറയുന്നില്ല. എന്നിരുന്നാലും ESS സ്കീം പ്രകാരവും നോർക്ക റൂട്ട്സ് പദ്ധതി പ്രകാരവും സബ്സിഡികൾക്ക് അർഹതയുണ്ടാകും. വ്യവസായ വകുപ്പ് നടപ്പാക്കിവരുന്ന ഇ എസ് എസ് പ്രകാരമുള്ള ആനുകൂല്യങ്ങൾ നിർമ്മാണ യൂണിറ്റുകൾക്ക് ലഭിക്കുന്നതാണ്. ഇവർക്കുള്ള സബ്സിഡി കെഎഫ്സി നേരിട്ട് ലഭ്യമാക്കും എന്ന സൗകര്യവുമുണ്ട്. കൈത്താങ്ങ് സഹായവും സുഗമമായ പ്രവർത്തനങ്ങൾക്ക് വേണ്ട ഉപദേശ-നിർദ്ദേശങ്ങളും കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ വഴി ലഭിക്കും. സംരംഭകർ കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ ജില്ലാ – മേഖല ഓഫീസുകളുമായി ബന്ധപ്പെട്ട് അപേക്ഷ സമർപ്പിക്കാൻ ശ്രമിക്കുക. www.kfc.org എന്ന സൈറ്റിൽ നിന്നും ഓൺലൈൻ രജിസ്ട്രേഷൻ എടുക്കാം. അംഗീകൃത കൺസൾട്ടന്റ്മാർ നൽകുന്ന വിശദമായ പദ്ധതി രൂപരേഖയും സംരംഭകർ സമർപ്പിക്കണം.

നിരീക്ഷണത്തിന്റെയും പഠനത്തിന്റെയും അടിസ്ഥാനത്തിൽ വിപണിയിൽ വിജയിക്കാവുന്ന ഒരു പദ്ധതി കണ്ടെത്തുക എന്നതാണ് പുതു സംരംഭകർ ചെയ്യേണ്ടത്. അത്തരം ഒരു പദ്ധതി യാഥാർത്ഥ്യബോധത്തോടെ നടപ്പാക്കാൻ കെഎഫ്സി സഹായിക്കും.

2. 6% പലിശയിൽ പത്തു കോടി രൂപ വരെ വായ്പ നൽകാൻ പദ്ധതിയുമായി കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ

ഒരു പുതിയ വായ്പാ പദ്ധതി കൂടി പ്രഖ്യാപിച്ചിരിക്കുകയാണ് കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ . കാർഷിക ഭക്ഷ്യ സംസ്കരണ സംരംഭങ്ങൾക്ക് 10 കോടി രൂപ വരെ 6% പലിശ നിരക്കിൽ വായ്പ അനുവദിക്കുന്നതാണ് പുതിയ പദ്ധതി.

( KFC Agrobased MSME Loan Scheme - KAMS) എന്നാണ് പുതിയ പദ്ധതിയുടെ പേര്.പലിശ 11 ശതമാനം ആണെങ്കിലും മൂന്ന് ശതമാനം പലിശ സബ്സിഡി സംസ്ഥാന സർക്കാരും രണ്ട് ശതമാനം കെഎഫ്സിയും നൽകും എന്നതിനാലാണ് 6% പലിശയ്ക്ക് വായ്പ ലഭ്യമാവുക.

## ആനുകൂല്യങ്ങൾ ഇങ്ങനെ

(1) പദ്ധതി ചെലവിന്റെ 90 ശതമാനം വരെ സമയ വായ്പ (Term Loan)ആയി അനുവദിക്കുന്നു.

(2) പ്രവർത്തന മൂലധന വായ്പ സമയ വായ്പയായും അല്ലാതെയും അനുവദിക്കുന്നതിനുള്ള സൗകര്യം നൽകിയിരിക്കുന്നു

(3) ഏറ്റവും കുറഞ്ഞ വായ്പാ തുക അഞ്ച് ലക്ഷം വരെ ആയിരിക്കും.

(4) പുതിയ എംഎസ് എം.ഇ കൾക്ക് ആണ് ഈ പദ്ധതി പ്രകാരം വായ്പ അനുവദിക്കുക. വിപുലീകരണത്തിന് ഇത് ലഭിക്കില്ല.

(5) മറ്റു ബാങ്കുകളിൽ ഉള്ള വായ്പകൾ ടേക്കോവർ ചെയ്യുന്നതിനുള്ള സൗകര്യം ഈ പദ്ധതിയിൽ ഉണ്ടാകില്ല

(6) ടേം ലോണിന് സംരംഭകന്റെ വിഹിതം 10% ആയി നിജപ്പെടുത്തിയിട്ടുണ്ട്.

(7) സമയ വായ്പയും പ്രവർത്തനമൂലധന വായ്പയും ചേർന്നുള്ള തുകയ്ക്ക് പരമാവധി 10 കോടി രൂപ വരെ 6% പലിശയിൽ വായ്പ ലഭ്യമാക്കും.




(8) പത്തു കോടിയിൽ കൂടുതലുള്ള പദ്ധതികൾക്കും ഈ സ്കീം പ്രകാരം വായ്പ ലഭിക്കും. എന്നാൽ പലിശ ഇളവുകൾ പത്തു കോടി വരെ മാത്രമേ അനുവദിക്കൂ.

(9) രണ്ടു വർഷത്തെ മൊറട്ടോറിയം ഉൾപ്പെടെ 10 വർഷം വരെ തിരിച്ചടവിന് കാലാവധി അനുവദിക്കും.

(10) ആവശ്യമെങ്കിൽ 50 ലക്ഷം രൂപ വരെ കൊലാറ്ററൽ ഫ്രീയായി ഈ പദ്ധതി പ്രകാരം വായ്പ അനുവദിക്കുന്നതിനുള്ള സൗകര്യം ഉണ്ട്.

(11) എന്റർപ്രണർ സപ്പോർട്ട് സ്കീം പോലുള്ള നിക്ഷേപ സബ്സിഡികൾക്ക് സംരംഭങ്ങളുടെ സ്വഭാവം അനുസരിച്ച് അർഹത ഉണ്ടാകും.

## പൗൾട്രി മുതൽ ഗോഡൗൺ വരെ

കാർഷിക ഭക്ഷണ മേഖലയിലെ നിർമ്മാണ സ്ഥാപനങ്ങൾക്കും സേവന സ്ഥാപനങ്ങൾക്കും പദ്ധതി ഉപയോഗപ്പെടുത്താം. മിക്കവാറും എല്ലാത്തരം പദ്ധതികൾക്കും തന്നെ ആനുകൂല്യം ലഭിക്കുന്ന തരത്തിലാണ് പദ്ധതി.

പഴം, പച്ചക്കറി, വിത്ത് സംസ്കരണം, ബേക്കറി ഉൽപ്പന്നങ്ങൾ, ചിപ്സുകൾ, കറി പൗഡറുകൾ, ധാന്യപ്പൊടികൾ, എണ്ണകൾ, സുഗന്ധവ്യഞ്ജനങ്ങൾ, കൂണുകൾ, സ്പൈസസ് ഓയിൽ, മൈദ പ്ലാന്റ്, മത്സ്യം/ മാംസം / പാൽ ഉൽപ്പന്നങ്ങൾ, ജൂട്ട്/ ബാംബൂ ഉൽപ്പന്നങ്ങൾ, സ്റ്റോറേജ്, പൗൾട്രി, പൗൾട്രി അനുബന്ധ സ്ഥാപനങ്ങൾ, ചായ /കാപ്പി സംസ കരണം തുടങ്ങിയ കാർഷിക- ഭക്ഷ്യ സംസ്കരണ സംരംഭങ്ങൾക്ക് ഈ പദ്ധതി പ്രയോജനപ്പെടുത്താം.

## ഓൺലൈൻ വഴി അപേക്ഷ.

ഓൺലൈൻ വഴി രജിസ്റ്റർ ചെയ്യുകയാണ് സംരംഭകർ പ്രാഥമികമായി ചെയ്യേണ്ടത്. (kfc.org) അപേക്ഷകന്റെ ക്രെഡിറ്റ് സ്കോർ മികച്ചതായിരിക്കണം. സിബിൽ സ്കോർ 650 ൽ കുറയരുത്. ജില്ലാ / ബ്രാഞ്ച് ഓഫീസുകളുമായി ബന്ധപ്പെട്ടാൽ കൂടുതൽ വിവരങ്ങൾ അറിയാൻ കഴിയും

കാർഷിക / ഭക്ഷ്യ സംരംഭങ്ങൾ ഏറെ സാധ്യതയുള്ള സൂക്ഷ്മ ചെറുകിട വ്യവസായ മേഖലയാണ്. അതിന്റെ വളർച്ചയ്ക്ക് മുതൽക്കൂട്ടാക്കുന്ന മികച്ച ഒരു വായ്പാ പദ്ധതിയാണ് കാംസ്.

(സംസ്ഥാന വ്യവസായ വാണിജ്യവകുപ്പ് മുൻ ഡെപ്യൂട്ടി ഡയറക്ടറാണ് ലേഖകൻ)

Volume 56 Issue 7
April 2024

Vyavasaya Keralam
MONTHLY

₹ 30
Date of publication-
16th April 2024

# വ്യവസായ വാണിജ്യ മേഖലയിലെ സ്പന്ദനങ്ങളറിയാൻ




## പരസ്യനിരക്ക്

| | കളർ | ബ്ലാക്ക് & വൈറ്റ് |
|---|---|---|
| ബാക്ക് കവർ | 15,000 രൂപ | |
| ഫ്രണ്ട് കവർ ഇൻസൈഡ് | 10,000 രൂപ | |
| ബാക്ക് കവർ ഇൻസൈഡ് | 9,000 രൂപ | |
| ഇൻസൈഡ് ഫുൾപേജ് | 8,000 രൂപ | 5,000 രൂപ |
| ഇൻസൈഡ് ഹാഫ്പേജ് | 4,000 രൂപ | 2,500 രൂപ |
| ഇൻസൈഡ് ക്വാർട്ടർപേജ് | 2,500 രൂപ | 1,500 രൂപ |

"K-Bip, Vyavasayakeralam" എന്ന പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡി.ഡി/ചെക്ക് ആയി പരസ്യത്തിന്റെ ചാർജും നിങ്ങളുടെ വാർഷിക വരിസംഖ്യയും അയക്കേണ്ട വിലാസം

നിങ്ങളുടെ ഉത്പന്നമോ സേവനമോ യഥാർത്ഥ ആവശ്യക്കാർക്കിടയിൽ കുറഞ്ഞ ചെലവിൽ പരസ്യപ്പെടുത്താൻ ഏറ്റവും യോജിച്ച മാസിക
**വ്യവസായ കേരളം**

**എഡിറ്റർ**
വ്യവസായകേരളം
ഡോക്യുമെന്റേഷൻ സെന്റർ
ഡി.ഐ.സി. ബിൽഡിങ്, വെള്ളയമ്പലം
തിരുവനന്തപുരം - 695 033
ഫോൺ: 6238302158

Email: vyavasayakeralam@gmail.com

വാർഷിക വരിസംഖ്യ 300 രൂപ
ഒറ്റപ്രതി 30 രൂപ

VYAVASAYA KERALAM
വ്യവസായ കേരളം
സംസ്ഥാന വ്യവസായവാണിജ്യ വകുപ്പ് പ്രസിദ്ധീകരണം

Printed and published by the Kerala Bureau of Industrial Promotion (K-Bip)
on behalf of the Director of Industries & Commerce, Govt. of Kerala, Vikasbhavan, Thiruvananthapuram.
and printed atAkshara Offset, Vanchiyoor, Thiruvananthapuram. Ph.0471 2471174. and published at Thiruvananthapuram
Editor : Biju P.B.